രാജ്ഞി:—നല്ല കാരണംതന്നെ. അമ്മാമനെ ഇങ്ങനെ ദുഷിക്കാതിരിക്കണം. കടുകോളം അംശം ശേഷിച്ചിട്ടുണ്ടെങ്കിൽ അതും നശിപ്പിക്കാനാണു അവിടുത്തെ പുറപ്പാട്.

കോ: ത:—(നിറുക തൊട്ടുകാണിച്ചുകൊണ്ട്) എന്റെ അനുഭവമെല്ലാം ഇത്രയും വട്ടത്തിൽ വിവരിച്ചിട്ടുണ്ട്. ഇതു പറഞ്ഞതുകൊണ്ട് അതു നീങ്ങിപ്പോകുകയില്ല.

രാജ്ഞി:—അവിടുന്നു രണ്ടും കല്പിച്ചുതുടങ്ങിയിരിക്കുകയാണു? എന്നെക്കൊണ്ടു എന്തു കഴിയും?

കോ: ത—എന്റെ ചുമടുചുമക്കാൻ ഞാൻതന്നെ വേണം. അവിടുത്തെ വ്രതം മുടങ്ങാതെ നടത്തിക്കൊള്ളുക. അതേ അവിടുന്നു ചെയ്യേണ്ടതായിട്ടുള്ളു. കേരളത്തിലെ സ്ത്രീകൾ അവിടുത്തെ പതിഭക്തിനിഷ്ഠയെ കണ്ടു പഠിക്കേണ്ടവരാണു്. എന്നാൽ ചില അസത്തുക്കൾ, ദുരഭിമാനംകൊണ്ടോ മറ്റോ അവിടുത്തെ അവഗണിച്ചു പുരാണനായികകൾക്കു പ്രാധാന്യം കല്പിച്ചുവരുന്നു. എന്റെ മുദ്രയോടുകൂടി ഈ ശ്ലോകം കോപ്പിയക്കു സമർപ്പിക്കാം. അറിയുന്നവർ അറിയട്ടെ.

"പാതിവ്രത്യംപരമയി! പയോജാക്ഷി! യന്നാട്ടിലെസ്ത്രീ-
ജാതിക്കില്ലെന്നൊരുപഴിചിരംജാതമായുള്ളതിപ്പോൾ
നീതിക്കൊക്കുംനിജനടപടിച്ചെയ്തിയാൽനീക്കിനീതാൻ
ഖ്യാതിക്കേറ്റംപതിമതി! മഹാരാജ്ഞിപാത്രീഭവിക്കും."

രാജ്ഞി:—ഭർത്താവു ഭാര്യയെ സ്തുതിച്ചാൽ അർത്ഥമില്ല.

കോ: ത—അവിടുത്തെ ഭർത്തൃഭക്തി കൊണ്ടാടുവാൻ ജനങ്ങളുണ്ടെങ്കിലും അറിഞ്ഞനുഭവിക്കുന്നതു ഞാനല്ലേ?

രാജ്ഞി:—അതെല്ലാംപോകട്ടെ, എന്നോട് ഈർഷ്യ നടിച്ചതെന്തിനാണു്?

കോ: ത—ഇതുപോലെ സന്ദർഭം ലഭിക്കാത്തതുകൊണ്ടുതന്നെ.

രാജ്ഞി—നീഡജത്തെ വെടിവെച്ചതു സന്ദർഭം നിർമ്മിക്കാനാണോ? രാധാകൃഷ്ണന്മാരുടെ കലഹത്തിൽ എനിയ്ക്കത്രയ്ക്കു രുചിയുള്ളു.

കോ: ത—പക്ഷിയെ വെടിവച്ചതു് അതുകൊണ്ടൊന്നുമല്ല. വേട്ടയിലുള്ള ഭ്രമംകൊണ്ടു് അകസ്മാൽ അങ്ങനെ സംഭവിച്ചുവെന്നു പറഞ്ഞാൽ മതി.

രാജ്ഞി—അതിൽ പിന്നെ പതിനഞ്ചു ദിവസം ജ്വരം പിടിപെട്ടു ഞാൻ കിടന്നതും 'അകസ്മാൽ' എന്നു പറഞ്ഞുകൊള്ളുക.

കോ: ത—എന്റെ അവിവേകം കൊണ്ടുണ്ടായതൊക്കെ ക്ഷമിക്കുക. ഇനി അപ്രകാരം ഒരു സാഹസത്തിനു സന്ദർഭം വരുമെന്നു തോന്നുന്നില്ല. എന്റെ കഷ്ടം അവസാനിക്കാറായില്ലേ?

രാജ്ഞി—വിഡ്ഢിത്തം പറയാതിരിക്കുക. ചെവി പിടിച്ചു തിരുമ്മിക്കളയും. പ്രായശ്ചിത്തമായി ശവകുടീരലിഖിതം നിർമ്മിക്കുക.

കോ. ത—സ്മാരകം എഴുതിക്കൊള്ളുക.

"ലീലാരണ്യവിഹഗമൃഗയാലോലനായേകദാ ഞാൻ
നീലാപാംഗെ! കമപി നിഹനിച്ചിടിനേൻ നീഡജത്തെ
മാലെന്നാരാൽ മമ വ്യഥിണയെക്കണ്ടു നീ താം ച നേത്രം
കാലാഗാരം സപദി കൃപയാ കാതരേ! ചൊല്ലിയില്ലേ?"

രാജ്ഞി—ഇതു വളരെ നന്നായി. എന്റെ ദുഃഖം ആ സമയത്ത് അത്രയ്ക്കുണ്ടായിരുന്നു.

കോ: ത—ഇപ്പോഴും അവിടുത്തേക്കു തൃപ്തിയായോ?

രാജ്ഞി—വന്നു. എങ്കിലും അവിടുത്തെ ക്രൂരതയോർക്കുമ്പോൾ ഇപ്പോഴും നടുങ്ങുന്നുണ്ട്.

കോ: ത—എന്തുചെയ്യാം? എന്റെ സ്വഭാവഗുണം മാറ്റാൻ കഴിയുമോ?

രാജ്ഞി—അമ്മാമനു ദ്വേഷ്യം തോന്നുവാൻ കാരണമെന്താണ്? എന്നോടു സത്യം പറയൂ.

കോ: ത—ഞാൻ എന്തൊരപരാധം ചെയ്തു? അവിടുത്തേക്കറിഞ്ഞുകൂടേ?

രാജ്ഞി—ഇയ്യിടെ അവിടുന്നു പലതും ഞാനറിയാതെ മറച്ചുവച്ചിട്ടുണ്ട്? പറയുകയില്ലേ? എന്നെ സംശയിക്കുന്നതെന്ത്?

കോ: ത—അവിടുത്തേക്കാണു സംശയം. ഞാൻ പരമാർത്ഥിയാണെന്നു സത്യം ചെയ്യാം. എന്നാലും അവിടുന്നു വിശ്വസിക്കുമെന്നു തോന്നുന്നില്ല. "പൂച്ചയ്ക്കൊരു വിളയാട്ടം മൂഷികനു ജീവിതമായൊരു ബന്ധം" എന്നാണ് എന്റെ ഇപ്പോഴത്തെ അവസ്ഥ. അവിടുന്നും എന്നെ ഈ സമയത്തു കൈവെടിയുകയാണെങ്കിൽ ചെയ്തുകൊള്ളുക.

രാജ്ഞി—ഞാൻ പറയുന്നതിനൊക്കെ അവിടുത്തേക്കു പരിഭവമേയുള്ളൂ. അതുകൊണ്ട് അവിടുത്തെയോടു വാദിക്കുവാൻ ഞാൻ

പുറപ്പെടുന്നില്ല. അവിടുന്നു നിർദ്ദോഷിയാണെന്നു ഞാനും മററുള്ളവരും സമ്മതിച്ചു. എങ്ങനെയോ ദൌർഭാഗ്യവശാൽ അമ്മാമന് അവിടത്തെ പേരിൽ മാറാത്തതായ കോപവും തോന്നിക്കഴിഞ്ഞു. ഇനി കർത്തവ്യമെന്താണെന്നാലോചിക്കുന്നതാണു നമുക്കുചിതം.

കോ: ത—അവിടുന്ന് ഏതെങ്കിലും ഉപശാന്തി കണ്ടിട്ടുണ്ടോ?

രാജ്ഞി—ഒഴിവ് അമ്മാമൻതന്നെ കണ്ടിട്ടുണ്ട്.

കോ:—എന്താണു്?

രാജ്ഞി—മഹാരാജാവിന്റെ നാണയം വഴിപോലെ ഗ്രഹിച്ചു അവിടുന്നു കപ്പം കൊടുത്താൽ സ്വാതന്ത്ര്യഭംഗം വരുത്തുകയില്ലെന്നാണു അമ്മാമന്റെ പോർവിളി. എന്നെ സ്നേഹമുണ്ടെങ്കിൽ അവിടുന്നു അതു ചെയ്യാതിരിക്കയില്ല. ചെയ്യാമെന്നു പറയുക. വളരെ നിസ്സാരമാണു്.

കോ: ത—'എട്ടു കാശ്! മുടക്കണം' എന്നു പറഞ്ഞതുവരെ അതു വളരെ നിസ്സാരമായിരുന്നു. പക്ഷേ, കാതിൽ കേട്ടവന്റെ അവസ്ഥ എന്തായിരുന്നു? അതുകൊണ്ടു കാര്യം അറിയുന്നതിനു മുമ്പു് ഞാൻ വാക്കുതരികയില്ല. വിവരം പറയുക.

രാജ്ഞി:—തേവാരത്തുകോയിക്കലെ ഈ നിർഭാഗ്യയായ പെണ്ണിനോട് അവിടത്തേക്കു ബാദ്ധ്യതയില്ലെന്നു് ഒരു വാക്കു് അമ്മാമന്റെ മുമ്പിൽ നിന്നു — മൂളിയാൽ മതി! അവിടുത്തെ രക്ഷയ്ക്കായിട്ടല്ലേ? ചെയ്തുകൊള്ളുക. എനിക്കു സമ്മതമാണു്. നമ്മളെ കൂട്ടിക്കെട്ടിയിരിക്കുന്ന കനകച്ചങ്ങലയുടെ ശോഭ മങ്ങിയെങ്കിൽ പോകട്ടെ. എന്റെ പ്രാണനാഥനായ അവിടുത്തേക്കു് ആത്മരക്ഷയുണ്ടായെന്നു സമാധാനപ്പെടാമല്ലോ.

കോയിത്തമ്പുരാൻ എണീററു നിന്നു രാജ്ഞിയെ ഒരു നിമിഷം തുറിച്ചു നോക്കി. "വിദ്യുൽപരിപ്രെരവനിർഘോഷസന്നിഭ"മായ അന്തർദ്ധ്വനി ഏതാണ്ടു് പിളർന്നു മേല്പോട്ടുയർന്നു. ഞെട്ടിയ കണ്ഠനാളത്തിൽ തിങ്ങിവിങ്ങി ഘർഘരശബ്ദമായി വെളിയിലേക്കു പ്രവഹിച്ചുകൊണ്ടിരിക്കുമ്പോഴും ശക്തിക്ഷയത്താൽ തറയിൽ പതിച്ചു. മഹാരാജ്ഞിയുടെ ശുശ്രൂഷാസൌഖ്യത്തിൽ വളരെ നേരംകൊണ്ടു കോയിപ്പണ്ടാലയ്ക്കു സ്വബോധത്തോടുകൂടി സംസാരിക്കാറായി.

കോ: ത—മഹാരാജ്ഞിയുടെ മന്ദ്രധ്വനി കേട്ടാൽ കോയിപ്പണ്ടാലയുടെ മൃതശരീരം ആരോഗ്യസൌഖ്യത്തോടുകൂടി ചൈതന്യം വഹിക്കുന്നതാണു്. അങ്ങനെയുള്ള മഹാരാജ്ഞിയെ എ

ന്റെതല്ലെന്ന സ്വപ്നം കണ്ടാലും ഉടനെ എന്റെ പ്രാണഹാനിയാണ്.

രാജ്ഞി—അവിടുന്ന് ഇത്രത്തോളം ശൌര്യം കാണിക്കുമെന്നറിഞ്ഞെങ്കിൽ ഞാൻ ഈ സംഗതി പറയുകയില്ലായിരുന്നു. അവിടുത്തെ കൃശബുദ്ധി ആലോചിക്കുമ്പോൾ ഞാൻ വളരെ ഖേദമാണ്. എന്നോട്ട് അമ്മാമൻ എന്തെല്ലാം കഠിനവാക്കുകൾ പറഞ്ഞിട്ടുണ്ട്. ശരിയായ ഉത്തരം ഉടനടൻ കൊടുത്തുംകൊണ്ട് എന്റെ നിലയിൽ നിന്നു് അവിടുന്നു കണ്ടിരുന്നുവെങ്കിൽ അവിടുന്നിങ്ങനെ ധൈര്യക്കുറവു കാണിക്കുമോ? പുരുഷന്മാർ അന്തസ്സാരം വെടിയാമോ? ഇതു നോക്കുമ്പോൾ പെണ്ണുങ്ങളെത്ര ഭേദം.

കോ: ത—

"ധീരത്വത്താലനതിശയിതേ! പൂരുഷന്മാരുമന്ത-
സ്സാരത്താൽ നിൻനഖശതകലയ്ക്കൊപ്പമാരിലില്ല
ന്നേരത്രേഞാൻനിരുപമഗുണേ! നിന്റെധൈര്യത്തെയാണി-
ന്നേരത്തോർക്കുന്നതു ദൃഢതരാലംബമായംബുജാക്ഷി!"

ഇങ്ങനെയൊരു സാക്ഷ്യപത്രം തരുവാനേ അല്പനായ എന്നെക്കൊണ്ടു സാധിക്കുകയുള്ളൂ.

രാജ്ഞി—ഇതല്ലെങ്കിൽ ഇനിയൊരു സംഗതിയും അമ്മാമൻ അവിടുത്തോടാവശ്യപ്പെട്ടിട്ടുണ്ട്. എനിക്കുവേണ്ടി അതെങ്കിലും ചെയ്യുമോ?

കോ: ത—പറയുക തന്നെ.

രാജ്ഞി—അവിടുത്തെ പത്രലേഖനങ്ങൾ കുറയ്ക്കണം, വടക്കേക്കൊട്ടാരത്തിനോട്ട് ഇപ്പോഴുള്ള പ്രതിപത്തി അല്പം നിവൃത്തി വയ്ക്കണം.

കോ: ത—"ഭർത്തൃപിണ്ഡത്തിൻ പ്രതിക്രിയയെ ചെയ്കെന്നതും ഭൃത്യനാമവൻ പ്രാണൻപോലെ വാളമെന്നുണ്ടല്ലോ."

ഇതു ഞാൻ ഒരിക്കലും ചെയ്കയില്ല. ഇങ്ങനെ അടിയറ വയ്ക്കുന്നതു് എന്റെ ക്ഷത്രിയപൌരുഷത്തിനു ചേരാത്തതാണ്.

രാജ്ഞി—അമ്മാമന് അഹിതമുള്ളതു തീർത്തുവിടേണ്ടതു് അവിടുത്തെ ചുമതലയല്ലേ?

കോ: ത—ഏഷണിഗാനത്തിൽ ലയിച്ചിരിക്കുമ്പോൾ ശേഷംപേരെ അനാദരിക്കുന്നതു സഹജമല്ലേ? ദ്വിജിഹ്വന്മാരെ മഹാരാജാവു വേണ്ട അമർച്ച ചെയ്യാൻ? അതല്ലാതെ കോയിപ്പണ്ടാലയെ അലട്ടിക്കൊണ്ടിരുന്നാൽ ഫലമുണ്ടോ? അങ്ങനെയിരിക്കട്ടെ. ഒരുകാലത്തു രാജരഹസ്യം പരസ്യമാകാതിരിക്കുമോ? ചരിത്രകാര

ന്മാരുടെ കണ്ണു മറയ്ക്കുവാൻ എത്ര രാജാക്കന്മാർ ചേർന്നാലും പാറ്റുകയില്ല.

രാജ്ഞി—യുവരാജാവും അവിടുന്നുമായി എന്താണ് എഴുത്തുകുത്തുകൾ നടക്കുന്നതു ?

കോ: ത—മഹാരാജാവു് എന്നെ സംബന്ധിച്ചു് എന്താണ് എഴുതിക്കുത്തുന്നതു് ?

രാജ്ഞി—അതു സർക്കാർ രഹസ്യമായിരിക്കാം. നമുക്കു ചോദിപ്പാനവകാശമുണ്ടോ?

കോ: ത—"നിങ്ങൾക്കു രാജാവു കംസനെന്നാകിലോ

ഞങ്ങൾക്കുരാജാവു ഞങ്ങൾതന്നെ" ഇതു കോയിപ്പണ്ടാലയുടെ രഹസ്യം. ഒരുത്തർക്കും ചോദിപ്പാൻ അവകാശമില്ല. ഈശ്വരൻ അറിയട്ടെ.

രാജ്ഞി—ഇങ്ങനെയാണെങ്കിൽ അവിടുത്തെയോടു ഗുണദോഷിപ്പാൻ ഞാൻ ആളല്ല. 'അഹിമ'ത്തിനു മൃഷ്ടാന്നഭോജനമായി.

കോ: ത—ഗുണദോഷം കേൾക്കാനും പറവാനുമുള്ള കാലമെല്ലാം കഴിഞ്ഞുപോയി. അവിടുന്നു എനിക്കുവേണ്ടി ഒന്നും ചെയ്യണമെന്നു ആവശ്യപ്പെടുന്നില്ല.

രാജ്ഞി—ഇവിടുത്തേക്കു അസഹ്യമായ വേറെ ഒരു ഫലം കൂടി ഉണ്ടാകാൻ പോകുന്നു.

കോ: ത—ഉം! മാസികയിൽ കണ്ടതാണോ? അതു് എനിക്കു വിശ്വസിപ്പാൻ ന്യായമുണ്ടോ?

രാജ്ഞി—എന്റെ മേൽ കല്ലു കയററുന്നതോർത്താൽ "രക്ഷകന്റെ" ഉദ്യമം സഫലമായേക്കാം

കോ: ത—ലീലാരണ്യത്തിൽവച്ചു നേരംപോക്കു പറഞ്ഞതു പ്രവർത്തിപ്പാൻ ഭാവമുണ്ടോ?

രാജ്ഞി—അതാമെന്നെ അനുസരിക്കണമല്ലോ.

കോ. ത—പിന്നെയും എന്നെ അലട്ടിത്തുടങ്ങുകയാണോ?

രാജ്ഞി—ഇതുവരെയും അമ്മാമനപ്രിയമില്ലാതെ എന്റെ കാര്യം സാധിച്ചുകൊണ്ടാണു വന്നതു്. എങ്കിലും ജയക്കൊടി പറപ്പിക്കാൻ സമയമായില്ല.

കോ: ത—ഞാൻ ഇപ്പോഴെ ഒരു സാക്ഷ്യപത്രം തന്നാൽ അതു സഫലമാക്കുമോ?

രാജ്ഞി—കേൾക്കട്ടെ.

കോ: ത—

“നിഷ്ഠാരുണ്യംന്നരപരിവൃഢൻതന്വി! തേസന്നിദ്ധേർമ്മാം
നിഷ്ഠാസിച്ചിട്ടതികഠിനമായ് ച്ചെയ്ക നിർബന്ധമെല്ലാം
നിഷ്കാല്യേഷ്യ! ധൃതിയൊട്ടതട്ടത്തോരു നിന്നോട്ടുല്യം
നിഷ്കാപട്യാ പതിഹിതകരി! നാരിയിപ്പാരിലുണ്ടോ?”

ആയില്യംതിരുനാളിൻെറ കഠിനകണ്ഠകത്വം ഇവിടത്തെതോല്പിക്കുമോ?

രാജ്ഞി—എന്തോ? അമ്മാമൻ നിശ്ചയിച്ച കാര്യം നടത്താതെ പിൻവലിക്കുന്ന ആളല്ല. അങ്ങനെയുള്ള ശൂരനോട്ട അശക്തയായ സ്ത്രീ യുദ്ധത്തിന്ന പുറപ്പെട്ടാൽ - കലാശം എങ്ങനെയോ?

കോ: ത—അവിടത്തെ മുഖം നല്ലവണ്ണം കാണട്ടെ.

രാജ്ഞി—കാണിപ്പാൻ മനസ്സില്ല.

കോ: ത—(ആത്മഗതം)

“തങ്കത്താർതൻ തതിലളിതമാം ഭന്തശില്പോല്ലസൽ പ-
ല്യങ്കത്തിന്മേൽ പരിചൊടുപവേശിച്ച പങ്കേരുഹാക്ഷിം
അങ്കത്തിൽചേർത്തനുകന്നകമ്പിച്ച ബാലാമന്നച്ച-
ക്കൊങ്കത്തട്ടേത്തഴുകമഴകം തത്രകാണേണ്ടതത്രേ.”

ഗോമേവമ്മാ! ഈ ഭാഗ്യം തനിക്കാണെങ്കിൽ അനുഭാവിച്ചുകൊള്ളുക.

(പ്രകാശം) അവിടുന്ന മഞ്ചത്തിൽ പള്ളികൊള്ളണം. ഞാൻ മണ്ണിലുമാവാം. കോയിപ്പണ്ടാല ഇരട്ടക്കരശ്ശു ചുമക്കട്ടെ! “ഭഗവമേ! അവർ ചെയ്യുന്നതെന്തെന്ന് അവക്കറിഞ്ഞുകൂടാ. അവരുടെ കുററം ക്ഷമിക്കേണമേ!” ഇപ്രകാരം യേശുമിശിഹായുടെ അന്ത്യപ്രാത്ഥന ആവത്തിച്ചുകൊണ്ട കേരളവർമ്മ തിരോധാനം ചെയ്യട്ടെ!

അദ്ധ്യായം ൫.

കല്യാണസൌഗന്ധികം.

മൂന്നംകിന്നരസൈന്യവ്യൂഹമഖിലം താഡിച്ചവാതാത്മജൻ
തന്നംഗംമുഴവൻലഭിച്ചവിരുതൻ കാര്യസ്ഥനാംശങ്കരൻ
ഉന്നംനോക്കിയകത്തുപുക്കതരസാ കൈക്കൊണ്ടുക്രൌര്യോത്തമ-
ച്ഛന്നംഭാസുരപൂതഹേമകുസുമം കല്യാണസൌഗന്ധികം.

ഗോദവർമ്മൻ തന്റെ ശ്രീനാഥൻതമ്പിയുടെ വരവിനെ കാത്തുകൊണ്ടിരിക്കുന്നു. ചിത്രദേവിയമ്മ തക്ഷകസംഘശാലയിൽ പരിശോധനകൾ നടത്തുന്നു. ചെമ്പകൻ വൃദ്ധയെ ശുശ്രൂഷിക്കുന്നു. അച്യുതൻനമ്പൂതിരി നിലവറക്കുഴിയിൽ യോഗാഭ്യാസം ചെയ്യുന്നു. ജാനകിക്കുട്ടിയാകട്ടെ അങ്ങത്തെ സൂര്യോദയം മെത്തയിൽ നാലു കാലുംപരത്തി സ്വപ്നാവസ്ഥയിൽ കിടക്കുന്നു. പാപ്പൻപിള്ള കാവൽ നില്ക്കുന്നു.

ഇരവിയൻതമ്പിയോ? പെൺകുട്ടിയുടെ കഷ്ടാവസ്ഥയിൽ കുലുക്കമോ പശ്ചാത്താപമോ അയാൾക്കു കാണ്മാനില്ല: "ചെന്തൊണ്ടിവായ് മലരും പന്തൊക്കും മുലകളും ചന്തമേറീടും തുടകളും പൂമാസ്വദിക്കുന്നതിനു" കാലവിളംബം സംഭവിക്കുന്നല്ലോ എന്നുള്ള മനോവേദനയും "ചെന്താർബാണാർത്തികൊണ്ടു സന്താപം മുഴുക്കയാൽ" ശരീരത്തിനുള്ള ക്ഷീണവും അല്ലാതെ തമ്പിഅങ്ങത്തെ പീഡിപ്പിക്കുന്നതിനു ഇതരകാരണങ്ങൾ ഉണ്ടായിരുന്നില്ല.

കുലസ്ത്രീവംശാന്തകൻ! വേശ്യാജനപ്രാണനാഥൻ! ഏഷണിക്കലേശപരൻ! പരവഞ്ചനധുരന്ധരൻ! ഇരവിയൻതമ്പിയുടെ വിവരണം പൂർത്തിയായി. വിഭോന്ന വയസ്സ് ഇരുപത്തഞ്ചിനപ്പുറമില്ല. എന്നാൽ അൻപതിന്റെ പക്വതയുണ്ട്. ഒരു കാലത്തു പൂവൻപഴംപോലെയിരുന്ന ദേഹം ഇപ്പോൾ പഴുത്തുണങ്ങിയ പാണ്ടൻമത്തങ്ങയുടെ നിറം പൂണ്ടിരിക്കുന്നു. ഈ പാകം വരുവാൻ അങ്ങുന്നു സേവിച്ച ഔഷധം അമിതഭോഗമാണ്. ജരാനര വേണ്ടതിലധികം യയാതി സമ്മാനിച്ചിട്ടുണ്ട്. മുഖക്കുരു ധാരാളം. മുഖത്തും ദേഹത്തും പുഴുക്കടിയും കരിവാളിപ്പും സുലഭം. പാണ്ഡുവിന്റെ ഉദയകിരണങ്ങളാൽ അധരോഷ്ഠങ്ങൾ ശോഭായമാനം. നേത്രങ്ങൾ രക്തവർണ്ണം. ലലാടം ക്ഷേത്രഗണിതരേഖാ. മൂക്കിൽ എപ്പോഴും ജലദോഷം. ചെവി രണ്ടിലും പഞ്ഞിയടച്ചിട്ടുണ്ട്. ചിരിക്കുമ്പോൾ വെള്ളത്തിൽ ഓളംപോലെ പരക്കുന്ന ഞൊറിവുകളും പിരിവുകളും ക്രൗര്യഗൗരവസ്ഫുരണങ്ങളാണു്. കോഡറിന്റെ ഔഷധം അങ്ങത്തെ ശരീരപുഷ്ടിക്കു് ഒട്ടധികം സഹായിച്ചിട്ടുണ്ട്. സമുദ്രത്തിൽ തിര പൊങ്ങുംപോലെ അദ്ദേഹം നിരന്തരം വണ്ണം വയ്ക്കുന്നു. കുടവയറും മലപോലെ. പാറയിൽ ചെരട്ടയിട്ടുരച്ചാലുണ്ടാകുന്ന ശബ്ദമാധുര്യം അങ്ങേത്തേക്കു നിസർഗ്ഗസിദ്ധം. അരയിൽ പൊന്നരഞ്ഞാണം; കാതിൽ വജ്റക്കടുക്കൻ; വിരലുനിറച്ചു മോതിരങ്ങൾ; കൈയിൽ സ്വർണ്ണ ഘടികാരം, ഇതുകളാണു ചെപ്പമ്മ പൊന്നമ്മ തുടങ്ങിയ തരുണീമണികളുടെ ആകർഷണസൂചികൾ. തമ്പിയങ്ങത്തെ അംഗസൗന്ദര്യം വർണ്ണിക്കുന്നതിനു സാമ

ർത്ഥ്യക്കുട്ടികൾ ചെല്ലമ്മ പൊന്നമ്മ പ്രഭൃതികളായ അമ്പാടിജനങ്ങളാകയാൽ കൂടുതൽ വിവരം അറിയേണ്ടുന്നവർ അവരുടെ ഭാഷ പരിശീലിച്ചുകൊള്ളട്ടെ.

അങ്ങേത്തേക്ക് ഇംഗ്ലീഷു കുറച്ചു വശമാണ്. സമയമുള്ളപ്പോൾ നോവലുകൾ വായിച്ചു രസിക്കാറുണ്ടു. അദ്ദേഹത്തിനു സുഭലമായ ഭാഷ ഇംഗ്ലീഷും മലയാളവും മാറ്റുമല്ല, അനംഗനാഗരിയിലേതാണ്. മാതൃഭാഷയിൽ നല്ല പാണ്ഡിത്യമുണ്ട്. മന്മഥസാഹിത്യചക്രവാളത്തിൽ ഉദിച്ചുയൎന്നിട്ടുള്ള നക്ഷത്രം അങ്ങുന്നൊരുവനേയുള്ളു. പ്രസംഗം, അഭിനയം, പാഠകം, സംഗീതം ഇത്യാദി സാഹിത്യപ്രകടനങ്ങളിൽ അങ്ങുന്നു അദ്വിതീയൻതന്നെ. അങ്ങേത്തെ മുരളീനാദം കേട്ട് അനംഗശൂലം പ്രാപിക്കുവാൻ പായുന്ന ചെല്ലമ്മയക്കനാദി ഭാസിനീമൂഹത്തോടു പണ്ടു യമുനാതീരത്തിലേക്കു പരിഭ്രമിച്ചോടിയ ഗോപീജനം പരിഷ്കാരപദ്ധതികൾ പലതും കണ്ടുപഠിക്കാനുണ്ട്.

അങ്ങുന്നു മുണ്ടുമാറി മദനബാണാന്ധനായി ജാനകിക്കുട്ടിയുടെ ശയനതലത്തിൽ പ്രവേശിച്ചു. അചേതനാവസ്ഥയിലാണെങ്കിലും ആ വാടിയ മുഖപത്മത്തിന്റെ പരിമളം ആസ്വാദിച്ചയുടനെ അങ്ങേത്തെ ഹൃദയം കുതിച്ചുതുടങ്ങി. കട്ടിലിനടുത്തു നിന്നുകൊണ്ടു ശവപ്രായമായിക്കിടക്കുന്ന പാവനവിഗ്രഹത്തെ ആപാദചൂഡം പിന്നെയും പിന്നെയും നോക്കി ഒരു വിധം നയനസാഫല്യം വരുത്തി. കുട്ടിയെ തൊടുന്നതിന് ഏതോ അഗോചരമായ പ്രതികൂലശക്തി സമ്മതിച്ചില്ല. അതിനാൽ സമയം കളയാതെ വിരുന്നിനു വേണ്ടുന്ന ഏൎപ്പാടുകൾ ചെയ്യണമെന്നു കരുതി പപ്പൻപിള്ളയ്ക്കു് ഇപ്രകാരം ചീട്ടു കൊടുത്തു.

തമ്പി—പപ്പുട്ടി! ജാനകിയെ ഞാൻ നോക്കിക്കൊള്ളാം. ശീവേലി എല്ലാകഴിശേഷം പുറക്കി എഴുന്നള്ളിക്കാറായി. നീ ഉടനേപോയി ചെല്ലം പൊന്നു തുടങ്ങി പത്തെണ്ണത്തിനെ വിരുന്നിനു ക്ഷണിക്കണം. വരുവാൻ താമസിക്കരുതെന്നും പറയണം. ഇതു നിന്റെ ഒന്നാമത്തെ ജോലി.

രണ്ടാമതു; മുതൽപ്പേർ അച്യുതൻപിള്ള വേഗത്തിൽ വരുവാൻ പറയണം. കാൎയ്യം ചോദിച്ചാൽ ഗോദവൎമ്മന്റെ അരങ്ങേറ്റം എന്നു പറ.

മൂന്നാമതു; സുബ്ബയ്യന്റെ കടയിൽപോയി—ചെലവുനോക്കാനില്ല—പലഹാരങ്ങൾ ഉള്ളടത്തോളം കണ്ണടച്ചു തുറക്കുന്നതിനു മുമ്പു മേശയിൽ നിരക്കണം.

നാലാമത്തു്; പുതിയ ആരണിയിൽ കസവുതരങ്ങൾ, മധുരപ്പട്ടുകൾ, കാഞ്ചീപുരം സാരികൾ ഇരുപതിരുപത്തഞ്ചു ബനാറീസുകളും മറക്കരുതു് കാശ്മീരം സാൽവകൾ, അഞ്ചാറു എഴുനൂററിമൂന്നു മൽമൽകുത്തുകൾ—അയാൾ കൈമടക്കുന്നവനാണു്. അതുകൊണ്ടു പ്രത്യേകം പറയണം. ഒന്നു കുറഞ്ഞുപോയാൽ പട്ടരുടെ പല്ലു മുപ്പത്തിരണ്ടിനു മുപ്പത്തിമൂന്നും അടിവയററിലാണെന്നു് ഓർമ്മിപ്പിക്കണം—ഇത്രയും എടുത്തുകൊണ്ടു ഞൊടിനേരത്തിൽ അയ്യാവയ്യൻ ഹാജരാകണമെന്നു ഉത്തരവുകൊടുക്കണം.

അഞ്ചാമത്തു്; കോഡഡറിന്റെ ഷാപ്പിൽനിന്നു പലതരത്തിലായി അൻപതു കുപ്പികളും ബിസ്കറുപെട്ടികളും ചാക്കലേററുകളും പട്ടിലർ സഹിതം പറന്നെത്തണം.

ആറാമത്തു്; തെററിപ്പോയി, വരട്ടെ, സോഡാക്കുപ്പികൾ നൂറു്, ഒരുതുലാം ഐസ്കട്ടി കൂടിചേർത്തോ. ഓർമ്മയിരിക്കണം. കേട്ടോ.?

ആറാമത്തു്; ചാലക്കടകളിൽപോയി അവിടെയുള്ളതും ഇല്ലാത്തതുമായ ഹാരങ്ങൾ, പുഷ്പങ്ങൾ, ചന്ദനം, പനിനീരു, പുകയുന്നവത്തിലൊരഞ്ചാറു് ഇത്രയും നീതന്നെ ഈ നിമിഷത്തിൽ കൊണ്ടുവന്നുമുറിമൂടണം അല്ലങ്കിൽ ഉദ്യോഗം കാണിച്ചുതരാം; കേട്ടോ?

ഏഴാമത്തു്; നേന്ത്രപ്പഴം, കണ്ണൻപഴം, ദ്രാക്ഷാപ്പഴം, ഈ വകയിൽ കണ്ണിൽകണ്ടതെല്ലാം ഇവിടെ ഓടിവന്നു കമ്പിടണം.

എട്ടാമത്തു്; ഹരിഹരശാസ്ത്രിയുടെ ഷാപ്പിലുള്ള സെൻറു കുപ്പികളെല്ലാം ഒന്നോടെ ഇവിടെ വരണമെന്നു നിഷ്കർഷചെയ്യണം.

ഒൻപതാമത്തു്; കോട്ടക്കകത്തുപോയി ബാലാമണിയേയും മുത്തുലക്ഷ്മിയേയും കൂട്ടിക്കൊണ്ടു വരണം. കേമമായ ആട്ടവും സദിരും നടത്താൻ പറയണം.

പത്താമത്തു്; ഇവിടുത്തെ കിഴവി വെളിയിൽ തലകാട്ടിയാൽ—കഴുത്തു വെട്ടിക്കളയും, എന്നു് ഇന്നു നീ കിഴവിയെ പേടിച്ചാൽ നിന്നെക്കൂടി കാച്ചിക്കളയും—അവളോടു് ഇപ്പോഴേ പറയണം.

പതിനൊന്നാമത്തു്; ഇവിടെയുള്ള അച്ചി, കാര്യക്കാരന്മാർ, നാളെ പത്തുനാഴിക പുലരുന്നതുവരെ പടിക്കകത്തു കയറിക്കൂടായെന്നു വിളംബരം ചെയ്യണം.

പന്ത്രണ്ടാമത്തു്; പെണ്ണിന്റേയും ചെറുക്കന്റേയും മുറികളുടെ വാതിലുക്കലും പടിക്കലും സംഘത്തിലെ പടയാളികൾ രാത്രിമുഴുവൻ പാറാവു നിൽക്കണം.

പതിമൂന്നാമതു്; ഈ മാസിക രണ്ടും വലിയകോയിക്കലും ദേവാരത്തുകോയിക്കലും എത്തിച്ചുകൊടുക്കണം. കോയിപ്പണ്ടാലയും മഹാരാജ്ഞിയും വായിച്ചു രസിക്കട്ടെ.

എല്ലാം തീർന്നുവെന്നാണു തോന്നുന്നതു്. വല്ലതും മറന്നിട്ടുണ്ടെങ്കിൽ നീതന്നെ ആലോചിച്ചു നിവർത്തിക്കണം. ഇപ്പോൾ മണി പത്തടിക്കാൻപോണു. അരമണിക്കൂർ സമയം തന്നിരിക്കുന്നു. ചാരുത എവിടെപ്പോയി?

പ: പി—കണ്ടില്ല. നമ്പൂരിയോടു കൊഞ്ചുന്നാരിക്കും.

ഇ: ത—അവൾക്കു നല്ല സാമർത്ഥ്യമുണ്ടു്. അയാളെ നല്ലവണ്ണം പററിക്കാതിരിക്കയില്ല. ഗോദവർമ്മൻ വന്നിട്ടുണ്ടോ?

പ: പി—ഉണ്ടു്; മാളിയത്താഴെ ഉണ്ടു്.

ഇ: ത—അയാളെക്കൊണ്ടു വല്ല ഉപകാരവും ഉണ്ടാകുമോ?

പ: പി—പല്ലുകൾകൊണ്ടും ഉപകാരമുണ്ടാം. പൈക്കളെ തിററാങ്കൊള്ളാം—പല്ലുകൾ തേക്കാങ്കൊള്ളാം.

ഇ: ത—നമുക്കല്ല; അയാൾക്കുതന്നെ വല്ലഗുണവും ഉണ്ടാകുമോയെന്നാണു ചോദിച്ചതു്. ബൃഹന്നളയാണെങ്കിലും കോയിപ്പണ്ടാലയുടെ ഉദ്യോഗം കിട്ടുമോ? എന്നാൽ എൻെറ അന്തസ്സും പ്രതാപവും ശതഗുണം വർദ്ധിക്കുമായിരുന്നു.

പ: പ—അതു ഈ ജന്മത്തിലില്ല. കാണാവല്ലൊ.

ഇ: ത—നിനക്കെല്ലാം സന്ദേഹമേയുള്ളൂ. ഒരു വസ്തുവറിഞ്ഞുകൂടാ. നേരംപോകുന്നു. വേഗം പോയി നിന്നെ ഏല്പിച്ച വേലതീർക്കു്.

പപ്പൻപിള്ള ചാടി എണീററു തലയുംകുലുക്കി ഓടി. വഴിയിൽ വീടി, ചുരുട്ട, മുറുക്കാനുള്ള വകകളെക്കുറിച്ചു ഓർത്തു. ഇനി തൻെറ തല പോകുകയില്ലെന്നു സന്തോഷിച്ചാർത്തു.

ഇരവിയൻതമ്പി വീണ്ടും മനോരാജ്യത്തിൽ വിമാനസഞ്ചാരം ആരംഭിച്ചു. "കഷ്ടം! എൻെറ പെണ്ണേ! ജാനകി! നിൻെറ തലയിലെഴുത്തു്" ഇങ്ങനെയായല്ലോ. "ഉഴക്കുചോറുകൊണ്ടൊരു വാസരാന്തംകഴിക്കുമഞ്ചാറു ജനങ്ങളിപ്പോൾ" എന്നു പുസ്തകത്തിൽ വായിച്ചിട്ടേയുള്ളൂ. ഇപ്പോൾകണ്ണുകൊണ്ടു കാണാറായി. സ്വർഗ്ഗത്തിൻെറവാതിൽതുറന്നില്ലേ; കയറുവാൻ ഭാവിച്ചില്ലേ, ഉടനേ—ഠിം! അടച്ചു കളഞ്ഞു വരതെററിയതുകൊണ്ടല്ലേ? ദൈവത്തിൻെറ കളി!

ഇവനിതുഭവിക്കേണമിന്നവണ്ണംവേണം
അവശതഭവിക്കേണമർത്ഥനാശംവേണം.
....
വിധിവിഹിതമേവനുലംഘിച്ചുകൂടുമോ”

“എന്തായാലുംചെന്താമരക്കണ്ണനെന്നെക്കാണുന്നേരം
സന്തോഷിക്കുംസൽക്കരിച്ചിങ്ങയക്കുമൈയ്യം”

എന്നു വിചാരിച്ചുകൊണ്ടല്ലേ കുചേലൻ ദ്വാരകയിൽ പ്രവേശിച്ചതു്? അതുപോലെ നിനക്കും ഇവിടെ വന്നുചേരുവാൻ ഭാഗ്യമുണ്ടായി. കുചേലന്റെ നല്ല കാലംകൊണ്ടു് അവന്റെ ആഗ്രഹം സാധിക്കുകയും ചെയ്തു. നിന്നെ നല്ലവണ്ണം പൂജിച്ചു സൽക്കരിക്കണമെന്നു ഞാനുംമനസ്സുകൊണ്ടെണ്ണാതിരുന്നില്ല. കുചേലനു് അനവധി പണമേ നന്ദസൂനു കൊടുത്തുള്ളു. ഞാനോ അനവധി പണവും, നിരവധി സുഖവും, ഇരണിയൽ കസവും, ബനാറിസു പട്ടും, ക്രൂ ടത്തരണമെന്നു നിശ്ചയിച്ചിരുന്നു. എന്റെ ഭാഗ്യംകെട്ടവളെ! നിനക്കു വാങ്ങിത്തിന്നാൻ ഭാഗ്യമില്ലാതായില്ലേ? ഏതു ജന്മത്തെങ്കിലും ഇതുപോലെയുള്ള മുറിയിൽ പട്ടുകിടക്കയിൽ കിടക്കാൻ സാധിച്ചിട്ടുണ്ടോ? ആ! അതിനെങ്കിലും സംഗതി വന്നല്ലോ. ആ സുകൃതമെങ്കിലും എടുക്കണ്ടേ. നീ സമയം നോക്കി ചാകാൻ വന്നിരിക്കുന്നല്ലോ. എപ്പോഴായാലും ശരി. ഇവിടെയെങ്ങാനും കുഴിച്ചു മൂടിക്കളയാം.

“അങ്ങേപ്പുറത്തെ ഇരുട്ടുകുഴിയിൽ ഇതിനേക്കാൾ എത്രയോ വലിയ ദുരിതങ്ങൾ നീ അനുഭവിപ്പാൻ പോണു! ഞാനാം എന്റെ മനസ്സു ചുട്ടതുതന്നെ എല്ലാത്തിനും കാരണം. അന്നു പപ്പൻ വന്നു വിളിച്ചപ്പോൾ വന്നിരുന്നെങ്കിൽ ഇപ്പോൾ കയ്യാലപ്പുറത്തെ തേങ്ങാപോലെ അങ്ങോട്ടോ ഇങ്ങോട്ടോയെന്ന ഭാവത്തിൽ മലർന്നടിച്ചു കിടക്കണമായിരുന്നോ? പട്ടിണി കിടന്നല്ലേ അരനാഴികയ്ക്കകം ചാവാൻ പോകുന്നതു? നിന്നെ രക്ഷിക്കാൻ ഞാൻ എത്ര പ്രയാസപ്പെട്ടു. ഫലം? “ആപത്തുവന്നടുത്തീടുന്നകാലത്തു തോന്നുകയില്ലെടോ സജ്ജനഭാഷിതം!” നിനക്കു ഒരു മണിക്കൂർ കഴിഞ്ഞു വീണാൽ പോരായിരുന്നില്ലേ? ചെല്ലവും പൊന്നുമെല്ലാം ഏഴാമത്തെ സ്വർഗ്ഗം കാണാൻ പോകുന്നു. അതേ സമയത്തു നിനക്കു ഏഴാമത്തെ നരകം. കർമ്മഗതി കാൺക ഗുപതെ! കൊടുത്തുവച്ചാലേ സാധിക്കൂ.

“ഈ ശകുനം പിഴച്ചവളിൽ ദൃഷ്ടിവച്ചു എനിക്കും ഏതോ ആപത്തുവരാൻ പോണപോലെ തോന്നുന്നു. വിഷപ്പാമ്പു തൊട്ടാൽ പോരേ? ഈശ്വരാധീനംകൊണ്ടു നിന്നെ ഞാൻ തൊട്ടില്ല.

കണ്ടേയുള്ളു. പപ്പനാണ് ഇവിടെ എടുത്തു കിടത്തിയതു. വന്നാലും അവനേ ദ്വേഷം വരാനുള്ളു. ഇതുമുതൽ എനിക്കു വിരക്തി വന്നു. ഇനി ജാനകിക്കുട്ടിയുടെ നിഴലേല്ക്കാൻ സമ്മതിക്കയില്ല.

"പക്ഷെ, പറന്നുപോണ കാക്കയെക്കൊണ്ടും ഉപകാരമുണ്ട്. ഈ സത്വത്തെ കാണാതിരുന്നെങ്കിൽ തമ്പിപ്രബന്ധം നാമാവശേഷമായിപ്പോകുകയില്ലേ? എന്റെ യശസ്സു മലയാളഭാഷയുടെ ഭാഗ്യംകൊണ്ടു വിവിധസാഹിത്യരൂപങ്ങളായി പരക്കുകയില്ലേ?

"ജാനകി! നീ പിഴച്ചു കേറുകയില്ല. ഒടുവിലത്തെ ശ്വാസം കഴിഞ്ഞാൽ എനിക്കു മററു ജോലിയില്ലെങ്കിൽ വായ്ക്കരി ഇടാം. നിന്നെക്കുറിച്ചു ദുഃഖിപ്പാനുള്ള രാത്രി ഇതല്ല. കട്ടിലൊഴിയുംവരെ ഇവിടെ കിടന്നോ"

അങ്ങുന്നിന്റെ ആത്മപ്രസംഗം ഉപസംഹരിച്ചു. കതകു പൂട്ടിക്കൊണ്ടു വെളിയിൽ വന്നു. നിത്യവുമുള്ള പാഠം ഗോദവർമ്മനു പഠിപ്പിച്ചു കൊടുത്തു. ചിരുതയമ്മയെ തേടിത്തേടി സംഘശാലയിൽ കണ്ടുപിടിച്ചു. അവർ പപ്പനെപ്പററി പറഞ്ഞ ദൂഷ്യങ്ങളും മററും അതുപോലെ വിശ്വസിച്ചു. ഇരുവരും സഭ നടത്താൻ പോകുന്ന മുറിയിൽ വന്ന് ഇരിപ്പായി. അതിഥികളെ കാത്തിരുന്നു. ഗോദവർമ്മനു സമ്മേളനത്തിൽ പങ്കുകൊള്ളുവാൻ അനുമതി നല്കി. അയ്യാളും അവിടെ വന്നു. ആദ്യമായി വന്നു കയറിയതു അച്യുതൻപിള്ള മുതൽപേരായിരുന്നു. അയാൾ വന്ന ഉടനെ കോയിപ്പണ്ടാലയുടെ വർത്തമാനവും എടുത്തിട്ടു:

അ: പി—അങ്ങത്തേക്കു വന്ദനം!

ഇ. ത—വരു; വരൂ. വന്നതു വളരെ സന്തോഷമായി. ജോലിത്തിരക്കിൽ വരാൻ സാധിച്ചില്ലെങ്കിലോയെന്നു ശങ്കിച്ചു.

അ: പി—എന്തുജോലിയുണ്ടെങ്കിലും അങ്ങുന്നിന്റെ ക്ഷണനം മാററി വയ്ക്കുമോ? അതുമല്ല ഗോദവർമ്മന്റെ അരങ്ങേററം നമ്മുടെ പ്രധാന ചുമതലയല്ലേ? തിരുമേനിക്കു നമസ്കാരം?

ഗോ- വ—ഇരിക്കാം.

അ. പി—ഏറാൻ. അല്ലാ, അക്കനും വന്നിട്ടുണ്ടോ? എവിടെയായിരുന്നു? കുറേനാളായിക്കണ്ടിട്ടില്ലല്ലോ.

ചി- അ—കാലിക്കല്ലുകാച്ചിയതു അങ്ങുന്നറിഞ്ഞില്ല്യോ? അങ്ങുന്നു ശമ്മതി വിട്ടില്ലാത്തതുകൊണ്ടു ഇന്നു പൊറത്തെറങ്ങി. അണ്ണാ, വർത്തമാനം എന്തിരൊള്ളു?

ഇ: ത — നാട്ടുവർത്തമാനം [illegible]ത്തിക്കാൻ സമയമില്ല. കാര്യത്തിൽ കളിപാടില്ല. ഗോദവർമ്മനെ അന്തഃപുരത്തിൽ കൊണ്ടുപോയി ചേർക്കുന്നതുവരെ എനിക്കും അച്യുതൻപിള്ളയ്ക്കും നിൻ്റെ ഇരച്ചു ആട്ടാൻ ഉത്സാഹമുണ്ടോ?

ചി: അ — എൻ്റെ ഇരച്ചു ആട്ടുണ്ടോ. ഇനിക്ക് അതിനു തക്കോണം പഴുതിട്ടില്ല. കോതവർമ്മനെ ചുമ്മാ പൊതിരിച്ചു കൊണ്ടുപോലോണ്ടോ? അദ്ദ്യത്തിനു കോട്ടവാതില്ല് കടക്കാൻ ഒറപ്പില്ല

അ: പി — കളെളാ തിരുമേനി? അക്കൻ്റെ ആക്ഷേപം തീരത്തില്ലെങ്കിൽ അവിടുന്ന് ആടണല്ല.

ഇ: ത — പെണ്ണുമല്ല. മൈഥിലബാലകോണത്തിലെ അന്തഃപുരത്തിലെങ്ങാനും നല്ല വേല കിട്ടും. അല്ലാതെ കോയിക്കൽ കൊട്ടാരത്തിനെ സ്മരിക്കേണ്ടാ. പറയുന്നതാണോ കുറ്റം? എന്തെല്ലാം പഠിപ്പിച്ചാലും ഇയ്യാൾക്ക ചൊന്ന വരുന്നില്ല.

ഗോ: വ — ഉം! വരും!

അ: പി — അങ്ങനെ പറയണോ തിരുമേനി. മുഹൂർത്തം നടന്നോട്ടെ. പിന്നെക്കാണാം തിരുമേനിയുടെ വൈഭവം.

ഇ: ത — മുഹൂർത്തം നടത്തിക്കൊടുക്കാമെന്നല്ലേ നമ്മളും ഏറ്റിട്ടുള്ളൂ? പിന്നെ അയാളുടെ പാട്ടുപോലെ. രണ്ടക്ഷരത്തിൽ കൂടിയുള്ള വർത്തമാനം അയാളുടെ വായിൽനിന്നു വരുന്നുണ്ടോ? പെണ്ണുങ്ങൾ നല്ലവണ്ണം വകവയ്ക്കുകയില്ലേ?

അ: പി — മഹാരാജാവു തിരുമനസ്സിലേക്ക് എന്താ, ഇന്നു സ്ഥാനകാംക്ഷിയെ നല്ലവണ്ണം പിടിച്ചിട്ടുണ്ട്. നമുക്ക് അദ്ദേഹത്തിൻ്റെ ഇഷ്ടം നോക്കിയാൽപോരേ?

ഇ: ത: — ഇയ്യാൾക്ക് അങ്ങനെയൊരു യോഗ്യതയെ പറവാനുള്ളൂ. പഴയ കോയിപ്പണ്ടാലയെപ്പോലെ പൊന്നുതമ്പുരാനു ശല്യം ചെയ്യുകയില്ല.

ചി: അ — അദ്ദേഹത്തിനു അങ്ങനെ ഒള്ള ആളല്ല്യോ വേണ്ടതു? കൊട്ടാരത്തിൽ തൊഴിലും കെട്ടിക്കുന്നോരെ ഇന്നിം അടുപ്പിക്കാൻ പൊന്നുതമ്പുരാൻ തമ്മതിക്കുമോ?

ഗോ: വ: — ഞാൻ മഹാരാജാവിൻ്റെ ഇഷ്ടത്തിനു വിരോധം പറയുകയില്ല. അദ്ദേഹത്തിന് എന്നെ വലിയ കാര്യമാണ്.

ഇ: ത: — താൻ മഹാരാജാവിനെയാണോ സംബന്ധംചെയ്യാൻ നിശ്ചയിച്ചിരിക്കുന്നതു? അങ്ങനെയായിരുന്നെങ്കിൽ താൻ

പറഞ്ഞതു ശരി. രാജ്ഞിയുടെ സേവ പിടിക്കാൻ തന്നെക്കൊണ്ടു കൊള്ളുകയില്ലല്ലോ? പിന്നെ പൊണ്ണക്കാര്യം പറയുന്നതെന്തിന്?

ഗോ: വ — ഉം! നോക്കട്ടെ!

ഇ: ത — അച്യുതൻപിള്ളേ, കോപ്പുകൂട്ടൽ എത്രത്തോളമായി!

അ: പി — നാണുപിള്ള പേഷ്കാരദ്രോഹത്തിനെക്കൊണ്ടുള്ള അമാന്തമേയുള്ളു. അടിയന്തിരം നിർത്തിവെയ്ക്കുന്നതിനു എല്ലാവരുംകൂടി വടക്കേക്കൊട്ടാരത്തിൽ നാളെരാവിലെ ആലോചന നടത്തുവാൻപോണുവത്രെ.

ഇ: ത — മററുള്ളവർ ആലോചിച്ചേ തീരുവെന്നില്ല. പൊന്നുതമ്പുരാൻതന്നെ വേണ്ടെന്നുവച്ചു!

അ: പി — ങ്ഹേ!

ഗോ: വ — കോലത്തുനാട്ടുഭഗവതി!

ചി: അ — കോയിപ്പാണ്ടലേടെ പാക്യം!

ഇ: ത — മഹാരാജ്ഞിയുടെ ഭാഗ്യമെന്നു പറയണം. ഇയ്യാളായിരുന്നുവെങ്കിൽ എത്ര കഷ്ടമായിരുന്നേനേ. ആററുങ്കൽ മൂത്തതമ്പുരാന്റെ ജന്മം പാഴായിപ്പോകുകയല്ലായിരുന്നോ?

അ: പി — നമ്മുടെ മാസികയിൽ കണ്ട ലേഖനങ്ങൾ അധികവും തെററാണോ?

ഇ: ത — അതിൽ ഒന്നുമാത്രമേ വാസ്തവമുള്ളു. മററുള്ളതെല്ലാം എഴുതിയവരുടെ മനോധർമ്മമാണ്.

അ: പി — പിന്നെയെന്തിനാണു പരസ്യപ്പെടുത്തിയതു്?

ഇ: ത — കോയിപ്പണ്ടാലയുടെ മനസ്സ് ആകുന്നെടത്തോളം വെന്തു ഭസ്മമാകണമെന്നുദ്ദേശിച്ചാണ്.

അ: പി — വാസ്തവസംഗതിയുടെ രത്നച്ചുരുക്കം പറയണം.

ഇ: ത — മഹാരാജ്ഞിക്ക രണ്ടാമതു വിവാഹമുണ്ട്.

ഗോ: വ — വരൻ?

ഇ: ത — ദരിദ്രബുദ്ധിയായ താനല്ല.

അ: പി — ഷണ്ഡനായ ഗോദവർമ്മനല്ല.

ചി: അ — ചിങ്കണ്ണിയായ കോലത്തുനാടനല്ല.

ഗോ: വ — അമ്മേ!

ചി: അ — ആരാണങ്ങുന്നേ?

അ: പി — വിഷണ്ണനായ രാഘവർമ്മാ.

ഗോ: വ — അയ്യാളെ വേണ്ടെന്നു മഹാരാജ്ഞി കല്പിച്ചില്ലേ?

ഇ: ത— അദ്ദേഹവുമല്ല. ഓരോരുത്തർ ഓരോന്നു കേട്ട് ഓരോന്നു വെട്ടിവിടുകയാണ്. ആയിരം കുടത്തിന്റെ വായടച്ചുകൂട്ടാം, ഒരുത്തന്റെ നാക്കു തടുക്കാൻവയ്യ. പിന്നെന്നല്ലേ രാജ്യമൊട്ടുക്കുള്ള സംസാരം? അതിൽതൊണ്ണൂറ്റൊൻപതു ശതമാനവും മൂടില്ലാക്കഥകളാണ്. കാര്യത്തിന്റെ സൂക്ഷ്മമായ കിടപ്പ് എനിക്കും പൊന്നുതമ്പുരാനും മാത്രമേ അറിയാവൂ.

ഗോ: വ— ആരെന്നുപറയുക.

ഇ: ത— ചിരുതെ, ഏകദേശം നിനക്കറിയാം.

ചി: അ— രാ— ആരാണോ?

ഇ: ത— അച്യുതൻപിള്ള ഊഹിക്കുക.

അ: പി— അവൻ പറഞ്ഞപ്പോൾ എനിക്കും ഒട്ട് ഊഹം തോന്നുന്നുണ്ട്. നിഷ— അല്ലേ?

ഇ. ത— കറിക്കുകൊണ്ടു ഗോദവർമ്മാ, തനിക്കു തപസ്സുചെയ്താൽ ഇങ്ങനെ ബുദ്ധിതോന്നുമോ?

ഗോ: വ— ഇല്ല. പറഞ്ഞുതരിക.

ഇ: ത— നിഷ്ബന്ധനായ രാമവർമ്മ! അച്യുതൻപിള്ളയുടെ ഇഷ്ടപ്രകാരം വിശേഷണം ഒരു ത്തുവെന്നേയുള്ളൂ. ആയാളെ ഞാൻ അറിഞ്ഞെടത്തോളം വേറെ വിശേഷണത്തിനാണു യോഗ്യത.

അ: പി— അതു കേൾക്കട്ടെ.

ഇ: ത— അയാൾ പണ്ടെക്കാലത്തിൽ അഷ്ബന്ധനോ നിഷ്ബന്ധനോ ആയിരുന്നു. ഇപ്പോൾ ഒന്നുമല്ല. കൃതഘ്നബന്ധനാണ്.

അ: പി— അങ്ങനെയൊരാൾ ഉള്ളതായി കേട്ടിട്ടില്ലല്ലോ.

ഗോ: വ— മഹാരാജാവിനും യുവരാജാവിനും മാത്രമേ അറിയാവൂ.

ഇ: ത— തന്റെ കൂട്ടപ്പത്തിക്ക് ഒന്നും കാണുകയുമില്ല കേൾക്കയുമില്ല. വളരെ നാളായിട്ടു രാമവർമ്മ ഈ തിരുവനന്തപുരത്തുതന്നെയുണ്ടായിരുന്നു.

അ: പി— അയാൾ എവിടുന്നാണു വന്നത്?

ഇ: ത— പറന്നു വീണുവെന്നു വച്ചുകൊള്ളണം. ആർക്കും നിശ്ചയമില്ല. നമുക്ക് അതന്വേഷിച്ചിട്ടു കാര്യവുമില്ല. മഹാരാജാവിനു മാത്രം അറിയാം. വീരസേനനും ക്രോധോത്തമനും ആയിരിക്കുന്ന അദ്ദേഹത്തിനോടു ചോദിച്ചു മനസ്സിലാക്കാൻ സാമർത്ഥ്യമുള്ളവർ ഇപ്പോൾ ജനിച്ചിട്ടുണ്ടോ? എന്നാൽ ഇദ്ദേഹത്തിന്റെ സ്വഭാവവും ഇവിയന്റെ മ്പായുടെ

കണ്ണു തപ്പുകയില്ല. ഇക്കാലമെല്ലാം രാമവർമ്മനെ അറിഞ്ഞുതന്നെയാണു് ഇരിക്കുന്നതു്.

അ: പി — മഹാരാജ്ഞിക്കു രാമവർമ്മനെ സ്വീകരിപ്പാൻ മനസ്സാണോ? ഗോദവർമ്മനെ വേണമെന്നല്ലേ അവിടുന്നു നിശ്ചയിച്ചിട്ടുള്ളതു്?

ഗോ: വ — ഈശ്വരാ! മൂത്തതമ്പുരാന്റെ മനസ്സു മാറിപ്പോകരുതേ!

ഇ: ത — സ്ത്രീകളുടെ മനോവേഗം അളന്നവരുണ്ടോ? തിരുമനസ്സുകൊണ്ടു മനസാ വരിച്ചിരിക്കുന്ന പുരുഷൻ രാമവർമ്മയാണു. ഗോദവർമ്മനെക്കൊണ്ടു പള്ളിക്കെട്ടു കഴിപ്പിക്കുന്നതിനു മഹാരാജാവിന്റെ നിർബ്ബന്ധം ഇല്ലെന്നില്ല. എന്നാൽ അതിന്റെ ആവശ്യം മഹാരാജ്ഞി ധരിക്കുന്നതുവരെ അവിടുന്നു ഈ ഗോഷ്ഠിക്കു പുറപ്പെടുകയില്ല.

അ: പി — പിന്നെയെന്തിനാണു മുഹൂർത്തം നിശ്ചയിച്ചതു്?

ഇ: ത — രാജ്ഞിയോടാലോചിക്കാതെ പൊന്നുതമ്പുരാൻ തന്നിഷ്ടം പ്രവർത്തിച്ചു. തന്നെ അങ്ങനെ മരപ്പാവയാക്കാൻ റാണി തിരുമനസ്സുകൊണ്ടു സമ്മതിക്കുമോ? അമ്മാമനോടു യുക്തിയുക്തമായി വാദിച്ചു അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തി.

അ: പി — കടശിയിൽ എല്ലാം പുകഞ്ഞുപോയല്ലേ; ദൈവമേ!

ഗോ: വ — കഷ്ടസന്ധി!

ഇ: ത — ഒരു കഷ്ടകാലവുമില്ലെടോ. ഗോദവർമ്മാ! എല്ലാത്തിനും വഴി ഇരവിയൻതമ്പി കണ്ടിട്ടുണ്ടു്. താൻ ചാകാതിരിക്കു. കോയിപ്പണ്ടാലയുടെ കാലാവധി നീണ്ടുനീണ്ടു പോകുന്നതായാൽ ആവശ്യം നിശ്ചയമായും വരും. ദൈവമുണ്ടെങ്കിൽ അടുത്തകാലത്തുതന്നെ വന്നേക്കാം.

ഗോ: വ — വേഗം ആവശ്യമുണ്ടാകണേ!

അ: പി — ഇപ്പോഴും എന്താണു് ആവശ്യമില്ലാത്തതു്?

ചി: അ — അങ്ങുന്നു് ഇതു അറിഞ്ഞുകൂടിയോ? മന്ത്രക്കാരെ പോതിപ്പിക്കാനെങ്കിലും ആരുമാത്രം കഴിയുമോ?

ഇ: ത — അച്യുതൻപിള്ളേ. ഇരുപതുവർഷം ഉദ്യോഗം ഭരിച്ചിട്ടും തനിക്കു കയറ്റം കിട്ടാത്തതു വെറുതേയല്ല. തലയിൽ ചെളിയാണോ കുത്തിവച്ചിരിക്കുന്നതു്? കൃത്യാകൃത്യം മഹാരാജ്ഞിതിരുമനസ്സിലേക്കു എല്ലാവരെക്കാൾ അറിയാം. മുണ്ടുമാറുന്നതുപോലെ ഭർത്താക്കന്മാരെ മാറ്റാൻ തിരുമനസ്സിലേക്കു മനസ്സുവരുമോ?

'ലോകാപവാദാൽഭയം' ഉണ്ടാകുകയില്ലേ? മാനം വേണം; മര്യാദ വേണം; ബുദ്ധിമതി വേണം; ഇതെല്ലാം സകല മനുഷ്യർക്കും ഉള്ളതു പോലെ ആററുങ്കൽ മൂത്തതമ്പുരാനും ആഗ്രഹമുള്ളതാണ്'. 'സി, ഐ' സ്ഥാനം കൈയിൽ വരുവാൻ പോകുന്നതു കളഞ്ഞിട്ടു ഭർത്താവിനെ സ്വീകരിക്കേണ്ടുന്ന ആവശ്യം ഇപ്പോൾ ഉണ്ടായിട്ടില്ല. തിരുമനസ്സിലെ പാതിവ്രത്യനിഷ്ഠയ്ക്കു കുറവുവരുമെന്നു ജനങ്ങളെക്കൊണ്ടു പറയിക്കാൻ അവിടുന്ന് ഇടകൊടുക്കുകയില്ല. അവിടുത്തേക്കു സ്ഥാനലബ്ധിക്കു വേണ്ടുന്ന സഹായങ്ങൾ ചെയ്യാനാണു മഹാരാജാവ് ഉടനെ കല്ക്കത്തായ്ക്ക് എഴുന്നള്ളുന്നത്.

അ: പി—അപ്പോൾ ഗോദവർമ്മനെ തിരിയെ കോലത്തുനാട്ടിലേക്ക് അയക്കാനാണോ നിങ്ങളുടെ എല്ലാവരുടെയും ശ്രമം?

ഇ. ത—നമ്മളിരിക്കുന്ന കാലത്ത് അതിനിടവരുത്തുമോ? കാലം ദീർഘിക്കുന്നുവല്ലോ എന്ന വൈഷമ്യം മാത്രമേയുള്ളൂ. ഇയ്യാളുടെ പേരുമാററി രാമവർമ്മന്റെ ജന്മഗൃഹത്താൽ അധികം താമസിയാതെ കാര്യം പററിക്കാം.

അ: പി—ഭേഷ്! തമ്പിഅങ്ങത്തെ സമയോചിതം! ഗോദവർമ്മാ! തിരുമേനിക്കു സമ്മതമാണോ?

ഗോ: വ—അതേ.

ഇ: ത—ഇയ്യാൾ സമ്മതിച്ചതുകൊണ്ടു മാത്രമായില്ല. രാമവർമ്മ എന്ന ശബ്ദംപോലും വെളിയിൽ ശബ്ദിച്ചുപോകുകയില്ലെന്നു സത്യം ചെയ്താലേ ഞാൻ ഇയ്യാൾക്കുവേണ്ടി പ്രയാസപ്പെടുകയുള്ളൂ. ഇപ്പോൾ ഇങ്ങനെയൊരാളുണ്ടെന്നു മഹാരാജാവിനും മഹാറാണിക്കും എനിക്കും മാത്രമേ അറിയാവൂ. അത്ര ശ്രദ്ധമായിട്ടാണു ആളെ ഇത്ര താമസിപ്പിച്ചിരിക്കുന്നത്. നിങ്ങളാരെങ്കിലും ഈ പരമരഹസ്യം വെളിയിലാക്കിയാൽ കോയിപ്പണ്ടാലയുടെ അനുഭവം നിങ്ങളെയും വന്നുപിടികൂടാതിരിക്കുകയില്ല. കോയിപ്പണ്ടാലയുടെ കൂടെപ്പോയി കാരാഗൃഹം കയറിയാൽ ഗോദവർമ്മനു പിന്നെ ഇരുന്നിട്ടു കാര്യമുണ്ടോ?

ഗോ: വ—സത്യം! മിണ്ടുകയില്ല

ഇ: ത—മുഹൂർത്തം വരുമ്പോൾ താൻ രാമവർമ്മനാണെന്നു പറയണം. അതും ചോദിച്ചാലേ പറയാവൂ. മനസ്സിലായോ?

ഗോ: വ—ആയി.

അ: പി—ഗോദവർമ്മനെക്കുറിച്ചു വെളിയിലുള്ള പ്രസ്താവം മാററാൻ മാസികയിൽ വല്ലതും തിരുത്തി എഴുതണോ?

ഇ: ത—ഒന്നും ചെയ്യേണ്ടാ. ഇയ്യാളുടെ ആത്രപ്യമോ വൈരൂപ്യമോ പുറത്തു അറിഞ്ഞിരിക്കുന്നതിനാലാണ് ഈ താമസം ഏറ്റപ്പെട്ടതു്. മഹാരാജ്ഞി വിവരം വലിയകൊട്ടാരത്തിൽ അറിയിച്ചിരിക്കും. ചെറിയതമ്പുരാൻ ലജ്ജിച്ചിട്ടാണു മുഹൂർത്തം വേണ്ടെന്നു വെച്ചതു്.

അ: പി—ഇയ്യാളുടെ രഹസ്യം വെളിയിലായതെങ്ങനെ?

ഇ: ത—അതിന്റെ കാരണം ഇയ്യാളുതന്നെയാണ്. ഈ വിഡ്ഢിക്കു പത്തുകെ പറയാനറിഞ്ഞുകൂടാ. ഇവിടിരുന്നു ഞങ്ങൾ തമ്മിൽ രഹസ്യം പറയുന്നതു ഒരു സ്ത്രീ ഒളിച്ചുകേട്ടുകൊണ്ടിരുന്നു. അവൾ ചെന്നു വിടാതെ രാജ്ഞിയെ അറിയിച്ചു. നമുക്കു മേലിൽ പരമശത്രുവായിരിക്കും ആ സ്ത്രീയാണ്. രാജ്ഞിയെ സകല ആപത്തിൽനിന്നും രക്ഷിക്കാൻ അവൾ കങ്കണം കെട്ടിയിറങ്ങിയിരിക്കുകയാണ്.

ചി: അ—അങ്ങുന്നവളെ കണ്ടില്ല്യോ? ആരാണ്?

ഇ: ത—അവളുടെ ഊരും പേരും ഒന്നും അറിഞ്ഞുകൂടാ. തിരുവനന്തപുരത്തുകാരിതന്നെ അല്ലെന്നാണു തോന്നുന്നതു്. ഞാനും ഇന്നു രാവിലെയാണു കണ്ടതു്. വിവരം അറിയാൻ വേണ്ടവരെ വച്ചിട്ടുണ്ടു നാളെ വൈകുന്നേരം കോയിക്കൽ മുഖംകാണിക്കുമെന്നറിഞ്ഞു. പപ്പനെ അയച്ചാലേ മുഴുവൻ വർത്തമാനവും കിട്ടുകയുള്ളൂ. അതുവരെ എല്ലാവരും ക്ഷമിക്കിൻ.

അ: പി—കണ്ടാൽ കൊള്ളാമോ?

ചി. അ—ഇത്തിപ്പോരം വക്കത്തൊള്ളതാണെങ്കിൽ അങ്ങുന്നിൻറടുത്തു കൊഴയാൻ വരാണ്ടിരിക്കുമോ?

ഇ: ത—കണ്ടാലതിസുന്ദരിയാണ്. എന്നെക്കണ്ടപ്പം ഓടിക്കളഞ്ഞു. എന്നാലും പാട്ടിലാക്കാൻ ബുദ്ധിമുട്ടുണ്ടെന്നു തോന്നുന്നില്ല. കഴുത്തു പറിച്ചതുപോലെ തോന്നി, വടക്കെന്നെങ്ങാനും പുറത്തുപോയ അന്തർജ്ജനമാണെന്നാണ് എന്റെ വിശ്വാസം. എങ്ങനെയും നാളെ അറിയാമല്ലോ.

അ: പി—അവളെക്കൊണ്ടു മഹാരാജ്ഞിക്കു എന്തു സഹായം ചെയ്യാൻ കഴിയും?

ഇ: ത ഗോദവർമ്മന്റെ അംഗസൌന്ദര്യം വിസ്തരിച്ചതിനില്ലേ കഥ?

അ: പി—അങ്ങനെ, എനിക്കൊരു സംശയം. ഉരുട്ടി മെരട്ടി ഇവൾ കോയിപ്പണ്ടാലയുടെ കേസ്സും 'ശ്ശൂ'യെന്നാക്കിക്കളഞ്ഞാലോ?

ഇ: ത—ഇവളെപ്പോലെ നൂറുപേരു വന്നാൽ അതിനു സാധിക്കുകയില്ല. കോയിത്തമ്പുരാനു ധനാശിപാടാൻ സമയമായി. വലിയകൊട്ടാരം മുഴുവൻ കത്തിജ്വലിച്ചുകൊണ്ടല്ലേ ഇരിക്കുന്നതു? അതു കെടുത്താൻ ആരാൽ കഴിയും?

അ: പി—ആലപ്പുഴ പുതിയ ജയിലിന്റെ പണി പൂർത്തിയായില്ലല്ലോ.

ഇ:ത—ലക്ഷ്മീപത്തിന്റെ തലേദിവസംതന്നെ ഗൃഹപ്രവേശനത്തിനു വേണ്ടുന്നതൊരുക്കിക്കൊള്ളണമെന്നു കല്പനപോയിട്ടുണ്ടു്. പിന്നെയെന്തിനാണു പരിഭ്രമിക്കുന്നതു്!

അ: പി—അനന്തപുരം കൊട്ടാരത്തിന്റെ അററകുററം തീർക്കുന്നുണ്ടെന്നു പത്രങ്ങളിൽ കാണുന്നുണ്ടല്ലോ. ഒടുക്കം ആരങ്ങോട്ടാക്കിക്കളയുമോ?

ഇ: ത—ഹേയി! പൊന്നുതമ്പുരാനു അങ്ങനെയൊരു ദാക്ഷിണ്യം തോന്നുന്ന കാലമുണ്ടോ? കോയിപ്പണ്ടാലയുടെ താറവാട്ടിലുള്ളവൎക്കു ഇൗ സമയത്തു് ഒരു സമാധാനമാകട്ടെയെന്നുദ്ദേശിച്ചു മരാമത്തു കല്പിച്ചനുവദിച്ചതേയുള്ളു. അരിപ്പാട്ടു മയിലിനെ വളൎത്തുന്നുണ്ടെന്നു തിരുമനസ്സുകൊണ്ടു അറിയാതെയാണോ ഇരിക്കുന്നതു? സംശയം തോന്നുന്നുണ്ടെങ്കിൽ ഇൗ സംഗതികൂടെ കേസ്സുഫയലിൽ ചേൎത്തുകൊള്ളണം.

അ: പി—ഇതു വലിയ അക്ഷരത്തിൽ എഴുതി വച്ചിട്ടുണ്ടു്. നീലകണ്ഠപ്പിള്ളയെ മയിൽക്കോഴിയാക്കാനുള്ള ശ്രമം അങ്ങുന്നറിഞ്ഞില്ലേ?

ഇ: ത—ഞാനറിയാത്തതുണ്ടോ! 'കാക്കകുളിച്ചാൽ പൊന്മയാകുമൊ' അച്യുതൻപിള്ളേ!

അ: പി—എങ്കിലും അസമയത്തു രാജ്ഞിയെ പോയി കാണ്മാൻ അയ്യാംകു സൌകൎയ്യം ലഭിക്കുമല്ലോ?

ഇ: ത—പൊന്നുതമ്പുരാൻ ഇരിക്കുന്നകാലത്തു നടപ്പില്ല. നിലാണ്ടസന്ദേശം എട്ടത്തെറിഞ്ഞ കഥമറന്നുപോയോ?

അ: പി—അതുമറക്കുമോ? എന്റെ മേശയിലല്ലേവന്നു വീണതു്? കുറെ വായിച്ചുനോക്കി. നീലകണ്ഠനെ സ്തുതിച്ചിരിക്കുന്നതു കണ്ടാൽ ശേഷംപേരുടെ തൊലി ഉരിഞ്ഞുപോകുന്നു. ചിലഭാഗം എനിക്കു മനസ്സിലായില്ല അങ്ങുന്നു് എന്റെ കൂടെ ഇരുന്നു വായിച്ചു് അൎത്ഥം പറഞ്ഞുതരണം

ഇ: ത—നമുക്കു സാവകാശമുള്ളപ്പോൾ ശരിയായ വ്യാഖ്യാനം വിസ്തരിച്ചെഴുതി അടിയറവെയ്ക്കാം. ഇപ്പോൾ കോയിപ്പണ്ടാലയുടെ യാത്രയയപ്പിനു വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്താൽമതി.

ചി: അ—നീലാണ്ടപ്പിള്ള തേവാരത്തുകോയിക്കൽ കേറി നെരങ്ങുന്ന വഴി എന്നോടു പറയില്ല്യോ?

ഇ: ത—ഇടയ്ക്കു കേറി ഒന്നും പറയാതിരിക്കെ. തനിച്ചിരിക്കുമ്പോഴും എത്ര വേണമെങ്കിലും ആടിപ്പാടി രസിപ്പിക്കാം.

ചി: അ—പക്ഷിയെ വെടിവച്ചതിൽ എന്തിരോ കിശിമത്തൊണ്ടെന്നു പറയിണല്ലോ.

അ. പി—അങ്ങന്നെ, ലീലാരണ്യത്തിന്റെ കട്ടക്ഷമസാല മാത്രം അക്കന്നെ വിസ്തരിച്ചു പറഞ്ഞുകൊടുക്കണം.

ഇ: ത – ലീലയാകുന്ന അരണ്യം. ശേഷം ചിന്ത്യം.

ചി: അ—ഇനിക്ക് ഒന്നും മനതിലായില്ല.

ഇ: ത—മനസ്സിലായില്ലെങ്കിൽ നിവൃത്തിയില്ല. പിന്നെ പറഞ്ഞുതരാം.

അ: പി—ദിവസവും രാത്രികാലങ്ങളിൽ തേവാരത്തുകോയിക്കലെ ഉദ്യാനത്തിൽ അനുകല ചുററുന്നതായി എല്ലാരും പറയുന്നുണ്ട്. നമുക്കതിന്റെ വാസ്തവം കണ്ടുപിടിക്കണം.

ഇ: ത—കണ്ടുപിടിക്കാനെന്തുണ്ട്, വാസ്തവമാണ്. എന്റെ കണ്ണുകൊണ്ടു കണ്ടിട്ടുണ്ട്. വെടികൊണ്ട പക്ഷിയുടെ രക്ഷസ്സാണ്. കോയിപ്പണ്ടാലയെ എപ്പോഴും ഇട്ടു തുള്ളിക്കുന്നതു് ആ ബാധതന്നെ. അദ്ദേഹത്തിന്റെ കൃപാകരമാം വിട്ട് ഒരടി മുന്നോട്ടു വയ്ക്കാൻ അതു സമ്മതിക്കുകയില്ല.

അ: പി—എന്നാൽ അങ്ങുന്നു കണ്ട സ്ത്രീ ഇണപ്പക്ഷിയുടെ മായാവേഷം ആയിരുന്നേക്കാം.

ഇ: ത—അതായിരിക്കാൻ ഇടയില്ല. മഹാരാജത്തിയെ സഹായിപ്പാൻ തക്കവണ്ണം അതിനു വൈഭവം പോരാ. ഉണ്ടെങ്കിലും അതു പുറപ്പെടുകയുമില്ല. ഭർത്താവിനെക്കൊല്ലിച്ച ഇടത്തിനോടു സഖ്യതയുണ്ടാകുമോ?

ചി: അ—ഇണപ്പക്ഷി അതിൽപിന്നെ എവിടെപ്പോയി?

ഇ: ത—അതെങ്ങോട്ടു പോകാനാണ്? പണ്ടിരുന്ന സ്ഥലത്തുതന്നെയുണ്ട്. വെടിവച്ച സമയം വരുമ്പോൾ കേ! കീ! എന്നു കരഞ്ഞുകൊണ്ടിരിക്കുന്നതല്ലാതെ ഒന്നും ചെയ്യുന്നില്ല.

അ: പി—പക്ഷിയുടെ 'കേകി' ശബ്ദം കേട്ടിട്ടായിരിക്കാം കോയിപ്പണ്ടാലയ്ക്കു മയൂരസന്ദേശം അയയ്ക്കണമെന്നു തോന്നിയതു്. അങ്ങത്തേക്ക് എന്തു തോന്നുന്നു?

ഇ:– അതെന്തോ? നിശ്ചയമില്ല. എന്നാലൊന്നു നിശ്ച

യമുണ്ട്. സന്ദേശമെഴുതുവാൻ സന്ദർഭമുണ്ടായതു പക്ഷിയുടെ വിലാപമാണ്. കോയിപ്പണ്ടാലയെ വച്ചുകൊണ്ടിരിക്കരുതെന്നേ മഹാരാജാവു തിരുമനസ്സിലെ ചെവിയിൽ കേൾക്കുന്നുള്ളൂ. തിരുമനസ്സുകൊണ്ട് 'ആട്ടെ' എന്നു സമ്മതിച്ചതുകൊണ്ട് കരച്ചിലല്പം അടങ്ങിയെന്നു തോന്നുന്നു.

അ: പി—മഹാരാജാവു ദിവസവും പക്ഷിയെ തൃക്കൺപാർക്കാനെഴുന്നള്ളുന്നുണ്ടോ?

ഈ: ത—അങ്ങോട്ടു ചെന്നില്ലെങ്കിൽ വലിയകൊട്ടാരത്തിലേക്കു പറന്നെത്തുകയാണു പതിവു്.

അ: പി—ഇണപ്പക്ഷിയും മഹാരാജാവിനോടുകൂടെ ചേർന്ന സ്ഥിതിക്കു നമുക്കൊന്നും പരിഭ്രമിക്കാനില്ല. ഉണ്ടോ?

ഈ: ത—അശേഷമില്ല. അച്യുതൻപിള്ള വേറൊരു വർത്തമാനം അറിഞ്ഞില്ലേ?

അ: പി—ഉം? എന്തൊന്നു്?

ഈ: ത—കാട്ടുബംഗ്ലാവിലെ മയിൽകോഴി ചത്തതെങ്ങോട്ടു പോയി?

അ: പി—ആവോ,

ഈ: ത—യുവരാജാവു് മൃഗശാസ്ത്രപണ്ഡിതനല്ലേ?

അ: പി—അതെ.

ഈ: ത—കൂടുവിട്ടു കൂടുമാറുന്ന ഒരു പ്രയോഗം അദ്ദേഹം ചെയ്യാൻ പോകുന്നതു തിരുമനസ്സറിയിക്കണം. അല്ലെങ്കിൽ പല അപകടങ്ങളും ഉണ്ടാകും. ചത്തമയിലിനെ വടക്കേക്കൊട്ടാരത്തിൽ കൊണ്ടുവന്നിട്ടുണ്ട്. നീലാണ്ടപ്പിള്ളയെ അതിലേക്കു കയററി തേവാരത്തുകോയിക്കലേക്കു പറപ്പിക്കാനാണു ഭാവം. 'കാലാകാല'ത്തു പൊന്നുതമ്പുരാൻ തട്ടത്തില്ലെങ്കിൽ നീലാണ്ടസന്ദേശം പൂർത്തിചെയ്തുകളയും.

അ: പി—അത്രഎളുപ്പമില്ല. രാത്രിയും പകലും ഗാട്ടുകാരു് ഉജാറായി നിൽക്കുന്നില്ലേ?

ഈ: ത—രാത്രിയിൽ പറന്നു മാളികയിൽ പ്രവേശിച്ചാലോ മടയാ?

അ: പി—കൊട്ടാരത്തിലെ വേലക്കാരപ്പെണ്ണുങ്ങൾ കാണുമല്ലോ. അവർ ഉടനെ വിളിച്ചു പാടാതിരിക്കുമോ?

ഈ: ത—താൻ സന്ദേശം ഒട്ടും വായിച്ചില്ലെന്നു തോന്നുന്നല്ലോ.

അ: പി—മനസ്സിലായില്ലെന്നു പറഞ്ഞില്ലേ? അങ്ങുന്നുകൂടെയിരുന്നു അന്വയിച്ചു് അർത്ഥം പറഞ്ഞുതരണം.

ഇ: ത—മഹാരാജ്ഞിയുടെ പള്ളിയറയുടെ ജനല്പുതിയ പരിഷ്കാരത്തിൽ മാററുന്നതു കണ്ടില്ലേ; ഭൂതനു് ആരുമറിയാതെ ഗതാഗതസൌകര്യം നൽകാനല്ലയോ ഈ മരാമത്തു നടത്തുന്നതു്?

അ: പി—ഓഹോ! ഇന്നുതന്നെ വലിയകൊട്ടാരത്തിൽ വിവരമറിയിക്കണം. ഞാൻപോകട്ടേ

ഇ: ത—അത്ര തിടുക്കമില്ല. ഇവിടുത്തെ നാടകംകൂടെ കണ്ടുസുഖിച്ചിട്ടു പോയാൽമതി. അതിനായിട്ടല്ലേ ക്ഷണിച്ചതു? ഇനി ഒരു സംഗതികൂടെ പറയട്ടെ. നീലാണ്ടനുള്ളതുപോലെ ചന്തമയിൽകോഴിക്കും സർവ്വാധികാരം കൊടുപ്പാനാലോചനയുണ്ടു്.

അ: പി—എങ്ങനെയാണു്?

ഇ: ത—ശ്രീകൃഷ്ണവിലാസംമാളികയുടെ പണി വേഗം കഴിയും. ആ സൌധത്തിന്റെ ഉച്ചത്തിൽ നീലാണ്ടൻ കേറിനടന്നമയിൽപാവയെ പ്രതിഷ്ഠിക്കാനാണു ഭാവിച്ചിരിക്കുന്നതു്?

അ: പി—ഈ ദുരാലോചനയെല്ലാം നടക്കുന്നതിനു സമ്മതിച്ചുകൂടാ ഇപ്പോൾതന്നെ റിപ്പോർട്ടയയ്ക്കണം. നീലാണ്ടപ്പിള്ളയെ ലോക്കപ്പിലാക്കണം. നാടകം നാളെയും കാണാമല്ലോ. എന്റെ സുപ്രണ്ടുദ്യോഗത്തിനു യൂണിഫാറം ഇട്ടുനടക്കാനറിയാം. വേലചെയ്യാൻ മുതൽപ്പേർവേണം.

ഇ: ത—മുതൽപ്പേക്കു് ഉള്ളോരും ഇരവിയൻതമ്പിയില്ലെങ്കിൽ അയ്യാളും സസേമിര മേല്പടി വകപ്പടി അല്ലേ?

അ: പി—അങ്ങുന്നിന്റെ ബുദ്ധിസാമർത്ഥ്യം ഇനിയൊരുത്തൻ കൊതിച്ചാൽ കിട്ടുമോ? എന്നാലും ത്രിവിക്രമൻതമ്പി അദ്ദേഹത്തിനേക്കാൾ ഭേദം ഞാൻതന്നെയാണു്.

ഇ: ത—പക്ഷേ അയാൾതന്നെ ഭരിച്ചുകൊണ്ടു പോകുന്നുണ്ടല്ലോ?

അ: പി—ശംഖുമുദ്രയുടെ ബലം കോയിപ്പണ്ടാലയോടു കൂറുള്ള പക്ഷഭേദം യജമാനൻ കാണിക്കുന്നുണ്ടെന്നു വലിയ കൊട്ടാരത്തിൽ അറിഞ്ഞിട്ടുണ്ടു്. അങ്ങുന്നിന്റെ സഹായം കുറച്ചുണ്ടെങ്കിൽ ഞങ്ങൾ രണ്ടുപേരും പരസ്പരം ഒരു സ്ഥലംമാററം കഴിച്ചുവെന്നു വന്നേക്കാം.

ഇ: ത—ഒക്കെ ഞാൻ പാററിച്ചുതരാമെടോ? വിഷാദിക്കേണ്ടാ?

ആഹാ! ആരെന്ത ചൊല്ലുടോ നേത്രമടച്ചതും?

ചെല്ലമ്മ—(പ്രവേശിച്ചിട്ട്) ആരെന്ത തോന്നുന്ന ചൊല്ലുന്ന മങ്കന്നേ?

ഇ: ത— എന്റെ കയിൽവാണി ചെല്ലമ്മയാണതു്.

* * * * * *

* * * * * *

ചി: അ—(ആത്മഗതം) ഇന്നുകൊണ്ടു ഇതെല്ലാം കാലംകൂടിക്കോണം. നാളെ നേരം വെളുക്കുല്ല്യോ? അപ്പം കാണിക്കാം ചിരുതേടെ മിടുക്കു. ചിരുതേക്കു ആടാനും പാടാനും ഇപ്പരിഴകളെപ്പോലെ അറിഞ്ഞൂടാ. എങ്കിലും അണ്ടയോടടുക്കമ്പം മാങ്ങേടെ പുളിയറിയാം. ഉം!

സ്തൂകരം എല്ലാവരും കൂടി,

* * * * * *

ഇപ്രകാരമുള്ള നേരംപോക്കുകളിൽ തമ്പിയും ദാസികളും ലയിച്ചുകൊണ്ടിരിക്കുമ്പോൾ പാപ്പൻപിള്ള സാമാനങ്ങളെല്ലാം കൊണ്ടുവന്നൊരുക്കിവച്ചു മുത്തുലക്ഷ്മിയും ബാലാമണിയും വലിയകൊട്ടാരത്തിലെ നാലുകെട്ടിൽ മോഹിനിയാട്ടം നടത്തിക്കൊണ്ടിരുന്നതിനാൽ വരുവാൻ തരമില്ലെന്നു എഴുതിയയച്ചു. അതു സഭയിൽ വായിച്ചപ്പോൾ അങ്ങത്തേക്കു അല്പം ഇച്ഛാഭംഗം ഉണ്ടായി. മുഖപ്രസാദം മങ്ങിയതുകണ്ടു തങ്കമ്മ ഇങ്ങനെ പതുക്കെ പറഞ്ഞു.

തങ്കമ്മ—പാണ്ടിമേളമഴകാണിവനിപ്പോൾ
തണ്ടിയല്ല തരമല്ല നമുക്കു
കണ്ടിടാതെയിവിടുന്നു പതുക്കെ
ഉണ്ടിടേണമതിനില്ലൊരുദോഷം.

ഇ: ത— കത്തുകണ്ടുടനേഷ വലഞ്ഞതൻ
മുത്തുലക്ഷ്മിയുടെ ഗിഞ്ചിനമോർത്തു്
പത്തുടങ്കമൊരു പോലിഹവന്നാൽ
നത്തുപോലെ ചലനംമതിമൂഢേ!

തങ്കമ്മ: — നത്തുപോലെമുഖകാന്തിയതാക്കു?
കത്തുതന്നതവ മുത്തിനു തന്നെ

മുത്തുമാലയണിയുന്നവളാര്?

പത്തുവൃത്തമത്സപാടിയതങ്കം

ഇ. ത — ഞാൻ തോററു. മുത്തുലക്ഷ്മിയുടെ ഗീതിനാട്ടം എന്റെ തങ്കത്തിന്റെ തിരുവാതിരക്കളിയുടെ വാലേൽ കെട്ടിയടിക്കാൻ കൊള്ളുകയില്ല. ഇന്നത്തെ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതു നീതന്നെയാകട്ടെ.

തങ്കമ്മ — എനിക്കു ഇല്ലാത്ത യോഗ്യത കല്പിച്ചു തരണമെന്നില്ല. ആണുങ്ങളുടെ സഭയിൽ പോയി അഗ്രാസനം സ്വീകരിച്ചുവെന്നു ചെല്ലമ്മയക്കൻ മററും പറഞ്ഞുണ്ടാക്കും. അങ്ങുന്നുതന്നെ ആ ഭാരം വഹിച്ചാൽമതി.

ചെല്ലമ്മ: എനിക്കു വിരോധമില്ലനിയത്തി. നിനക്കു എല്ലാത്തിനും വൈഭവമുണ്ടു്.

തങ്കമ്മ:—എന്നാലും എനിക്കു കഴികയില്ല. എന്റെ പ്രാണനാഥൻ അഗ്രസ്ഥാനത്തിലിരിക്കുന്നതു കാണാനാണു എനിക്കു അധികം കൌതുകം.

ഇ: ത:—ആൎക്കും പരിഭവം വേണ്ടാ. എന്റെ പ്രിയഭാജനങ്ങളുടെ ഇഷ്ടംപോലെയാകട്ടെ.

ജാനകിക്കുട്ടി കിടക്കുന്നതിന്റെ അടുത്തുള്ള വിശാലമായ മുറിയിലാണു സദസ്സു് നടക്കുന്നതു്. ലീസു മുതലായ ധാരശാണിമാരെ സൽക്കരിക്കുന്നതും ഈ മുറിയിൽതന്നെയാണു്. ഹാളിന്റെ മദ്ധ്യത്തിലായി പത്തുപതിനഞ്ചു പേർക്കു ഒരുമിച്ചിരുന്നു ചായ കുടിക്കത്തക്ക സെറവുകയ്യുമുള്ള ഒരു വട്ടമേശ ഇട്ടിട്ടുണ്ടു്. മേശക്കൽപാം ഉരെ തൂക്കിയിരിക്കുന്ന ആട്ടുകട്ടിൽ പത്തുപേർക്കു ഒരു സമയത്തു കിടപ്പാൻ വിസ്താരമുള്ളതാണു്. അതിൽ അഞ്ചാറു മെത്തകൾ അടുക്കിയിട്ടുണ്ടു്. മേശയിൽ കപ്പികളും പലഹാരങ്ങളും നിരന്നിരിക്കുന്നു. തുണിച്ചുരുക്കുകൾ തൂക്കമഞ്ചത്തിൽ സംഭരിച്ചിരിക്കുന്നു. നാലു ചുവരുകളും ദിഗംബരമായ പാരീസ് പടങ്ങളാൽ അലംകൃതമാണു്. മേൽതട്ടിൽ ഭഗവാന്റെ പതിനാറായിരത്തെട്ടു പത്നികളോടുകൂടിയുള്ള ക്രീഡാരംഗങ്ങൾ എഴുതപ്പതിപ്പിച്ചിരിക്കുന്നു. ഉറഞ്ഞാൽ കട്ടിലിലും തറയിലും പൂക്കളും ജെൺട്ടുകളും വിതരണംചെയ്തിരിക്കുന്നതു ചവുട്ടിയാൽ മുട്ടററം താഴുന്നതാണു്. പൂമാലകളും തോരണങ്ങളും കണക്കില്ലാതെ തൂക്കിയിട്ടുണ്ടു്. സൂൎയ്യപ്രകാശതുല്യമായ രണ്ടു ഗാസ്സുവിളക്കുകൾ കത്തുന്നുണ്ടു്. സുഗന്ധദ്രവ്യങ്ങൾ പുകച്ചിട്ടോ, തളിച്ചിട്ടോ, തേച്ചിട്ടോ അംഗനമാരും, രംഗസ്ഥലവും സൌരഭ്യവാഹത്താൽ സമാവൃതമായിരിക്കുന്നു. എന്നുവേണ്ടാ, സകല ചടങ്ങുകളും മാരമഹോത്സവസംരംഭത്തിനു പൎയ്യാപ്തങ്ങളാണു്. അഹോ! കൂത്തുകാണുവാൻ ഒരുങ്ങുവിൻ!

"ഉത്തമസ്ത്രീകൾകതകടച്ചടൻ
ക്രുത്തിവേണ്ടും ചമയം തടങ്ങിനാർ."

*　　*　　*　　*　　*

*　　*　　*　　*

ഇ: ത — കതകടച്ചുകളഞ്ഞാൽ ഉഷ്ണിക്കുകയില്ലേ? നിങ്ങളുടെ എല്ലാവരുടേയും വേഷംകെട്ടൽ കഴിഞ്ഞാൽ കതകു തുറന്നിടാം. വെളിയിൽ നാട്ടുകാരല്ലാതെ വേറെ വിശേഷിച്ചാരും വരാനില്ല. ഒരു ത്തരേയും അകത്തേക്കു കടത്തിവിടരുതെന്നു പപ്പന് ഉത്തരവുകൊടു ത്തിട്ടുണ്ട്. അതല്ലേ നല്ലതച്ച്യുതൻപിള്ളേ?

തങ്കമ്മ — കതകടച്ചുതന്നെകിടന്നോളട്ടെ. ഞങ്ങൾ തൃശ്ശൂർ വേശ്യകളുംമററുമല്ല. ഞങ്ങളെ പരസ്യമായി അപമാനിക്കാൻ ഭാവ മുണ്ടെങ്കിൽ എല്ലാവരും ഇപ്പോൾ തന്നെ പൊയ്ക്കളയും.

അ: പി — തങ്കമ്മ പറഞ്ഞതു വാസ്തവമാണ്. ശാകുന്തളനാട കം ദേവേന്ദ്രൻ അഭിനയിച്ചതു മുറിയടച്ചിട്ടാണെന്നു പുരാണമുണ്ട്.

ഇ: ത — ഭൂരിപക്ഷം അങ്ങനെയാണെങ്കിൽ വിരോധമില്ല. പു തിയ കോയിപ്പണ്ടാലയുടെ അഭിപ്രായമെന്താണ്?

ഗേ: വ — അതുതന്നെ. ജനൽ തുറന്നിടുന്നതിൽ വിരോധ മില്ല.

അ: പി — നിലാവേറ്റുപിള്ള സന്ദേശവുംകൊണ്ടു ജനൽ ചാടി ക്കേറിയാലോ?

ഇ. ത — അവന്റെ സാമർത്ഥ്യമെല്ലാം തേവാരത്തുകയ്യാല ലേ സാധിക്കയുള്ളു. എന്റെ ജനലിൽകൂടെ കേറുന്ന കള്ളൻ വേറെ യാണ്.

ചെല്ലമ്മ — ആരങ്ങുന്നു? കള്ളന്മാരെ ജനലിൽകൂടെ കയറാ നാണോ ഞങ്ങളെ ക്ഷണിച്ചുവരുത്തിയതു?

ഇ: ത — അത്രയൊന്നും പേടിക്കാനില്ലെടോ ശ്രീമതി ചെല്ലമ്മ പ്പിള്ളേ; കോയിപ്പണ്ടാലയോടു ചോദിക്കു.

പൊന്നമ്മ — പുതിയകോയിപ്പണ്ടാലയോ പഴയതോ?

ഇ: ത — പുതിയതുതന്നെ. പഴേ ആൾക്ക് ഇത്രത്തോളം മ നക്കല്പനയുണ്ടോ? കള്ളനാരെന്നു ശ്ലോകരൂപത്തിൽ ഉത്തരിക്കു, ഗോദവർമ്മാ.

ഗോ: വ—“മാരക്രീഡാമഹലഹളയിൽ—”പിന്നെ?

തങ്കമ്മ—(അങ്ങുന്നിനോടു സ്വകാര്യത്തിൽ) ഇയ്യാൾ വങ്കനാണ്. പഴയ കോയിപ്പണ്ടാലയുടെ ശതകം മോഷ്ടിച്ചു തന്റേതാക്കി ചൊല്ലാനാണു ഭാവം. ഈ കള്ളനെ ജനലിൽക്കൂടി വെളിയിലേക്കു എറിയുകയാണു വേണ്ടതു്.

ഇ: ത—എന്തുചെയ്യാം? അയ്യാൾ അതിനപോലും കൊള്ളുകയില്ല. നീതന്നെ ആ ശ്ലോകം ചൊല്ലു.

തങ്കമ്മ—തിരുമേനി! അവിടുത്തെ ശ്ലോകം എനിക്കറിയാം. ഞാൻ ചൊല്ലട്ടയോ?

അ: പി—ഞങ്ങളുടെ രക്ഷാധികാരി മഹാകവിന്നല്ലയോ? അദ്ദേഹത്തെ അറിയാത്തവരുണ്ടോ?

തങ്കമ്മ—(ശ്ലോകംചൊല്ലുന്നു.)

“മാരക്രീഡാമഹലഹളയിൽജാലമാർഗ്ഗേണലീലാ—
ഗാരക്രോഡേനിബിഡഗതിയായെത്തിനിത്യംനിശായാം,
വാരസ്ത്രീണാംവപുഷി വിലസുംസ്വേദബിന്ദുക്കളാകും
ഹാരസ്തോമംഹരതിവിരുതേറുന്നചോരൻസമീരൻ”

ഗോ: വ—അത്ഭുതന്നെ. എന്റെ ശ്ലോകമാണെങ്കിലും സമയത്തു ഓർമ്മയുണ്ടായില്ല.

ഇ: ത—തനിക്കു സമയത്തു വല്ലതെങ്കിലും തോന്നുകയുണ്ടോ?

ഗോ: വ—ഇല്ല.

ഇ: ത—ഉണ്ടാകുമെന്നു പറ, കഴുതേ!

ഗോ: വ—ഉണ്ടാകും.

ഇ: ത—ചെല്ലമ്മേ! തിരുമേനി കല്പിച്ചു ക്ഷണിച്ചിരിക്കുന്ന കള്ളനെ അകത്തു വിട്ടുന്നതുകൊണ്ടു തരക്കേടുണ്ടോ?

ചെല്ലമ്മ—നമ്മൾ ശ്വാസംമുട്ടുമ്പോൾ അവന്റെ ആശ്ലേഷചുംബനാദികൾ സുഖമല്ലയോ?

ഇ: ത—(ജന്നലുകളെല്ലാം തുറന്നിട്ടിട്ടു്) ഇനി വർത്തമാനംപറഞ്ഞു നേരം കളയേണ്ടാ. കാര്യപരിപാടി ആരംഭിക്കാം. ആദ്യമായി അദ്ധ്യക്ഷന്റെ ഉപക്രമപ്രസംഗമാണു്.

ഉത്തമസ്ത്രീകളേ! പ്രാണനാഥകളേ! പ്രേമഭാജനങ്ങളേ! സൌജന്യസൌഭാഗ്യസാരസർവ്വസ്വങ്ങളേ! നിങ്ങൾക്കു സ്വാഗതം! സ്വാഗതഗാനം എനിക്കുവേണ്ടി എന്റെ വാമഭാഗം അലങ്കരിക്കുന്ന

തങ്കമ്മയുടെ നിരന്തരകരണീയമായ ശാരീരത്തിൽ ശ്രവിച്ചുകൊള്ളുവിൻ.

തങ്കമ്മ:—(പാടുന്നു.)

ശങ്കരാഭരണം—ചെമ്പട.

പല്ലവി.

"സുന്ദരിമാർമണിമാരേശാരദ
ചന്ദ്രസുന്ദരതരാസ്യമാരേ.

അനുപല്ലവി.

പൊന്നണിഞ്ഞമോടികൂടി
ഇന്നുനിങ്ങളെല്ലാം കൂടി
മുന്നിൽ വന്നുകാൺകമൂലം
വന്നുമേജന്മസാഫല്യം. (സുന്ദരിമാർ)

ചരണങ്ങൾ.

അംഗങ്ങളിൽനിന്നുവിണ്ണപ്പോലിച്ചചാടി
നിങ്ങൾക്കെന്നിലേററംഭയഭക്തിയുംകൂടി
ഇന്നിതുപെരുതിഫവന്നതുമനമതി-
ലെന്നുമിരിക്കമതറിയുകനിങ്ങൾ (സുന്ദരിമാർ)

നിങ്ങടെ ചഞ്ചൽപൂരികഴൽനർത്തനവും പല്ലവമൊത്ത
അംഗപ്രഭയുംതലമുടയുംസ്മിതവും
ഭംഗികലരുന്നോരുചൊടിയുംപലപടിയും
കാൺകമൂലംഞങ്ങൾവലഞ്ഞുഴലുന്നു
പലവാദ്യവുംകേളിവിനോദംകാണ്മാൻകൊതിച്ചിടുന്നു.

നാളീകശരശരംകൈയിൽപതിച്ചിടുന്നു
മാളികതിരികത്തിടുന്നെന്നുതോന്നുന്നു
കോളല്ലാതഹോ! മനംപററിടുന്നു
കേളിനികേളികളാടണമതിനൊരു
കാലവിളംബനമരുതൊരുതെല്ലും (സുന്ദരി)

ഞടലകന്നുടനാട്ടകസംഗീതംപാടികൈകൊട്ടി
ചോട്ടകളനവധിവയ്ക്കുകപിഴരഹിതം
വടിവാട്ടപൂരികകൊടികളമിളകട്ടേ
മാടൊക്കെംകൊങ്ക

ഹാടകമാലയെടുത്തുകളിക്കട്ടെ
നാലുമൊരഞ്ചുംരസംനടിച്ചീടേണം
എല്ലാരുമത്യാനരംമയങ്ങീടേണം

മട്ടകളിതിപലകണ്ടലർശരനിഹ
നട്ടംതിരിയണമവിരതമേററം" (സുന്ദരിമാർ)

ഇ: ത—ഗാനം ഭേഷായോയെന്നു ഞാൻ പറയേണ്ട ആവശ്യമില്ല. നിങ്ങളുടെ പഞ്ചേന്ദ്രിയങ്ങൾതന്നെ പ്രത്യക്ഷമാക്കുന്നുണ്ട്.

പ്രസ്തുത മഹോത്സവത്തിൽ നിങ്ങൾക്കെല്ലാവർക്കും ഓരോ സമയത്തിൽ പങ്കുകൊള്ളുവാൻ സൌകര്യം ലഭിച്ചതുകൊണ്ട് എനിക്കു വളരെ അഭിമാനവും തൃപ്തിയും സന്തോഷവുമുണ്ട്. കമനിമാർ കുലമൌലിമാണിക്കങ്ങളായ അപ്സരസ്ത്രീകളേ! മിശ്രയോഗത്തിന്റെ പരമോദ്ദേശലബ്ധിക്കായി നിങ്ങൾ ഇദംപ്രഥമമായി രംഗപ്രവേശം ചെയ്തതിൽ ആശ്ചര്യം തോന്നിയേക്കാം (ഇല്ല! ഇല്ല! ഞങ്ങൾ പുരാണം വായിച്ചിട്ടുള്ളവരാണ്; എന്നു ഐകകണ്ഠ്യേനയുള്ള വിളി) നിങ്ങളുടെ പ്രത്യാഗമവുകൾ എന്നെ രോമാഞ്ചകഞ്ചുകനാക്കിത്തീർക്കുന്നു. പരിഷ്കാരസൂര്യൻ ഒരിക്കലും അസ്തമിക്കാത്ത പാശ്ചാത്യരാജ്യങ്ങളിൽ ഇത്തരങ്ങളായ സമ്മേളനങ്ങൾ സുലഭങ്ങളാണ്. നമ്മുടെ രാജ്യത്തും ഏതൽപ്രകാരേണയുള്ള സദസ്സുകൾക്കു പ്രചുരപ്രചാരമുണ്ടായിരുന്നുവെന്നു പുരാണേതിഹാസങ്ങളിൽ ഉൽഘോഷിതമായ രാസക്രീഡയും ഇന്ദ്രലോകനൃത്തങ്ങളും ദൃഷ്ടാന്തങ്ങളാണ്. മുസൽമാൻ രാജധാനിയിലെ അന്തഃപുരത്തിൽ ഈ സ്ഥാപനത്തിന് ഇന്നും പ്രസക്തിയുണ്ട്. ഉത്തരഇൻഡ്യയിലുള്ള ഹിന്ദുരാജകുടുംബങ്ങളും എണ്ണമില്ലാത്തുള്ള വനിതാരത്നരാജികളാൽ അലംകൃതമായിരിക്കുന്നു. ദേവാലയങ്ങളും രാജധാനികളും ദാസീസമൂഹരംഗാഡംബരങ്ങളുടെ അഭാവത്താൽ ശവശ്മശാനങ്ങളല്ലേ? ഈ ധർമ്മരാജ്യത്തിൽ മാത്രം ഈ മഹാസ്ഥാപനം അംഗവൈകല്യം വന്നു ലുപ്തപ്രചാരമായിത്തീർന്നിരിക്കുന്നതു എത്രയോ ശോചനീയം! നമ്മുടെ അശ്രാന്തപരിശ്രമത്താൽ പുനരുദ്ധാരണം ഉണ്ടാകുന്നെങ്കിൽ നമ്മുടെ നാമം ഭാവിസന്താനങ്ങൾ ആചന്ദ്രതാരം കൊണ്ടാടാതിരിക്കുമോ? (ഹസ്തതാഡനം) അതുകൊണ്ട്

"ഉർവ്വശി! മേനകേ! രംഭേ! തിലോത്തമേ!
നിവഹിച്ചീടണമിന്നൊരുനാടകം."

നമ്മുടെ ഗോദവർമ്മൻ തിരുമേനിയുടെ ഭാവിശ്രേയസ്സിനെ ഉദ്ദേശിച്ചാകയാൽ ഈ നാടകത്തിനു ലക്ഷ്മീനാടകം എന്നു നാമകരണം ചെയ്യാം. വളരെ കേമമായി നടത്തണം: 'ജ്ഞാതാസ്വാദോ വിവൃതജഘനാം കോ വിഹാതും സമർത്ഥഃ' എന്ന കാളിദാസാദർശം നിരർത്ഥമായിപ്പോകാതിരിപ്പാൻ ജഗദീശ്വരൻ അനുഗ്രഹിക്കുമാറാകട്ടെ! (ഗോദവർമ്മന്റെ വിഷയത്തിൽ സന്ദേഹമാണ്" എ

ന്നൊരുഅവഹേളനശബ്ദം) ഗോദവർമ്മനേയും ഈ മഹാമഹത്തിൽ പത്മനാഭൻ സഹായിക്കാതിരിക്കുമോ? (ഗോ: വ: ഉച്ചേ; നിശ്ചയം) കിംബഹുനാ, നിങ്ങൾ ഓരോരുത്തരോടും ഞാനും എന്റെ ആപ്തമിത്രങ്ങളായ മുതൽപ്പേരും നവീനകോയിപ്പണ്ടാലയും ഉദ്ഘോഷിക്കുന്നതെന്തെന്നാൽ—

“ശരണാഗതനായോരെന്നെനീഭജിച്ചാലും!
അരുണാധരി! മഹാഭോഗങ്ങൾ ഭുജിച്ചാലും!!”

എന്നുമാത്രമാണ്. ഓം! ഓം! മംഗളം!!

(നീണ്ട ഹസ്തതാഡനം)

തങ്കമ്മ

സാർവ്വഭൗമനായ അങ്ങുന്നേ! സഹോദരികളെ! എനിക്ക് അങ്ങുന്നിനെപ്പോലെ പ്രസംഗിക്കാനറിഞ്ഞുകൂടാ. പ്രസംഗത്തിലെന്തുള്ളു? പ്രവൃത്തിയിലല്ലേ മഹിമവെളിപ്പെടേണ്ടതു്? എനിക്ക് ഒരുവാക്കു മാത്രമേ പറവാനുള്ളു. എഴുത്തച്ഛന്റെ ഭാഷയിൽ,

“സരസിരുഹമുഖിചരണകമലപതിതോസ്മ്യഹം
സന്തതംപാഹിമാംപാഹിമാംപാഹിമാം”

എന്നു് അങ്ങത്തെക്കൊണ്ടു കൈകൂപ്പിപറയിച്ചില്ലെങ്കിൽ നാം പെണ്ണുങ്ങളല്ല. അതിനു സന്ദർഭം ഉണ്ടാക്കിത്തന്ന അദ്ദേഹത്തിനോടു നമ്മുടെ കൃതജ്ഞതയെ പ്രദർശിപ്പിച്ചുകൊണ്ടു തൽക്കാലം വിരമിച്ചുകൊള്ളട്ടെ.

ഇ: ത—അടുത്തവിഷയം കുമ്മി.

എല്ലാവരുംകൂടി കുമ്മിയടിക്കുന്നു.

“വർണ്ണനീയാംഗാ—ഭവൽഗുണ
മെണ്ണിയാലൊടുങ്ങാ—തവകീർത്തി
വർണ്ണവുംമങ്ങാ—സദാനേരം
വിണ്ണിൽപലപെണ്ണുംഒരുവർണ്ണംതവവർണ്ണം
കണ്ണുങ്ങൾകാണ്മാൻകൊതിച്ചീടുന്നു—സ്മര
ബാണങ്ങൾകൊണ്ടുതപിച്ചിടുന്നു.
തുമ്പിനടക്കുംരിപുക്കളെ-
യെല്ലാംമുടിക്കുംമഹേശചര-
മുള്ളിലടക്കുംജനപ്രീതി-
ക്കുള്ളബഹുനല്ലവിധമുള്ളപലതെല്ലാം—ദ്രുത-
മെള്ളോളംശങ്കിച്ചീടാതെചെയ്യും—കൃപാ
വെള്ളവുംധാരാളമായിപ്പെയ്യും”

ലഘുഭക്ഷണം ആരംഭിച്ചു, പന്തയമതിരയുടെ വേഗത്തിൽ കുപ്പികൾ ഉടഞ്ഞുതുടങ്ങി; നാക്കുകൾ പാഞ്ഞുതുടങ്ങി.

"കളർമുലതുളുമ്പിച്ചും പരംമദിച്ചും
തിരകളിപോലങ്ങിളകും ഭ്രൂകുടിയുലച്ചും പല-
രസംപുലരുന്ന കടക്കണ്ണേറ്റുടികൊണ്ടു"

അഭിനയങ്ങളും ആട്ടങ്ങളും തുടങ്ങി. "കാലദേശാവസ്ഥ മൂന്നും മറന്നുടൻ ആശാബലംകൊണ്ടു പാരംപരവശ"രായിട്ട് ഓരോരുത്തരുടേയും ഹൃദയം ഹാലാഹലംപോലെ ദഹിച്ചുതുടങ്ങി. വെററില ചവച്ചു ചവച്ചുതുപ്പിത്തുടങ്ങി. അധരങ്ങളോടുകൂടിത്തന്നെമുറിയുംചെമന്നുതുടങ്ങി. നാസാരന്ധ്രങ്ങളിൽക്കൂടി മദ്യം വെളിയിലേക്ക് ഒഴുകിത്തുടങ്ങി. വാസനദ്രവ്യങ്ങളുടേയും മദ്യങ്ങളുടേയും സുഗന്ധദുർഗ്ഗന്ധങ്ങൾ ഇടകലൎന്നു സൎവ്വത്ര പ്രസരിച്ചുതുടങ്ങി. പൂമുടിക്കെട്ടുകൾ അഴിഞ്ഞുതുടങ്ങി. പൂമഴ ചൊരിഞ്ഞുതുടങ്ങി. സാൽവകളും പട്ടുകളുമെല്ലാം സ്ഥാനഭ്രംശം വന്നു നരിച്ചിലുപോലെ പറക്കുവാൻ തുടങ്ങി. വൎണ്ണവ്യത്യാസമില്ലാതെ പരസ്പരം തഴുകിത്തുടങ്ങി. ഗോഷ്ഠികൾ കാട്ടിത്തുടങ്ങി. സഹസ്രകലശം ആടിത്തുടങ്ങി. നാക്കുകൾകുഴഞ്ഞുതുടങ്ങി. നേത്രങ്ങൾ ഇരുണ്ടുതുടങ്ങി. മുറിയെല്ലാം പമ്പരംപോലെ കറങ്ങിത്തുടങ്ങി. വിളക്കുകൾ മങ്ങിത്തുടങ്ങി. 'മൃഗദ്രശാംമാനം' മറഞ്ഞു തുടങ്ങി. അലർശരമദാന്തകൾ പരിണാമത്തിൽ കുഴഞ്ഞുമറിഞ്ഞു തറയിൽ പതിച്ചു. നിശ്ശബ്ദമായി. അപ്സരസ്ത്രീകളുടെ താണ്ഡവം ഒടുങ്ങുകയും ചെയ്തു.

ഈ സമയത്തു ശങ്കരമ്മാവനും ചെമ്പകനും അമ്മവീട്ടിൽ എത്തി. മുറികളെല്ലാം അടച്ചിട്ടിരുന്നതുകൊണ്ടു അമ്മാമനു വരാന്തയിൽ നിന്നുകൊണ്ടു ജനലഴികളിൽക്കൂടി മാത്രമേ ആട്ടം കാണ്മാൻ സാധിച്ചുള്ളു. കുറേനേരവും നിന്നപ്പോൾ ചെമ്പകൻ ഇപ്രകാരം പറഞ്ഞു.

ചെ:—എന്നെ അടച്ചിട്ടിരുന്ന മുറിയുടെ താക്കോൽ കൈയിലുണ്ട്. അതിൽ കടന്നാൽ അക്കന്റെ മുറിയിൽ പോകാനുള്ള വഴി കണ്ടേക്കാം. വരണം

ശ: മേ — അപ്പനെ, ഈ അരങ്ങത്ത് ഒന്നാടിയാൽ കൊള്ളാമെന്ന് എനിക്കു ആഗ്രഹമുണ്ട്: അങ്ങോട്ടു പോകാൻ വഴി കണ്ടുപിടിച്ചാൽ നീ സമൎത്ഥൻ.

ചെ: - എന്റെ അക്കനെ കാണിച്ചുതന്നാൽ അമ്മാമനുവേണ്ടി എന്തും ചെയ്വാൻ തെയ്യാറാണ്.

ശ: മേ – എന്നാലാകട്ടെ.

വരാന്തയിൽ ഇവരുടെ ശബ്ദം കേട്ടയുടനെ അച്ഛൻനമ്പൂതിരി കാര്യസ്ഥനെ വിളിച്ചു- നമ്പൂതിരിപ്പാട്ടിലെ ഉച്ച മനസ്സിലാക്കിയ നിമിഷത്തിൽ ശങ്കരമേനവനു മററു ചിന്ത തോന്നിയില്ല. ഉടനെ വാതിൽക്കൽ എത്തി കതകു വലിച്ചുതുറന്നു. അച്ഛൻ നമ്പൂതിരിയുടെ അരികത്തു നിലയായി.

അ: ന—നീ ഇവിടെ എങ്ങനെ വന്നു ശങ്കരാ?

ശ: മേ—ഇക്കുട്ടി വിവരം പറഞ്ഞറിഞ്ഞിട്ടാണു വന്നതു്.

അ: ന—ആരതു്? ചെമ്പകനൊ?

ചെ: എറാൻ. എന്റെ അക്കനുണ്ടോ ഇവിടെ?

അ: ന– ഉണ്ടു്. പതുക്കെ പറയൂ. കുട്ടിയെ ഉണർത്തണ്ടാ.

ചെ—ഇവിടുന്നു പോകണ്ടയോ? ഉണരാതെ കഴികയില്ല.

അ: ന—ഉണരന്നെങ്കിൽ ഉണരട്ടെ. കുട്ടിക്കു നടന്നെത്തുവാൻ ശക്തിയില്ല ശങ്കരൻ എടുത്തിട്ടു വരട്ടെ

ചെ: – അമ്മാമനു് ഇവിടംവിട്ടു പോകാൻ മനസ്സില്ലെന്നാണു തോന്നുന്നതു്. അങ്ങേപ്പുറത്തു നടക്കുന്നതു ഒന്നു കണ്ടാൽ കൊള്ളാമെന്നുണ്ടു്.

അ: ന – നമ്മളെ മഠത്തിൽ കൊണ്ടുചെന്നാക്കീട്ടു വന്നുകൊള്ളട്ടെ! ശങ്കരാ, നീ രണ്ടാമതും ഇവിടെ വരേണ്ടുന്ന ആവശ്യമില്ല. മഠത്തിൽ ചെന്നിട്ടു സംഗതി പറഞ്ഞു ഇങ്ങോട്ടേക്കയക്കാം.

ശ: മേ—എറാൻ.

അ. ന—എന്നാൽ പുറപ്പെടുകയല്ലേ?

ശ: മേ—അടിയൻ.

അദ്ധ്യായം ൧൩.

അന്ത്യസമാഗമം.

“അമൃതഘനവിമലപരമാത്മബോധോചിത-
മത്യുത്തമാനന്ദയോൽഭൂതനല്ലോഭവാൻ
കളകതവഹൃദിസപടിതതപോബോധേനനീ
കാമകോപദ്വേഷലോഭമോഹാദികം”

സൽഗുണാംബുധിയായും നിസ്തുലവിദ്വാനായും, സത്യപരായണനായും, അത്യുദാരകരുണാനിധിയായും, ഭാഗധേയനിലയനായും

ശ്രുതിഭ്രഷ്ടപാദസേവകനായും ഇരിക്കുന്ന ആയില്യം തിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടാകട്ടെ പതിനഞ്ചു സംവത്സരത്തെ ശ്ലാഘ്യമായ ഭരണത്താൽ ദിഗന്തരങ്ങളിൽ പോലും ഉജ്ജ്വലപ്രഭയോടുകൂടി പ്രകാശിക്കുന്ന തേജോവ്യക്തിയായിത്തീർന്നിരിക്കുന്നു. കോയിപ്പണ്ടാലയെ സംബന്ധിച്ചേടത്തോളം ഈ ഭാസുരബിംബം ഭാവിജിഹ്മമസ്തകപടലത്താൽ ഗ്രസിക്കപ്പെട്ടിരിക്കുന്നു. "വന്നു ഭവിക്കാനുള്ള വിപത്തുകൾ നമ്മൾക്കിന്നു തടുപ്പാനെളുതോ?" എന്നാണ് എല്ലാവരുടേയും സമാധാനം. തിരുമനസ്സിലേക്കു മാത്രം എന്തോ ഇതുകൊണ്ടുതന്നെ സ്വസ്ഥമായിരിപ്പാൻ മനസ്സു വരുന്നില്ല. ഭടകഞ്ചുകധാരിയായി ഭാവിജിഹ്മസൈന്യനിരയെ ധ്വംസനം ചെയ്തിട്ടു നിർമ്മലമായ അന്തരിക്ഷത്തിൽ പ്രഘാടനഭയമില്ലാതെ നിസ്തുല്യമായി വിളങ്ങണമെന്നുള്ള മോഹത്താൽ തിരുമനസ്സുകൊണ്ട് ഇപ്പോൾ അനിരുദ്ധമായ ശക്തിയോടുകൂടി ആസ്ഥാനമണ്ഡപത്തിൽ എഴുന്നള്ളിയിരിക്കുന്നു. ഏഷണിക്കൂട്ടത്തിന്റെ ദുഷ്ടാമന്ത്രിതങ്ങളായ ദുരാശയങ്ങൾ ഒന്നുംതന്നെ തിരുമനസ്സിലെ ഹൃദയമർമ്മത്തിൽ സംക്രമിക്കുന്നില്ല. ഇത്രനാളും തന്റെ ഹൃദന്തത്തിൽ കുടികൊണ്ടിരുന്ന അഹിമയഭൂതത്തെ ഉഴിഞ്ഞുനീക്കി ആലിന്മേൽ തറച്ചിരുത്തിക്കഴിഞ്ഞിരിക്കുന്നു. തജ്ജാതീയങ്ങളായ ചപ്പുചിപ്പുദുർവ്വിചാരങ്ങൾ എല്ലാററിനേയും നിമജ്ജനം ചെയ്തിരിക്കുന്നു. മനസ്സുശുദ്ധമായ. മുന്നേതിലും ശോഭകലർന്നു പ്രകാശിക്കുന്നു. തിരുമനസ്സുകൊണ്ട് സ്വാംഗം വമിച്ചുകൊണ്ടിരിക്കുന്ന പ്രസന്നതയുടെ ശുഭ്രകിരണങ്ങൾ ശോകാവേശത്താൽ അന്ധകാരത്തിൽ മുഴുകിയിരിക്കുന്ന കോയിപ്പണ്ടാലയുടെ കൊട്ടാരത്തിലും നിർവ്വിഘ്നംപ്രവേശിക്കുന്നു. "കഴിഞ്ഞതെല്ലാം മറന്നുകളയൂ; ഇനി വൈസ്വരക്കേടില്ലാതെ നമുക്കെല്ലാവർക്കും സുഖമായിരിക്കാം. മുന്നേമുക്കാൽ നാഴികനേരം കണ്ടതോടുകൂടി പാപനിവൃത്തി വന്നുകഴിഞ്ഞു;" എന്നിങ്ങനെ മുഖത്തോടുമുഖം കണ്ട് ആശ്വസിപ്പിച്ചയയ്ക്കണമെന്നുറച്ചു തിരുമനസ്സുകൊണ്ടു കോയിപ്പണ്ടാലയ്ക്ക് ആളയയ്ക്കുന്നു. അഹിശയനാ! അഹിമയവൈരൂപ്യം നീങ്ങി സ്വരൂപം കണ്ട ഞങ്ങളുടെ ഭൂപാലന്തിരുമേനിയുടെ ജയക്കൊടി എപ്പോഴും പാറന്നുകൊണ്ടിരിപ്പാൻ കടാക്ഷിക്കണേ! ഭുജംഗഗർവ്വവും ഫണം ഉയർത്താതിരിക്കണേ!.

കോയിത്തമ്പുരാന്റെ വരവിനെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ മഹാരാജാവിന്റെ ലഘുതമമായ ചിത്തരംഗത്തിൽ വൈസ്വരമായും ശാന്തമായും പല വിചാരവീചീപരമ്പരകളും മൃദുവായിച്ചുരുണ്ടുകയറിക്കൊണ്ടിരിക്കുന്നു. തുകൈക്കകളിൽ ഒരു കള്ളും അലസഭാവത്തിൽ മന്ദസ്മിതംചെയ്യുന്നു. കത്തുതുറന്നു പലവുരുവായി

ക്കന്തോറും തിരുമനസ്സിലെ തൃപ്തി അധികപ്പെട്ടുന്നതേയുള്ളൂ. ജംതാരമോദനായി തുടരെത്തുടരെ കോൾമയിർക്കൊള്ളുന്ന തിരുമേനിയുടെ മനോവികാസത്തിന്റെ സൂക്ഷ്മാഡംബരങ്ങളെ നോക്കി ആനന്ദിക്കുവിൻ!

“അവനവന്റെ സുഖദുഃഖങ്ങൾക്കെല്ലാം കാരണം അവനവൻ തന്നെയാണ്. അഹിഭയഗുഹയുടെ അന്തരാളത്തിൽ ക്രൂരാക്ഷികളൂത്തു വിറച്ചുവെറങ്ങലിച്ചുകിടന്ന് കണ്ണീരൊഴുക്കിക്കൊണ്ടു നിലവിളിച്ച ശിശുവിനാണോ 'മഹാരാജ്'പട്ടം ഇദംപ്രഥമമായി ലഭിച്ചിട്ടുള്ളതു? കിരീടം ധരിച്ചാൽ രാജപദവിയായില്ല. ഉടവാളുവീശിയാൽ രാജപൌരുഷം വരികയില്ല. കോയിപ്പണ്ടാലയം ഹിംസിച്ചാൽ കീർത്തിലഭിക്കുകയില്ല. കല്പവൃക്ഷം മുറിച്ചുതള്ളണമെന്നല്ല ചന്ദ്രഹാസത്തിന്റെ ഉദ്ദേശം. അനന്തിരവൾ കണ്ഠത്തിന്റെ കഴുത്തിൽ രണ്ടാമതൊരു വർമ്മനെ തൂക്കിയിടണമെന്നു നിശ്ചയിച്ച ഞാനാണോ യഥാർത്ഥകാരണവൻ? കാശുമാല കെട്ടിക്കുന്നതുപോലെയുള്ള കൗതുകമല്ലേ എനിക്കു തോന്നിയുള്ളൂ. ശിവനേ! നല്ല നീതിന്യായപരിപാലനം

എനിക്കു പററിയ ജളത എന്റെ പിൻവാഴ്ചക്കാർക്കു പാഠമായിരിക്കട്ടെ. അധികം കലശലു കൂട്ടുന്നതിനുമുമ്പേ എന്റെ മനസ്സു സ്വാസ്ഥ്യമായതുതന്നെ ഈശ്വരാനുഗ്രഹം. സമക്കളിയായി നിത്തേണമെന്നു ശേഷയ്യാശാസ്ത്രി പറഞ്ഞതു കേൾക്കാത്തതുകൊണ്ടു എനിക്കുതന്നെ ഊണിനും ഉറക്കത്തിനും സുഖമില്ലാതായി. പത്തുപതിനഞ്ചുദിവസമായി ഞാൻ അനുഭവിച്ച ദുഃഖം പറഞ്ഞറിയിക്കാൻ പ്രയാസം. ദേഹം കടുകടെ ഉണങ്ങിപ്പോയി. മനസ്സും അതുപോലെതന്നെ. പഴയ താരുണ്യസുഭഗത വരണമെങ്കിൽ ക്രൂരവികാരങ്ങളെ ത്യജിക്കണം. ശരീരരക്ഷയ്ക്കു തീനിൽ പാതിയേയെന്നു പറയുന്നുണ്ട്. അതോടുകൂടി ശുദ്ധമനസ്സും ഉണ്ടെങ്കിൽ എന്നും പതിനാറു വയസ്സായിരിക്കാം. മനസ്സമാധാനമില്ലാത്തവൻ എത്ര തിന്നാലും തേച്ചാലും ഒരു പ്രയോജനവുമില്ല. അഹിഭയഗുഹയെ വിട്ടു ശംഖുമുഖത്തെ കാററുകൊണ്ടുതുടങ്ങിയപ്പോൾ എനിക്കു പൂർണ്ണസൗഖ്യം കിട്ടി. അതിനാൽ സ്വാർത്ഥത്തെ ഉദ്ദേശിച്ചെങ്കിലും അനിഷ്ടകർമ്മം പ്രവർത്തിക്കാതിരിക്കണം.

“എന്തോ മുൻകോപംകൊണ്ടു എനിക്കിങ്ങനെയൊരവിവേകം തോന്നിപ്പോയി. ദുർന്നയകക്ഷികളുടെ ശതമുഖവിമർശനം തന്നെ പ്രകൃതത്തിൽ എന്റെ നീചകർമ്മം ഒതുക്കുവാൻ വളരെ സഹായിച്ചു. ഇരവിയൻതമ്പിയേയും ഗോദവർമ്മനേയും മുതൽപ്പേരെയും ഉടനെ തോവാളക്കോട്ടകടത്തണം. 'തക്ഷക'മാസികയുടെ പ്ര

ത്തികളെല്ലാം തീയിലിട്ടു ഭസ്മമാക്കണം. മുറജപം കഴിഞ്ഞിട്ടു ലക്ഷദീപം ആവർത്തിച്ചാൽ വേണ്ടില്ല. കണ്ണിൽ കൊള്ളാനുള്ളതു പുരിയത്തിലായതു ഭാഗ്യം. ചേർണ്ണാട്ടുകുടുംബത്തിന്റെ സുകൃതം.

"എന്നോടു രസമില്ലാതെ പിരിഞ്ഞുവെങ്കിലും മാധവരായർ വളരെ സ്ഥായിയുള്ളവനാണ്. അല്ലെങ്കിൽ ഈ ആപത്തുകാലത്തു് ഇങ്ങനെ എന്നെ ഗുണദോഷിക്കണമെന്നു തോന്നേണമല്ലോ. എത്രപ്രാവശ്യം വായിച്ചിട്ടും പിന്നെയും അയ്യാളുടെ കത്തു വായിക്കണമെന്നു തോന്നുന്നതുതന്നെ എന്റെ ദുഷ്കാലം നീങ്ങിയതിനു അടയാളമാണ്. ഒന്നുകൂടി വായിക്കട്ടെ.

ഇൻഡോർ
൧൧-൮-൯൦

ശ്രീ.

അവിടുത്തേക്കു് ഇപ്രകാരം ഒരു കത്തെഴുതുവാൻ ഞാൻ എടുത്തിട്ടുള്ള സ്വാതന്ത്ര്യം ദയവായി ക്ഷമിക്കണമെന്നപേക്ഷ.

അവിടുത്തേക്കു എന്നോടു തൃപ്തിയില്ലെന്നു വന്നപ്പോൾ എനിക്കു രാജികൊടുപ്പാൻ തോന്നിയെന്നേ പറയേണ്ടു. എങ്കിലും അവിടുത്തെയും അമ്മാമൻതമ്പുരാന്റെയും കാലത്തു പതിന്നാലു സംവത്സരത്തോളം വലിയ പരാതിക്കിടയാവാതെ എന്റെ ജോലിനിർവ്വഹിച്ചുവന്നതിൽ എനിക്കു അസാമാന്യചാരിതാർത്ഥ്യമുണ്ടു്. അവിടുത്തെ ദീർഘദൃഷ്ടിയിൽ ചെയ്തിട്ടുള്ള പരിഷ്കാരങ്ങൾ രാജ്യഭാരസൂത്രത്തിന്റെ നട്ടപ്പിണിയാണെന്നു സംശയമില്ല. അവിടെനിന്നു പഠിക്കാനിടയായ സദ്വിഷയങ്ങൾ ഇവിടെയും എനിക്കു വളരെ ഉപകരിക്കുന്നുണ്ടു. അവിടുത്തെ പരിചരിച്ചിരുന്നിട്ടുള്ള ഭാഗ്യദിനങ്ങൾ ആവർത്തിച്ചു കാണ്മാൻ ആശ ഇല്ലെന്നില്ല എന്നാൽ എന്നേക്കാൾ യോഗ്യന്മാരായ ഉപദേശകർത്താക്കന്മാരാണു ശേഷയ്യാശാസ്ത്രിയും നാണുപിള്ളയും. അതുകൊണ്ടു് ഞാൻ സ്വാതന്ത്ര്യതല്പരതയിൽ നിന്നു വിരമിച്ചുകൊള്ളുന്നു. എന്നെ നറോഡായിക്കു ക്ഷണിച്ചിട്ടുണ്ടു്. ഇവിടത്തെ കാലാവധിതീർന്നാൽ അങ്ങോട്ടു പോയേക്കാം. എവിടെപ്പോയാലും പത്മനാഭന്റെ ആയിരംവെള്ളി അവിടുന്നു കല്പിച്ചുന്ന വടിച്ചതുകൊണ്ടേ ഞാൻ ഉപജീവനം കഴിക്കയുള്ളൂ. അതു മറക്കാൻ പാടില്ലാത്തതാണ്. അവിടുത്തെയോടുള്ള കടം മരിച്ചാലും തീർന്നുപോകുന്നതല്ല.

അവിടുന്നും മാധവരായരെ മറക്കയില്ലെന്നാണു വിശ്വാസം. അവിടുത്തെ ജലപിശാചുകൊണ്ടു നമ്മൾ തമ്മിൽ അഭി

പ്രായവ്യത്യാസം വന്നുപോയെങ്കിലും എനിക്ക് അവിടത്തെയോടു തോന്നീട്ടുള്ള ഭക്തിക്കും ബഹുമാനത്തിനും ഈഷൽ കുറവു വന്നിട്ടില്ല. അഹിഭയമല്ലാതെ അവിടത്തെ വീര്യത്തിനും പൌരുഷത്തിനും ഇതരകളങ്കം ഒന്നുംതന്നെ ഇല്ല. അതു കളങ്കമാണെന്നു ഞാൻ സധൈര്യം തുറന്നു പറയുകയും ചെയ്യും.

'അഹിഭയം' എന്നു നെററിയിൽ കുറിച്ചിട്ടുള്ള ഒരു വികൃതരൂപം അനന്തന്റെ ആയിരം ഫണങ്ങളോടുകൂടി പ്രക്ഷുബ്ധമായി ചീറുന്നതും ഒരു ചെറിയ ആട്ടിൻകുട്ടിയെ തൽസന്നിധിയിലേക്കാഷിക്കുന്നതും, ആട്ടിൻകുട്ടി ക്രൂരസർപ്പത്തിന്റെ വികൃതവക്ത്രത്തിൽ കടക്കുന്നതിനുമുമ്പേ ശ്രീവിശാഖന്റെ പത്രം എന്നുപേരോടുകൂടിയ ഒരു മയിൽകോഴി ഉടനെ രംഗത്തിൽ അവതരിക്കുന്നതും, ആട്ടിൻകുട്ടിയെ രക്ഷിക്കുന്നതും അഹിഭയകാലന്റെ പിന്നിൽ അഭയം പ്രാപിച്ചിരിക്കുന്ന ഒരു രാജാവിന്റെ നേരേ ആ രക്ഷസ്സു തിരിഞ്ഞു പായുന്നതും. രാജാവിനെ നിർദ്ദാക്ഷിണ്യം കടിച്ചുകൊല്ലുന്നതുമായ സാധാരണ ഹാസ്യമാസികകളിൽ കാണുന്ന ഒരു 'കോലംകാട്ടി' പടം ഞാൻ കാണുകയുണ്ടായി. ഭദ്രാസ്യപത്രത്തിന്റെ വർഷാന്തരലക്കത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാകയാൽ അവിടുന്നും കണ്ടിരിക്കുമല്ലോ. ഭൈരവമായ ഈ പടത്തിന്റെ പ്രസക്തിയെക്കുറിച്ച് അവിടത്തേക്കുള്ളതുപോലെ ഇതരജനങ്ങൾക്കജ്ഞതൊന്നുമില്ല. ഇതു കണ്ടിട്ട് എനിക്കു വളരെ വ്യസനം തോന്നുന്നു. തിരുവിതാംകൂർ രാജകുടുംബത്തിന്റെ കുലദൈവമായ ശ്രീപത്മനാഭൻ ഈ വിഷമസന്ധിയിൽ തുണയ്ക്കണമെന്നേ എനിക്കു പ്രാർത്ഥനയുള്ളു. അവിടത്തെ ഗുണദോഷിക്കുവാൻ ഞാൻ ആളല്ല. എങ്കിലും ആശ്രിതവത്സലനായ അവിടുന്നു മാധവരായരെ തീരെ തള്ളിക്കളയുകയില്ലെന്നുള്ള പ്രതീക്ഷയോടുകൂടി ഇതിനെ തൃപ്പാദങ്ങളിൽ സമർപ്പിച്ചുകൊള്ളുന്നു.

അവിടത്തെ കരുണകൊണ്ടു് ഈയുള്ളവനു സുഖംതന്നെ.

എന്നു്, ബഹുമാനപുരസ്സരം,

അവിടത്തെ ആശ്രിതൻ

മാധവരായർ (ഒപ്പ്)

“ഈ കത്തിൽ സൂചിപ്പിച്ചിരിക്കുന്ന പടത്തിന്റെ സാരാംശം ഞാനും കണ്ടയുടനേ ഗ്രഹിച്ചു. എനിക്കും മാധവരായരുടെ അഭിപ്രായം ഉടനേ ഉണ്ടാകാതിരുന്നില്ല. ഞാൻ എന്തൊരു ഭീരുവാണ്? ഒരടിസ്ഥാനവുമില്ലാത്ത ഭയം സ്വാധീനമാക്കിക്കൊണ്ടു കഴ

മരം നാട്ടുവാൻ ആരംഭിക്കുന്നതു് എത്ര സാഹസം? എന്റെ കേരളവർമ്മാവേ! ഞാൻതന്നെയാണു അപരാധി. എന്റെ കുറ്റം സമ്മതിച്ചതുകൊണ്ടു് എനിക്കു കുറവു വരികയില്ല. അന്ധാളിപ്പുവരുന്നതു മാനുഷികം; ക്ഷമിക്കുന്നതു ദൈവികം; തെറ്റിദ്ധാരണകൊണ്ടു പരസ്പരം ഉണ്ടായിട്ടുള്ള അബദ്ധവിശ്വാസങ്ങൾ പരസ്പരം മറക്കുകയും ക്ഷമിക്കുകയും ചെയ്തുകളയാം.

“മാധവരായരെപ്പോലെയുള്ള യഥാർത്ഥയോഗ്യന്മാരുടെ സഹകരണം കൊണ്ടാണു വഞ്ചിനാടു മാതൃകാരാജ്യമായി തീർന്നിട്ടുള്ളതു്. ആ മഹാന്റെ ഓർമ്മയെ നിലനിർത്തുന്നതിനു ശരിയായ സ്മാരകം നിർമ്മിക്കണമെന്നാണു് എന്റെ ആഗ്രഹം. പുത്തൻകച്ചേരി പണിഞ്ഞിട്ടുള്ളതു് അദ്ദേഹത്തിന്റെ പ്ലാനനുസരിച്ചാണു്. അതിന്റെ മുൻഭാഗത്തുതന്നെ രായരുടെ ലോഹപ്രതിമ പ്രതിഷ്ഠിച്ചാൽ അദ്ദേഹത്തിന്റെ മഹിമയേ ‘തൃണീകൃതാശേഷജനപ്രഭാവ’നെന്നു് എന്നെന്നേക്കും സർവ്വജനങ്ങളും കൊണ്ടാടിക്കൊണ്ടിരിക്കുന്നതാണു്.

“കോയിപ്പണ്ടാലയുടെ ശതകം മുഴുവനും വായിച്ചുനോക്കണം. മനസ്സു ചുട്ടിരിക്കുമ്പോൾ എഴുതിയിട്ടുള്ളതാകയാൽ നല്ല കവിതയായിരിക്കും. സൽകവിതാപഥത്തിലേക്കുള്ള മാർഗ്ഗം വെട്ടിത്തെളിക്കുവാൻ സന്ദർഭം നിർമ്മിക്കുകയാണെന്നു രാജ്ഞിയോടു നേരംപോക്കു പറഞ്ഞതും സഫലമായെങ്കിൽ നന്നുതന്നെ. ആശിച്ചിരിക്കാത്തതായ ഒരു സമ്മാനവും കോയിപ്പണ്ടാലയ്ക്കു കൊടുത്തയയ്ക്കണം.

“ഇടയ്ക്കു് ഇന്നത്തെ തപ്പാൽ നോക്കിത്തീർക്കട്ടെ. പുനർവ്വിവാഹത്തെപ്പറ്റിയുള്ള പലേ അഭിപ്രായങ്ങളും പത്രത്തിൽ കണ്ടു കണ്ടു മുഷിഞ്ഞു. എല്ലാത്തിനേയും ഖണ്ഡിച്ചു സർക്കാർ അച്ചുക്കൂടത്തിൽനിന്നും ഒരു ലഘുപത്രിക അടിച്ചിറക്കുവാൻ ഏർപ്പാടു ചെയ്യണം. പാവം, കുഞ്ഞിന്റെ പേരും ഇതിനിടയിലിട്ടു് അമ്മാനയാടുവാൻ സംഗതിയായതിൽ വളരെ കുണ്ഠിതമുണ്ടു്. പോകട്ടെ; ശനിപ്പിഴ നീങ്ങിയല്ലോ. അവർ രണ്ടുപേരും നളനും ദമയന്തിയും പോലെ വളരെക്കാലം സുഖിച്ചിരിപ്പാൻ പത്മനാഭൻ അനുഗ്രഹിക്കട്ടെ”

മഹാരാജാവു തിരുമനസ്സുകൊണ്ടു കൃതകൃത്യനായി. ഒരു ദുഷ്ടവിചാരം ഏശാൻ സമ്മതിക്കുന്നില്ല. കോയിപ്പണ്ടാലയുടേയും മഹാരാജ്ഞിയുടേയും ദുഷ്കാലം നീങ്ങിയോ? നാളെ ലക്ഷദീപമാണു്. തിരുമനസ്സിലെ പിന്നാലെ ശീവേലി സമയത്തു ലക്ഷദീപം തൊഴ

വാൻ വലിയകോയിത്തമ്പുരാനു ഭാഗ്യമുണ്ടോ? അഥവാ അണയാൻ പോകുന്ന ദീപത്തിന്റെ പ്രകാശം മാത്രമായിരിക്കുമോ? തിരുമേനിയെ ജനനാൽതന്നെ ബാധിച്ചിട്ടുള്ള അഹിഭയം — അതികഠിനമായിരിക്കുന്ന ദുഷ്ടഭൂതത്തിന്റെ ആവേശം — ആണിയും കയറുംകൊണ്ടുമാത്രം ഒഴിയുന്നതാണോ? ഇരവിയൻതമ്പിപ്രഭൃതികളുടെ വിഷലിപ്തങ്ങളായ അസ്ത്രപ്രയോഗങ്ങൾ പുഷ്പവൃഷ്ടിയായി പരിണമിക്കുമോ? എന്നാൽ ഞങ്ങളുടെ 'പേനയ്ക്കു' ശുഭം എന്നു എഴുതുന്നജോലി മാത്രമേ ശേഷിച്ചിട്ടുള്ളൂ.

അഹോ! എന്തൊരത്ഭുതം! ഞങ്ങളുടെ പേന ആരോ അമാനുഷൻ ഒരു തട്ടുതട്ടുന്നു. "വിധിവിഹിതത്തെ മാററാൻ മതിയാല സാദ്ധ്യമല്ലോ" എന്നൊരു മേഘനാദം കേൾക്കുന്നു. ഇരവിയൻ തമ്പിയുടെ ആഫീസുമുറിയിൽ ആർപ്പുവിളിയും തകർപ്പും കോലാഹലംതന്നെ മഹാരാജാവു തിരുമനസ്സിലെ ഹൃദയചന്ദ്രൻ അസ്തമിക്കുന്നു! അന്ധകാരം അകത്തും പുറത്തും ഒരുപോലെ ഘനത്തിൽ പരക്കുന്നു! കൊട്ടാരം അന്തരിക്കുന്നു! തിരുമനസ്സുകൊണ്ടു പരിഭ്രാന്തനായി പതറുന്നു! വിറയ്ക്കുന്നു! ഇരുട്ടുഗുഹയിൽ നക്ഷത്രമെണ്ണുന്നു! അഹിസേന ചുററിലും ചീറുന്നു! പാറുന്നു! ഫൂൽക്കാരം മുഴക്കുന്നു! തിരുമനസ്സുകൊണ്ടു സ്വബോധരഹിതനായി അലറുന്നു!

സ്വപ്നമോ? മായയോ? മതിഭ്രാന്തിയോ? അപസ്മാരമോ? അനന്തൻകാട്ടിലെ യക്ഷിയോ? മഹാരാജാവിന്റെ അധഃപതനത്തിനു ഹേതുവെന്തേ? ശിവ! ശിവ! അഹിഭയശൈലം രണ്ടാമതും ഉദാരിച്ചിരിക്കുന്നു!

നോക്കുവിൻ! മഹായുദ്ധം നടക്കുന്നു! തക്ഷകസൈന്യം തകർത്തുകയറുന്നു! മഹാരാജാവിനെ തറയിൽ പതിപ്പിക്കുന്നു! കീഴടക്കുന്നു! ബന്ധനസ്ഥനാക്കുന്നു! രാജലക്ഷ്മിയുടെ വസ്ത്രാക്ഷേപം നടത്തുന്നു! അപമാനിക്കുന്നു! സ്ഥൈര്യധൈര്യവീര്യശൗര്യാദികളായ അലങ്കാരചിഹ്നങ്ങളെ അപഹരിക്കുന്നു! ധ്വംസനം ചെയ്യുന്നു! സ്ഥിരനിശ്ചയാഖ്യമായ വജ്രകഞ്ചുകം അടിച്ചുപൊടിയാക്കി കാററത്തു പറപ്പിക്കുന്നു! പത്മനാഭന്റെ ശംഖമുദ്രയോടുകൂടിയ രാജകിരീടം മണ്ണിൽകിടന്നുരുളുന്നു! ധൂർത്തന്മാരായ പട്ടാളക്കാർ അതിനെ ചവിട്ടിത്തുള്ളുന്നു! പത്മനാഭന്റെ ഉടവാൾ — നൂററിരുപത്തഞ്ചു വത്സരങ്ങളായി വഞ്ചിരാജാക്കന്മാർ ധരിച്ചുവന്ന വാൾ — കളങ്കമില്ലാതെ സൂക്ഷിക്കണമെന്ന സമാധിയുപദേശത്തോടുകൂടി പിൻവാഴ്ചക്കാരെ ഏല്പിച്ചിട്ടുള്ള മാർത്താണ്ഡവർമ്മയുടെ വാൾ — ശ്രീപത്മനാഭദാസപട്ടത്തിന്റെ സ്ഥൂലചിഹ്നമായ വാൾ — ഇതാ ഇപ്പോൾ

അഹിഭയചക്രവർത്തിയുടെ ആക്രമണത്തിൽ ഏറുന്താറായി നുറുങ്ങുന്നു! മഹാരാജാവു സ്ഥാനത്യാഗം ചെയ്യുന്നു! തക്ഷകന്റെ പട്ടാഭിഷേകം നടക്കുന്നു! അഹിഭയ ചക്രവർത്തിക്കു ഭുജങ്ഗർക്ഷജൻ കപ്പംകൊടുക്കട്ടെ! എന്നു ഭേരീനാദം മുഴങ്ങുന്നു!

രാജാവു — ആയോധനനിയമങ്ങളെ തൃണീകരിച്ചു ആക്രമിച്ചിരിക്കുന്ന കാപ്പിരിവർഗ്ഗം ഏതാണ്?

തക്ഷകൻ — അഹിഭയശൈലാധിപനായ തക്ഷകനും സേനയും.

രാജാവ് — കുലശേഖരപ്പെരുമാക്കന്മാരെ ജയിപ്പാൻ എളുപ്പമാണോ?

തക്ഷകൻ — ആയില്യംതിരുനാളിനെ തോല്പിക്കുന്നതു ക്ഷിപ്രസാദ്ധ്യം.

രാജാവു — പ്രാണാവസാനത്തോളം നടക്കുന്നതല്ല.

തക്ഷകൻ — വാളും കിരീടവും പോയതു കണ്ടില്ലേ? ചെല്ലും പോയെങ്കിലും താക്കോൽ പൂണൂലിൽ തൂങ്ങുന്നുണ്ടെന്നു നമ്പൂതിരി പറയുംപോലെയാണ് അവിടുത്തെ കാര്യം.

രാജാവ് — വാളുപോയാൽ മുഷ്ടിയുദ്ധം ചെയ്യും. ഞാൻ തോറ്റുവെന്നു ചരമശ്വാസംവരെ സമ്മതിക്കയില്ല.

തക്ഷകൻ — കൈകൊണ്ടാകാമോ എന്നു പരീക്ഷിക്കുക. സർപ്പപാശത്താൽ ഇറുക്കിക്കെട്ടിയിരിക്കുന്നതു കണ്ടുവോ?

രാജാവ് — എന്നെ എന്തുചെയ്യാനാണു ഭാവം?

തക്ഷകൻ — എന്റെ അടിമയായി ഇരുത്താനാണു ഭാവം.

രാജാവു — ഇരുപത്തൊൻപതാമാണ്ടു ചെറുമക്കൾക്കുകൂടെ സ്വാതന്ത്ര്യം അമ്മാമൻ കല്പിച്ചുകൊടുത്തു. പിന്നെയാണോ അധമാധമനായിരിക്കുന്ന നീ—ഇഴയുന്നകൂട്ടം—മണ്ണുതിന്നുന്നകൂട്ടം—ഇടിമുഴക്കംകേട്ടു മാളയിലൊളിക്കുന്ന കൂട്ടം—അഹിശയനദാസനെ അടിമയാക്കുവാൻ ഭാവിക്കുന്നതു? ഒന്നുകിൽ മരിക്കണം, ഇല്ലെങ്കിൽ കാലില്ലാവർഗ്ഗത്തിനെ ജയിക്കണം. നിന്റെ ഹിംസകാസ്ത്രം എന്തെല്ലാമാണ്? പ്രയോഗിക്കൂ കാണട്ടെ.

തക്ഷകൻ — അവിടുത്തെ മൃദുശരീരം കഴഞ്ചുകഴഞ്ചായി കടിച്ചുകീറുന്നതാണ് ആദ്യത്തെ അഭ്യാസം.

രാജാവു — അതുകൊണ്ടു നിന്നെ കുമ്പിടുമെന്നോ മൂഢാ! നീ

വിചാരിക്കുന്നതു്? പരീക്ഷിക്കുക; ആയില്യം തിരുനാൾ ഒരു ശത്രുവിനു കീഴ്പ്പെട്ടതായ ആക്ഷേപം വരുത്തിവെയ്ക്കുകയില്ല.

തക്ഷകൻ—കാളിയാ! കാർക്കോടകാ! എന്റെ അമാത്യന്മാരെല്ലാം എവിടെ? ഇദ്ദേഹം നമുക്കു വശപ്പെടുന്ന മട്ടുകാണുന്നില്ല. നിങ്ങളുടെ മനോധർമ്മംപോലെ ഇദ്ദേഹത്തിനെ എന്തുവേണമെങ്കിലും ചെയ്തുകൊള്ളുവിൻ.

രാജാവു് – ഓഹോ! ഞാൻ തെയ്യാറുതന്നെ. ആരംഭിക്കുവിൻ. ഞാൻ മൃത്യുവിനെ ഭയപ്പെടുന്നവനല്ല. ഒന്നു നിശ്ചയിച്ചാൽ അതിനു ഇളക്കവുമില്ല.

തക്ഷകൻ—ആദ്യമായി പാലാഴിമഥനം തന്നെയാകട്ടെ. പണ്ടത്തെ മത്തു തേഞ്ഞുപോയി. ഇദ്ദേഹത്തെ ഇട്ടു കടഞ്ഞുകളയാം. എന്താ തിരുമനസ്സിലേക്കു സമ്മതമാണോ?

രാജാവു്—എന്റെ സമ്മതം നോക്കേണ്ടല്ലോ. നിങ്ങളുടെ അകൃത്യത്തിനു നിങ്ങൾതന്നെ ഉത്തരവാദി. എന്റെ നായർപട്ടാളത്തിനെ വിളിക്കാൻ സമയമില്ലാതായതു നിങ്ങളുടെ നല്ലകാലം.

തക്ഷകൻ—യുദ്ധംചെയ്തു രാജ്യം സുരക്ഷിതമാക്കുവാൻ നായന്മാർ വേണമല്ലേ?

രാ—പിന്നെയല്ലാതാരുണ്ടു്? യുദ്ധവീരന്മാരും യഥാർത്ഥരാജഭക്തിയുള്ളവരും അവർതന്നെ.

തക്ഷകൻ—ഉദ്യോഗം ഭരിക്കാനും അഗ്രശാലയിലെ അരിയെത്തിക്കാനും നാവ്വാണി വാങ്ങാനും തഞ്ചാവൂർ കുംഭകോണത്തിലെ പിൻകുടുമിക്കാരപ്പോലെ യോഗ്യതയുള്ളവർ ഈ രാജ്യത്തില്ലായിരിക്കുമോ? ഒരു ശാസ്ത്രിയും ശർമ്മയും അയ്യരും ഈ ഗുഹയിൽനിന്നു വഴികാണിക്കട്ടെയെന്നു കല്പിക്കരുതേ?

രാജാവു് ഉത്തരം പറഞ്ഞില്ല.

തക്ഷകൻ—അധർമ്മം ചെയ്തുകൊണ്ടു ധർമ്മമെന്ന പേരോടു കൂടി കള്ളനാണയം കൈമാറുന്ന ഈ രാജാവിനെ വച്ചുകൊണ്ടിരിപ്പാൻ പാടില്ല. നമുക്കു ഇയ്യാളുടെ കപ്പവും വേണ്ടാ. അടിമത്തവും വേണ്ടാ നമ്മുടെ സാമന്തനായിരിപ്പാൻ ഈ മഹാരാജാവിനു യോഗ്യതപോരാ ബ്രിട്ടീഷുകമ്മട്ടത്തിൽനിന്നു വർഷാവർഷം അടിച്ചുവിടുന്ന ബിരുദുലഭിച്ചതുകൊണ്ടു മഹാരാജാവായോ? വാസുകിതന്നെ കയറാകട്ടെ! കടഞ്ഞു തുടങ്ങിക്കൊള്ളുവിൻ.

മഹാരാജാവിനെ മത്തുപോലെ കറക്കിത്തുടങ്ങുന്നു. "അയ്യോ" എന്നു് ഒരു ശബ്ദമേ വെളിയിൽ കേൾക്കുന്നുള്ളൂ. തിരുമനസ്സുകൊണ്ടു പ്രജ്ഞയില്ലാതെ നിലത്തു വീഴുന്നു.

ഇതെന്തൊരു കഥ കേട്ടാണെന്നു തങ്ങളിൽ മന്ത്രിച്ചുകൊണ്ടു പട്ടക്കാരന്മാർ പൊന്നുതമ്പുരാനെ പള്ളിയറയിൽ കൊണ്ടുപോയി കിടത്തി. അനേകവിധ ദുസ്സ്വപ്നങ്ങളോടുകൂടി രണ്ടുമൂന്നു നാഴിക തിരുമനസ്സുകൊണ്ടു പള്ളികൊണ്ടു. ഉണർന്നു നോക്കിയപ്പോൾ അപരിചിതയായ ഒരു സ്ത്രീ സമീപത്തിൽ ഇരിക്കുന്നതു തൃക്കൺപാർത്തു. ഹേയി! മീനകേതനചരിത്രം എഴുതാൻ പോയതു ആപത്തായി. മാറിമാറി നാടകകഥകളിലെ രംഗങ്ങൾ എന്റെ മുമ്പിൽ ആടിക്കൊണ്ടിരിക്കുന്നു. അതിൽ ഞാനും വേഷംകെട്ടി അഭിനയിക്കണമെന്നോ ബ്രഹ്മകല്പിതം? അഹിഭയചക്രവർത്തിയുടെ രണാങ്കണം തീർന്നപ്പോൾ മോഹിനിയുടെ ഗിഞ്ചിനാട്ടമായി. "എന്റെ പത്മനാഭ! ഞാൻ വിഷമിച്ചേ" എന്നു തിരുമനസ്സിൽ പറഞ്ഞയുടനെ അതിന്റെ പ്രതിധ്വനിയോയെന്നു തോന്നുമാറു അടുത്തുണ്ടായിരുന്ന സ്ത്രീ ഇപ്രകാരം അഭിസംബോധനം ചെയ്തു.

സ്ത്രീ:—അല്ലയോ മഹാരാജാവേ! എന്നെക്കണ്ടതും ക്രൂരനായ തക്ഷകന്റെ പ്രഹരങ്ങളേറ്റതും എല്ലാം അവിടുത്തേക്കു് അത്ഭുതമായി തോന്നുന്നുണ്ടായിരിക്കാം. ജഗത്തിങ്കൽ നാമെല്ലാവരും ഓരോരോ രംഗം നിർവ്വഹിപ്പാനായി വേഷം കെട്ടിയിരിക്കയാണല്ലോ. അവനവന്റെ ഭാരം കഴിച്ചുവയ്ക്കാതെ ഈശ്വരൻ സമ്മതിക്കുകയില്ല. അതുകൊണ്ടു് അവിടുന്നു മാത്രം അലസതയിൽ ഇരുന്നു കാലം കളയാമോ?

രാജാവ്:—സൂത്രധാരന്റെ ഭാഷയിൽ ഞാനും സംസാരിക്കാം. ഭവതി ആരാണെന്നറിഞ്ഞാൽ അഹം കൃതാർത്ഥനായി. ഭവതിയുടെ മനോരഥം എന്തായിരിക്കുമോ? എന്റെ ശയനമുറിയിൽ സമ്മതമെന്യേ പ്രവേശിക്കുവാൻ ഭവതിയെ പ്രേരിപ്പിച്ച വിഷയം അറിവാൻ അഹം ഉൽകണ്ഠിതനായിരിക്കുന്നു.

സ്ത്രീ:—അവിടുന്നു ജ്യേഷ്ഠൻ തമ്പുരാന്റെയും അനുജൻ തമ്പുരാന്റെയും വഴിയെ അനുഗമിക്കയാണോ? സംസാരം കേട്ടിട്ടു് ഏകദേശം അങ്ങനെ ഊഹിപ്പാൻ ന്യായമുണ്ടു്.

രാജാവ്:—ശിവശിവ! സാഹസം പറയാതിരിക്കുക. എന്റെ ജ്യേഷ്ഠനും അനുജൻ ഉത്രാടത്തിനും പൂർവ്വജന്മവാസനയാൽ കുറേശ്ശ ബുദ്ധിഭ്രമം ഉള്ളതു വാസ്തവംതന്നെ. എന്നേയും ആ ശേഖരത്തിൽ കൂട്ടുന്നതു ഭംഗിയല്ല.

സ്ത്രീ:—അഹിഭയത്തിന്റെ അഭിചാരകർമ്മത്താൽ അവിടുത്തേക്കും അങ്ങനെയിരിക്കുമ്പോൾ ഇളക്കം തട്ടുന്നുണ്ടെന്നാണു ജനങ്ങളുടെ പ്രസ്താവം. ഇപ്പോൾ കാണുന്ന ചേഷ്ടകൾ ആ വിശ്വാസം ഏറെക്കുറെ ദൃഢീകരിക്കുന്നുമുണ്ട്.

രാജാവ്:—എന്റെ ഇപ്പോഴത്തെ പീഡ അന്യൻ അറിഞ്ഞിരിക്കാനിടയില്ല. എന്നെ രക്ഷകപ്രഭൃതികൾ വന്നാക്രമിച്ചുവെന്നും സിംഹാസനം അഹിഭയചക്രവർത്തി അപഹരിച്ചുവെന്നും ഞാൻ അടിമത്തത്തിനു സമ്മതിക്കാഞ്ഞിട്ടു എന്നെ കാളസർപ്പങ്ങൾ ചുററി കടഞ്ഞുവെന്നും എനിക്കനുഭവമുണ്ടായി. എന്റെ സ്വപ്നമാണോ, അതോ ബുദ്ധിഭേദത്താലുളവായ കൃത്രിമവേഷങ്ങളാണോ? എന്താണെന്നു പറവാൻ ഞാൻ ശക്തനല്ല. പാഴൂർ പടിപ്പുരക്കലെ വിധിയറിഞ്ഞു് ഒഴിവുകാണാതിരുന്നാൽ എന്റെ അന്ത്യകാലം അടുത്തുവെന്നുതന്നെ വിശ്വസിക്കയേവേണ്ടു.

സ്ത്രീ:—ഭയംകൊണ്ടു കോപം; കോപംകൊണ്ടു രാഗദ്വേഷം; രാഗദ്വേഷംകൊണ്ടു സംഖ്യയില്ലാത്ത മാരണങ്ങൾ; മാരണങ്ങളാൽ നാശം. അവിടുത്തെ മാരണങ്ങൾ സർപ്പരൂപം ധരിച്ചിരിക്കുന്നു എല്ലാം മനുഷ്യരുടേയും കാലൻ സന്ദർഭംപോലെ വേഷം ചമയുന്നുവെന്നേയുള്ളു.

രാജാവ്:—എന്നോടിത്ര സ്വാതന്ത്ര്യത്തോടുകൂടി പെരുമാറുന്ന നീ ആരാണു്?

സ്ത്രീ:—അവിടുത്തെ എപ്പോഴും പരിചരിച്ചുകൊണ്ടിരുന്നവൾ-

രാജാവ്—ച്ഛീ!

സ്ത്രീ:—അമ്മച്ചിയല്ല!

രാജാവ്:—കുറച്ചിലിനിടയാക്കാതെ പോകുമോ?

സ്ത്രീ:—അവസാനയാത്ര പറവാൻ വന്നിരിക്കയാണു്.

രാജാവ്:—കണ്ടിട്ടുകൂടെയില്ലാത്ത അന്യയായ ഒരു സ്ത്രീ എന്നോടു യാത്ര പറവാൻ വരികയേ! ആശ്ചര്യം!

സ്ത്രീ:—എന്നെ ദർശിക്കാൻ അവിടുത്തേക്കു മനസ്സുണ്ടാകാഞ്ഞതു് എന്റെ കുററമാണോ? കണ്ടിട്ടില്ലെന്നു നടിക്കുന്നതു പുരുഷപ്രകൃതിയാണ്. ഏതായാലും മഹാരാജാവിനു് ഇതു ഭൂഷണമല്ല.

രാജാവു: – ഇതെന്തൊരു മാരണമോ?

സ്ത്രീ: – ദുഷ്കാലത്തിങ്കൽ മാരണങ്ങൾ ശലഭംപോലെ പൊങ്ങുന്നതാണ്.

രാജാവു:—പൊങ്ങുന്നതുപോലെ ചെറകറു വീഴുന്നതുമാണ്. ഒരു വിളക്കുകത്തിച്ചുവച്ചാൽ മതി.

സ്ത്രീ:—അവിടത്തെ വിളക്കു കെടാൻ പോകുന്നു.

രാജാവു: – അസംബന്ധങ്ങൾ ജല്പിക്കാതെ പൊയ്ക്കൊള്ളുക. എനിക്കു രാജ്യകാര്യങ്ങൾ ഇശ്ശിചെയ്യാനുണ്ട്. പെണ്ണുങ്ങളോട് ആടിക്കൊഴയുവാൻ സമയമില്ല

സ്ത്രീ: — കുട്ടിക്കാലംമുതൽക്കേ അവിടത്തെ ഹൃദയരംഗത്തിൽ പത്മാസനം ഉറപ്പിച്ചിരുന്ന എന്നെ ഇത കഠിനമായി ആട്ടിപ്പുറത്താക്കാമോ?

രാജാവു—നീ ഇവിടംവിട്ടു പോകുമോ ഇല്ലയോ?

സ്ത്രീ: – എന്റെ മനസ്സാലെ പോകുകയില്ല. വളരെക്കാലം ശുശ്രൂഷിച്ച ഒരു മഹാനെ വിട്ടുപോകുവാൻ സങ്കടമുണ്ട്.

രാജാവ്: — 'ക്രമിന്മേൽ കുരു' എന്ന വിധത്തിൽ ഒഴിയാബാധയായിതീന്നിരിക്കുന്നല്ലൊ. ഇനി പട്ടക്കാരനെ വിളിക്കാതെ തരമില്ല.

സ്ത്രീ – പട്ടക്കാരനെക്കൊണ്ടു തല്ലിയിറക്കത്തക്ക സാധനമല്ല. അവിടത്തേക്കു മാത്രമേ ഞാൻ സ്വാധിനയായിരിക്കുന്നുള്ളു. അവിടത്തെ ക്രൂരകരംകൊണ്ടേ എനിക്കു നാശംസംഭവിക്കുതാനും. തക്ഷകൻ അവിടത്തെ ഏതുവിധം ഹിംസിക്കുന്നുവോ അതുപോലെ അവിടുന്നു എന്നേയും ഹിംസിച്ചുകൊള്ളുക. സഹിക്കവയ്യാതാകുമ്പോൾ ഇവിടം വിട്ടു പോകുകയും ചെയ്യും.

രാജാവു—എന്നോടു ഇത കണ്ടു ഭക്തിയുള്ള നീ ആരെന്നു പറയുകയില്ലേ?

സ്ത്രീ—രാജപൌരുഷത്തിന്റെ ഊഷ്മാവു ശമിക്കട്ടെ. അപ്പോൾ പറയാം.

രാജാവ്—എനിക്കു തീരെ ക്ഷമയില്ലാതാകുന്നു. കുഞ്ഞൻപിള്ളെ! ഇവളെ—!

പള്ളിയറക്കാരൻ (പ്രവേശിച്ചിട്ടു) തിരുമനസ്സുകൊണ്ട്.

രാജാവു— ഇവിടെ ആരാനും വന്നുവോ?

കഞ്ഞൻപിള്ള—വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു കല്പിച്ചെഴുന്നള്ളിയിട്ടുണ്ടു്. മറ്റാരെയും അടിയൻ വിടകൊണ്ടു കണ്ടില്ല.

രാജാവു—ഞാൻ ഉറങ്ങുമ്പോൾ ഈ മുറിയിൽ ആരെങ്കിലും പ്രവേശിച്ചുവോ? ഇതിനകത്തു് ഒരു ശബ്ദം കേട്ടുവല്ലോ. ആരുടെയാണു്?

ക: പി—(ആത്മഗതം) തിരുമനസ്സുകൊണ്ടു പറുപറ പുലമ്പുന്നതല്ലാതെ ഞാനൊന്നും കണ്ടുമില്ല, കേട്ടുമില്ല. എന്റെ അറിവില്ലാതെ ഇതിൽ കടക്കാൻ തക്ക ചങ്കുറപ്പുള്ളവർ ഉണ്ടോ?

(പ്രകാശം) അടിയൻ വിടകൊണ്ടു കേട്ടില്ല.

രാജാവു:—എന്റെ ശബ്ദം കേട്ടുവോ?

ക: പി—എറാൻ.

രാജാവു—ആകട്ടെ, അമ്മച്ചി വരുവാൻ പറയൂ. കോയിപ്പണ്ടാല എന്തുചെയ്യുയാണു്.

ക: പി—എന്തോ പടം നോക്കിക്കൊണ്ടിരിക്കയാണു്.

രാജാവു—(ആത്മഗതം) ആ പടംതന്നെ ആയിരിക്കുമോ? വിലാപന്റെ വികാരങ്ങൾ എന്തെല്ലാമോ?

(പ്രകാശം) അവിടെത്തന്നെ ഇരിക്കാൻ പറയൂ. ഉറങ്ങിയെണീക്കാൻ താമസമുണ്ടെന്നറിയിക്കു

ക: പി—എറാൻ. അമ്മച്ചി?

രാജാവു—ഇപ്പോൾതന്നെ വരുവാൻപറയണം. മണിയെത്രയായി?

ക: പി—രണ്ടുമണിയായി (ആത്മഗതം) തിരുമനസ്സിലേയ്ക്കു ശീലായ്മ നല്ലവണ്ണമുണ്ടു്. ഈ സമയത്തു അമ്മച്ചിയെ അന്വേഷിക്കപതിവില്ലാത്തതാണു്. നമുക്കെന്തുവേണം? എങ്ങനേയും ആകട്ടെ. സിംഹത്തെക്കണ്ട ആനയെപ്പോലെ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും വന്നിരിക്കുന്നുണ്ടു്. കാണാൻ പോണ പൂരം പറഞ്ഞു കേൾപ്പിക്കണോ?

രാജാവു്:—(സ്ത്രീയോടു്)നീ ഇവിടെ എങ്ങനെ വന്നുവെന്നും ആരാണെന്നും പറയുകയില്ലേ?

സ്ത്രീ — ഞാൻ അവിടുത്തെക്കൂടെ എപ്പോഴും സഹചരിക്കുന്നവളാണ്. അവിടുത്തെ ദാസിയാണ്. എന്നെ തല്ലാനും കൊല്ലാനും അവിടുത്തേക്ക് അധികാരമുണ്ട്.

രാജാവ് — നിന്നെ തല്ലാനും കൊല്ലാനും ഭാവിച്ചിട്ടില്ല. എന്നെ അപമാനിക്കാതെ പോയാൽ വലിയ ഉപകാരം. അമ്മച്ചി വരാറായി.

സ്ത്രീ — എന്റെ അവസാനയാത്രയാണെന്നു പറഞ്ഞില്ലേ? മൃതികാരകൻ അവിടുന്നാണ്.

രാജാവ് — ഇതെന്തൊരു ശാഠ്യമാണ്? അയ്യോ! അമ്മച്ചി ഇപ്പോൾ വരുമല്ലോ. എന്നെ മദ്ധ്യമമാക്കാനല്ലേ നീ ശ്രമിക്കുന്നതു്? ഞാൻ തൊഴാം, എന്റെ സർവ്വേശ്വരി! വിട്ടുപോകുക.

സ്ത്രീ ആശ്ലേഷത്തിനെന്നപോലെ കൈകളെ നീട്ടിക്കൊണ്ടു പള്ളിമെത്തയിൽ കയറി ഇരുന്നു. ദേഷ്യം സഹിക്കവയ്യാതായിട്ടു മഹാരാജാവ് അടിക്കാൻ കയ്യോങ്ങി. ഉടനെ കതകുതുറന്നു അമ്മച്ചി ഹാജരായി. തിരുമനസ്സുകൊണ്ടു ലജ്ജിച്ചു മറുപുറം തിരിഞ്ഞു കിടന്നു. അപ്പോൾ അവിടെ രണ്ടു സ്ത്രീകൾ കരഞ്ഞുകൊണ്ടിരിക്കുന്നതു കണ്ടു. അമ്മച്ചിയും മഞ്ചത്തിൽ വന്നിരുന്നു. തിരുമനസ്സിലേക്ക തേങ്ങിക്കൊണ്ടു കിടക്കുവാനല്ലാതെ ഒന്നും സംസാരിക്കുന്നതിനു കഴിഞ്ഞില്ല. സ്ത്രീകൾ രണ്ടുപേരും കണ്ണുതുടച്ചുകൊണ്ടു തമ്മിൽ വർത്തമാനം തുടങ്ങി.

ഒന്നാമത്തവൾ — പാറു! നീ ഇടക്കൊച്ചിക്കോ ഭജനത്തിനു പോണെന്നു പറഞ്ഞില്ലേ? എന്താ പോകാഞ്ഞതു്?

പാറു — പോണമെന്നുറച്ചു നേരംകൂടെ നോക്കിയതാണ്. ലക്ഷദീപം തൊഴാതെ പോയാലോയെന്നു പിന്നെ തോന്നി. ഇതുപോലെ ആഘോഷം എപ്പോഴും വരുന്നതാണോ? തിങ്കളാഴ്ച നോയ്മ്പു ഇവിടെയും മുടങ്ങാതെ നടത്താമല്ലോ. കഞ്ചിയമ്മയും എന്റെകൂടെ പോരിക. ചെലവെല്ലാം ഞാൻ സഹിച്ചുകൊള്ളാം.

കഞ്ചിയമ്മ — എനിക്കൊരു ചെറുക്കനൊണ്ടു. അവനെ വിട്ടേച്ചെങ്ങനെയാ ഒരെടത്തു പോണതു്? ഇനി ആ നരന്തിനെയെങ്കിലും കണ്ടോണ്ടിരുന്നാ മതി.

പാറു — അവനേയും കൊണ്ടുപോരണം.

ക: അ: — എല്ലാംകൂടെ എന്റെ കഞ്ഞിനു ഭാരമല്ലേ?

പാറു:—നാരായണ! ഭാരമോ? ദിവസവും സഹസ്രഭോജനം കഴിച്ചുകൊണ്ടിരിക്കുന്ന എനിക്കു ഒരു കുഞ്ഞിനെ തലയിലും ഒചല വഹിക്കാനാണു പ്രയാസം? ഒട്ടും അസ്വാധീനം വിചാരിക്കേണ്ട. വന്നുകൊള്ളുക.

ക: അ—എനിക്കപ്രിയമില്ല. വരാം. നി ആറുങ്കൽ വലിയതമ്പുരാനെ മുഖം കാണിച്ചോ?

പാറു—ഉവ്വ്. നല്ല തമ്പുരാട്ടിയാണ്. ഉള്ളൂരിൽ നിന്ന എഴുന്നള്ളുമ്പോഴും എന്നെയും തിരുമനസ്സിലെ വണ്ടിയിൽ കൂടെയാണു കൊണ്ടുവന്നത്. കൊട്ടാരം അടുക്കുന്നതുവരെ എന്നോട്ട വർത്തമാനം തന്നെയായിരുന്നു. കുഞ്ചിയമ്മ കോയിക്കൽ പോകാറില്ലേ?

ക:—വന്നതോ വന്നു. പോകാണ്ടിരുന്നകൊണ്ടു പലതുമോ ഉണ്ടോ? എന്റെ ചോറല്ലേ? അങ്ങേരുടെ അറുവച്ച ചുററുന്നൊണ്ടു. ദിവസോം ഞാൻ കാണുന്നൊണ്ട്. എന്റെ ഒരു ശാട്യംകൊണ്ടാ കോയിപ്പുറമാലെ അതികം ഉപദ്രവിക്കാത്തത്. മൂക്കു ചെത്താവകനം ചെയ്യുന്നോരൊണ്ടോ? എന്റെ കഷ്ടകാലത്തിന അങ്ങേര്ത്തിനെ എന്തിന കുററം പറയുന്നു?

രാജാവ്:—ഓ!

അമ്മച്ചി;—എന്താണിവിടുന്നെ?

രാജാവ്:—ഒരുത്തിപോയി രണ്ടു പേരായി. മററായ വേഷം മാച്ചാന!

അമ്മച്ചി.—ഇവിടുന്ന എന്തൊന്നാണു പറയുന്നത്. എനിക്കൊരു തുമ്പും സൂത്രവും കിട്ടുന്നില്ല

രാജാവ്:—പാറുവും കുഞ്ചിയും വന്ന നേരത്തിങ്കൽ മാറുപൊളിഞ്ഞതു കണ്ടിതോ മൽപ്രിയേ?

അമ്മച്ചി—ഇവിടുന്നെ!

രാജാവ്—ആ!

അമ്മച്ചി—ഞാൻ വന്നതു കണ്ടില്ലേ?

രാജാവ്—പാറു! കുഞ്ചി! ഇന്നൊരുത്തിയുണ്ടായിരുന്നവളെവിടെ? അവളാണ് അസ്തമയത്തു കഴത്തിൽ തൂങ്ങാൻ ഭാവിച്ചവൾ. പിന്നെ- മഹാരാജാവിന്റെ നമ്മളുടെ ദുഃഖം കണ്ടു ബുദ്ധിഭ്രമിച്ചു പോയി. ഉള്ളതല്ലേ കുഞ്ചിയമ്മേ?

കഞ്ചിയമ്മ—അതെ, നമ്മുടെ പൊന്നു തമ്പുരാനല്ലേ? പാവങ്ങളുടെ വിഷാദംകണ്ടാ അല്ലേത്തിന്റെ ബുദ്ധികലങ്ങിപ്പോകും,

രാജാവ്—കുഞ്ഞുങ്ങളെ, നിങ്ങൾക്കെന്തുവേണം?

അമ്മച്ചി—കുഞ്ഞൻപിള്ളേ?

ക: പി—ഉത്തരവ്!

അമ്മച്ചി—തിരുമനസ്സിലേക്ക എന്തോ ശിലായ്മയാണ് കോയിപ്പണ്ടാലയോട ഇങ്ങോട്ടുവരാൻ പറയു.

കോയിത്തമ്പുരാൻ—(ബദ്ധപ്പെട്ടു വന്നിട്ട) ഇവിടുന്നു!

രാജാവ്—കോയിപ്പണ്ടാല! പടം!

കോ:—(ആത്മഗതം) അഹിഭയം!

(അമ്മച്ചിയോട) പനിനില്ലവണ്ണമുണ്ട്. ആളറിയുന്നുണ്ടോ എന്നു സംശയമാണ്. ഡാക്കരെ വരുത്തണം. പരിഭ്രമിക്കാനില്ല. കുറച്ചുവിടെ പോയിരിക്ക.

രാജാവ്—പാറു! കഞ്ചി! എന്താണു വന്നതു? മററവളുടെ പേരെന്താണ്? നിങ്ങൾക്ക അവളെപ്പോലെ അധികപ്രസംഗമില്ലാത്തതുകൊണ്ടാണ് എനിക്ക സംസാരിക്കാൻ തോന്നുന്നതു്.

പാറു—അവൾ അത്രയ്ക്കു ചീത്തയല്ല. അവിടുത്തേക്ക ദ്രോഹം വരണമെന്നേ അവൾക്കും വിചാരമുള്ളൂ. ഇതാ, അവൾ ഞങ്ങളുടെ അടുത്തുവന്നു. അവളോട കുറച്ചു ദയാനയത്തോടുകൂടി ഇവിടുന്നരുളിച്ചെയ്യണേ!

രാജാവ്—പറഞ്ഞാൽ കേൾക്കാത്തതുകൊണ്ടാണു എനിക്ക ദേഷ്യംവന്നു കൈയോങ്ങിയതു്. അവളോട വിശേഷാൽ വിരോധമൊന്നും എനിക്കതോന്നുന്നില്ല.

പാറു—കമലാക്ഷി! തിരുമനസ്സിലേയ്ക്കു നിന്നോടുവിരോധമില്ല. അടുത്തുവന്നു സംസാരിക്ക

കമലാക്ഷി—ഇന്നേവരെ എന്നോട് ആലിചിക്കാതെ തിരുമനസ്സുകൊണ്ട് ഒരു കാര്യം പറഞ്ഞിട്ടുമില്ല, പ്രവൎത്തിച്ചിട്ടുമില്ല-ഇന്നുമാത്രം എന്നെ അറിഞ്ഞില്ലെന്നു നടിച്ചതിൽ എനിക്ക സഹിച്ചുകൂടാത്ത സങ്കടമുണ്ട്. പെട്ടെന്നമ്മച്ചി കയറിവന്നിരുന്നില്ലെങ്കിൽ അന്നം കാട്ടാതെ ഞാനൊക്കെ തന്നെ ശേഷക്രിയയും കഴിക്കുമായിരുന്നു.

പാറു:—നിന്നെ കൊന്നുകളഞ്ഞാൽ രാജകല പോയില്ലേ? മനുഷ്യത്വം നാസ്തിയായില്ലേ? ഞങ്ങൾ അതിന്ന് സമ്മതിക്കുകയില്ല.

രാജാവ്:—ഇവളെ ഞാൻ കണ്ടിട്ടുപോലുമില്ല. ഇവളുടെ വാക്കുകേട്ടാൽ ദ്വേഷ്യം വരാത്തവരാരുണ്ട്?

പാറു:—അവളുടെ ശബ്ദവും കേട്ടിട്ടില്ലേ?

രാജാവ്—ഇല്ല.

കമലാക്ഷി:—എന്നെ നിഷേധിക്കുവാൻ എന്നു തുടങ്ങിയോ അന്നുമുതൽ അവിടുത്തേക്കു സുഖക്കേടും ആരംഭിച്ചു. ഇന്ന് അല്പ സുഖം തോന്നിയത് എന്റെ സാഹചാര്യം കൊണ്ടാണ്. അതും മറന്നു. അനുഭവിച്ചുകൊള്ളുക. ഞാനിതാ പോകുന്നു.

പാറു: (കമലാക്ഷി പോയതിന്റെ ശേഷം) കഷ്ടം! അവളെ അങ്ങനെ അയച്ചതു പന്തിയായില്ല. അവളുടെ സ്വഭാവഗുണം അറിയാതെയല്ലേ പിണക്കി അയച്ചത്?

"തങ്കൽപ്പെട്ടുവിളങ്ങിയിരുപ്പൊരു
തങ്കക്കട്ടയെറിഞ്ഞു കളഞ്ഞൊരു
ചെങ്കല്ലിനെയോ മോഹിക്കുന്നു?"

രാജാവ്:—അവളെ നിങ്ങൾക്കു പരിചയമുണ്ടോ?

പാറു:—അവളെ പരിചയമില്ലാത്തവരെന്നല്ല പൂജിക്കാത്തവരുണ്ടോ? എല്ലാവരുടെയും ഭാഗ്യദേവതയല്ലേ?

രാജാവ്.—സംഗതി മുമ്പേ പറഞ്ഞിരുന്നുവെങ്കിൽ ഞാൻ ആലോചനയില്ലാതെ പ്രവർത്തിക്കുമായിരുന്നുവോ?

പാറു:—ആരെയും നിന്ദിക്കരുതെന്ന് എല്ലാവരുടേയും, വിശേഷിച്ച് രാജാക്കന്മാരുടെ, മതമായിരിക്കേണ്ടതല്ലേ?

രാജാവ്—ചെയ്തുപോയ അപരാധത്തിന് എന്താണു പ്രതിശാന്തി?

പാറു:—ഇരിക്കട്ടെ; നില്ക്കൂ, പറഞ്ഞുതരാം. സ്വസ്ഥമായിട്ടിരുന്നു ചെവിതരിയാക്കുക.

രാജാവ്:—(ചെവിയോർത്തിട്ട്) ഒരു ആർത്തനാദം കേൾക്കുന്നുണ്ട്. എനിക്കു പരിചയമുള്ളതുപോലെ തോന്നുന്നു.

പാറു:—ഇതിലെ ഭക്തിരസം എത്രകണ്ടുണ്ടെന്നുള്ളതു മനസ്സിലാക്കിക്കൊള്ളുക ആത്മരക്ഷണത്തിന്ന് അവിടുത്തെപ്പോലെ

യശഃസ്തംഭം സ്ഥാപിച്ചവർ ഈ ശബ്ദമാധുരിയിൽ ലയിക്കാതിരിക്കയില്ല.

രാജാവ്:—ഈ ശബ്ദം പലപ്പോഴും ഞാൻ കേട്ടിട്ടുള്ളതാണ്. അഹിമയത്തിന്റെ മെസ്മരസുഷുപ്തിയിൽ മതിമറന്നിരിക്കുമ്പോഴും മാത്രം കാതടഞ്ഞുപോകുന്നു. ആരുടെ വിലാപമാണ്.

പാറു:—കമലാക്ഷിയുടെ ശാരീരം.

രാജാവ്:—ങേ!

പാറു:—അകത്തുവരാൻ പറയട്ടെ.

രാജാവ്:—വിളിക്കു

പാറു.—കമലാക്ഷി! കമലാക്ഷി!!

കമലാക്ഷി:—(പ്രവേശിച്ചിട്ട്) എന്തു?

രാജാവ്:—(കമലാക്ഷിയെ അപാദചൂഡം നോക്കിക്കൊണ്ട്) ഞാൻ ചെയ്തുപോയ അപരാധം ക്ഷമിക്കണേ!

കമലാക്ഷി.—ക്ഷമിക്കാനെന്തുണ്ട്? എപ്പോഴും അവിടത്തെ ആജ്ഞാനുസാരിണിയല്ലേ ഞാൻ?

രാജാവ്:—നിനക്കെന്താണു വേണ്ടതു? പറഞ്ഞോളൂ.

കമലാക്ഷി:—കോയിപ്പണ്ടാലയോടു വിരോധം തോന്നരുത്.

രാജാവ്—കോയിപ്പണ്ടാല എന്റെ ബന്ധുവല്ലേ? അപ്രിയം തോന്നുന്ന കാലമുണ്ടോ?

കോയിത്തമ്പുരാൻ—(ആത്മഗതം) പത്മനാഭാ! ജന്മസാഫല്യം വന്നു! അഹിമയം നീങ്ങിയോ?

പാറു—കമലാക്ഷി ഇതിനാണോ നിന്നെ വിളിച്ചുവരുത്തിയതു?

കഞ്ചിയമ്മ:—ഇവളെക്കൊന്നുകളയണം.

രാജാവ്:—സാപത്ന്യമത്സരം തുടങ്ങിയല്ലോ. സ്ത്രീജാതിതന്നെ ഒന്നിനൊന്നു കാണാൻ വയ്യാത്തവകയാണ്.

കോ: ത—ഈശ്വരാ ഇദ്ദേഹത്തിന്റെ പ്രകൃതി എപ്പോഴം മാറുമോ? ഡാക്ടർ വേഗം വന്നെങ്കിൽ—കഞ്ഞൻപിള്ളേ

ക: പി—എറാൻ. ഡാക്കിട്ടരദ്ദേഹം ഇതാ വരുന്നു.

ഡാക്ടർ ഡയർ (പ്രവേശിച്ചിട്ടു) തിരുമനസ്സുകൊണ്ടു

കോ: ത രോഗിയെ നല്ലവണ്ണം പരിശോധിക്കുക.

ഡാ—(കുഴൽവച്ചു നോക്കിട്ടു) ഡലിറിയം ഉണ്ടു. ക്ലിനിക്കാവശ്യമില്ല. അസംബന്ധങ്ങൾ പറയുന്നുണ്ടോ?

കോ: ത—ഇല്ല. ആരോടോ വർത്തമാനം പറയുന്നുണ്ട്. നമുക്ക് അഗോചരമാണ്.

ഡാ—ചള്ളിക്കറിപ്പുണ്ടായോ?

കോ: ത—ഒന്നു മയങ്ങിയെന്നാണു തോന്നുന്നതു്.

ഡാ—രാത്രിവരെ നോക്കാം. നിദ്രയ്ക്കു വിഘ്നമുണ്ടെങ്കിൽ ഒരു മോർഫിയാ ഇഞ്ചക്ഷൻകൊടുക്കണം. ഡർബാർഫിസിഷ്യൻ സർക്കീട്ടിലാണു്. അയാൾക്കു ഉടനെ കമ്പിയടിക്കണം.

കോ: ത—സർവാധി അതു നടത്തിയെന്നാണു തോന്നുന്നതു്. അടുത്ത മുറിയിൽ പോയിരിക്കുക വിശേഷമുണ്ടെങ്കിൽ വിളിക്കാം.

പാറു—കുഞ്ഞേ! കമലാക്ഷി! നീ ഇങ്ങനെ ശാഠ്യം തുടങ്ങിയാൽ ഞങ്ങളുടെ കാര്യം ഉത്ഭടമാകും. എന്റെയും കുഞ്ചിയമ്മയുടെയും സങ്കടം തീർക്കയില്ലേ?

രാജാവ്—കോയിപ്പണ്ടാലയവാട്ട് അഹിതംകാണിക്കുന്നവനു നിങ്ങൾ ആരുതന്നെ പറഞ്ഞാലും ഞാൻ സമ്മതിക്കുകയില്ല. അതിൽനിന്നുവരുന്ന ആപത്തുകൾ എന്തുതന്നെയാവട്ടെ ഞാൻ സഹിക്കാൻ തെയ്യാറാണ്.

കോ: ത (ആത്മഗതം) അഹിഭയത്തിന്റെ കൃത്യകളോടാണു് ഇദ്ദേഹം സംസാരിച്ചുകൊണ്ടിരിക്കുന്നതു്. സംശയമില്ല. ഇദ്ദേഹവും ദ്വിജപിഹപസംഘവുമായി മഹായുദ്ധം നടക്കുന്നു. ഈ സിംഹപുരുഷനു അപജയം നേരിടുമോ? ഉത്തമനായ ഒരു പോന്തിരമേനിയെ സഹായിക്കാതിരിക്കുകയില്ല.

കമലാക്ഷി—എന്റെ ആഗ്രഹവും അതുതന്നെയാണു്. മിത്രദ്രോഹം ചെയ്യുന്നതു മഹാപാതകമല്ലേ?

രാജാവ്—അങ്ങനെപറയൂ കമലാക്ഷി എന്റെ ശത്രുവാണെന്നു ഉദ്ഘോഷിക്കുന്നതു പോരാളിയായിപ്പോയി. പക്ഷം പറഞ്ഞുകൊണ്ടു വന്ന പാറുവും കുഞ്ചിയുമാണു എന്നെ ദ്രോഹിക്കാൻ വന്നിരിക്കുന്നതു്.

പാറു:—ഞങ്ങൾ അവിടുത്തേയോട്ട് ഒന്നും വിടകൊണ്ടില്ലല്ലോ. ഞങ്ങളുടെ ദുഃഖം തങ്ങളിൽ പറഞ്ഞതല്ലേയുള്ളു. അതു ഇവിടുത്തെ

കേൾപ്പിക്കണമെന്നും ഞങ്ങൾ ഉദ്ദേശിച്ചിട്ടില്ലായിരുന്നു. കൌശിക ന്റെ തപസ്സുമുടക്കാൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്ന മേനകയുടെ വർഗ്ഗത്തിൽ ചേർന്നവരല്ല ഞങ്ങൾ. ഇവിടുത്തെ മിത്രവാത്സല്യത്തിനു ഭംഗംവരാതിരിക്കട്ടെ!

രാജാവ്:— പിന്നെയെന്തിനായിട്ടാണു നിങ്ങളുടെ പുറപ്പാട്?

കമലാക്ഷി— ന്യായമായകാര്യം വല്ലതും തിരുമേനിയെ അറിയിക്കാനുണ്ടെങ്കിൽ പറഞ്ഞോളിൻ. തിരുമേനി സാധിച്ചുതരാതിരിക്കയില്ല. എന്നാൽ കഴിയുന്നതു ഞാനും ചെയ്യാം.

പാറു:— തിരുമേനി ഞങ്ങളുടെ ന്യായമായ സങ്കടംകേട്ടു നിവൃത്തിയുണ്ടാക്കുമെന്നു കരുതിയാണു ഞങ്ങൾ വിടകൊണ്ടു വന്നിട്ടുള്ളത്.

രാജാവ് – എന്നാലിനി ന്യായമായ വിസ്താരമാകട്ടെ.

പാറു—ഇവിടുത്തേക്കു ഇമ്മാതിരി പീഡകൾ എപ്പോഴാണ് ഉണ്ടാകാറുള്ളത്.

രാജാവ്—അഹിതയമുണ്ടാകുമ്പോൾ.

പാറു—ഇവിടുത്തേക്കു ഭയം വരുമ്പോൾ കോപവും വരാറില്ലേ?

രാജാവ്—ഉവ്വ്.

പാറു—ആരോടാണ്?

രാജാവ്—ആദ്യം കോയിപ്പണ്ടാലയോടു രസക്ഷയമുണ്ടായിരുന്നു. അതു മാഞ്ഞുപോയി. ഇപ്പോൾ എന്നോടുതന്നെയാണു കോപം. ബാക്കിയുണ്ടെങ്കിൽ തക്ഷകസംഘത്തിനോടാണ്.

പാറു - തന്നോടുതന്നെ കോപിക്കാൻ സംഗതി?

രാജാവ്—നിരപരാധിയായ കോയിപ്പണ്ടാലയെ അന്യഥാ ശങ്കിച്ചതുകൊണ്ട്.

കോ. ത— ഇത്ര ശുദ്ധമനസ്സനെ അവിശ്വസിച്ച ഞാൻ എത്ര മഹാപാപിയാണ്. എത്ര പ്രായശ്ചിത്തം കഴിച്ചാലും പ്രതിവിധിയാകുകയില്ല.

പാറു:—കമലാക്ഷി, നീയല്ലേ തിരുമേനിയെ ഇപ്രകാരം ഉപദേശിച്ചത്?

കമലാക്ഷി—അതെ, അങ്ങനെയല്ലേ വേണ്ടതു? തെറ്റിപ്പോയെന്ന് എന്നെ ബോദ്ധ്യപ്പെടുത്തുക.

പാറു—ക്ഷണത്തിൽ ബോദ്ധ്യപ്പെടുത്താം. അല്പം ക്ഷമയോടെ ശ്രദ്ധിക്കുക. അല്ലയോ മഹാരാജപ്രഭോ! ഇവിടുത്തേക്കുള്ള സഹജമായ അഹിഭയത്തിന് അടിസ്ഥാനമുണ്ടോ?

രാജാവ്—ഉണ്ട്. ഇന്ന് എന്നോടു യുദ്ധംചെയ്യുന്നത് ആ കൂട്ടമല്ലേ? തക്ഷകനല്ലാതെ വേറെ എനിക്കു ശത്രുവില്ല.

പാറു—"ഹേയി! ഇവിടുത്തേക്ക് ഒരു ശത്രുവുമില്ല. ഇവിടുത്തെ സങ്കല്പത്തിന്റെ ചാപല്യംകൊണ്ട് ഉണ്ടെന്നു തോന്നുന്നതാണ്. വെറുതേ കോപിക്കേണ്ട. അറിവില്ലാതെ എടുത്തുചാടിയാൽ അതിന്റെ ദുഷ്ഫലം ഇവിടുന്നുതന്നെ അനുഭവിക്കേണ്ടിവരും" എന്നു ഒരാൾ പറഞ്ഞുവെന്നിരിക്കട്ടെ—

രാജാവു—അതു കപടോക്തിയാണ്. അങ്ങിനെ ഒരുത്തൻ പറയുകയില്ല.

കമലാക്ഷി:—ഞാൻ പറയും. അവിടുന്നു എന്നെ വിശ്വസിക്കുക. അഹിഭയം അവിടുത്തെ അന്ധവിശ്വാസമാണ്.

പാറു—നീ ഇടയ്ക്കുകയറി പറയാതിരിക്കു. നിന്നെ സമാധാനപ്പെടുത്തുവാൻ ഞാൻമതി. തിരുമനസ്സുകൊണ്ട്! അസത്യം പറവാൻ ഒരാൾ തുനിഞ്ഞിട്ടുണ്ട്. ആ ആളിന്റെ ഭാഷയിൽതന്നെ വിടകൊള്ളാം.

കോപത്താൽനികത്തിടുമൊരാലാ പന്നഗത്തെക്കുറിച്ചാ-
ലാപത്തെക്കേട്ടതുമപകടംതന്നെ മാം പന്നഗാരേ!
ആപല്ലാഭംഫലമയിസഖേ! ഭോഗളക്കാംവയസ്സിൻ-
ചാപല്യത്തെസപദിനിയമിക്കായ്കിലെന്നാപ്തവാക്യം".

കമലാക്ഷി—'പന്നഗാരേ' ശബ്ദം മഹാരാജാവിനെ യോജിക്കുന്നതെങ്ങനെയാണ്? ഗരുഡനേയോ മയിലിനേയോ ഉദ്ദേശിച്ചല്ലാതെ മഹാരാജാവിനെ കുറിക്കുന്നതാണെന്നൂഹിപ്പാൻ ഒരു ന്യായവുമില്ല.

പാറു—'ഭോഗളക്കാംവയസ്സ്' തിരുമനസ്സിലേക്കു യോജിക്കുമെങ്കിൽ മററതിനും സ്വാരസ്യക്കുറവ് ഒട്ടുംതന്നെയില്ല. ഇവിടുത്തേക്കു 'നല്പശത്രു' എന്ന സംജ്ഞ പര്യായമായിപ്പോയെന്നു ജനബോധം വന്നിട്ടുണ്ട്. ഇവിടുന്നും അതു സമ്മതിക്കുന്ന കാര്യമാണ്. 'വഞ്ചിഭൂപാ' എന്നതിനു പകരം വേറൊരു പര്യായം വ

ച്ചുവെന്നേയുള്ളൂ. ശത്രുക്കളെയല്ലാതെ അധികമായി മറ്റൊന്നിനെ ഭയപ്പെടാറില്ലല്ലോ.

രാജാവ്:— എന്നെ ഉദ്ദേശിച്ചാണെങ്കിൽ ഭോഗഭൂക്കാംവയസ്സ് കുറെ കടന്ന പ്രയോഗമായിപ്പോയി. അതു വിശ്വസിപ്പാൻ പ്രയാസമുണ്ട്.

കോ. ത—(ആത്മഗതം) തിരുമനസ്സിലെ ഹൃദയം ഒരു പ്രത്യക്ഷശക്തി—ഒരു മൂർത്തിമത്തി—ദ്ധഷിപ്പിക്കാനുള്ള യത്നമാണെന്നു തോന്നുന്നു. എന്റെ കർമ്മംപോലെ വരട്ടെ.

പാറ:— സർപ്പമെന്നു കേട്ടാൽ കമ്പിതനായി കുതിക്കുന്നതും അവിടുന്നാണ്. ഗരുഡന്റെയോ മയിലിന്റെയോ മുൻപിൽനിന്നു 'പാമ്പു, പാമ്പ്' എന്നു മുറവിളി കൂട്ടിനാൽ അതുങ്ങൾ ഓടുകയില്ല. കണ്ടാൽമാത്രം പെട്ടെന്നു റാഞ്ചിക്കളയുമായിരിക്കും. മനുഷ്യരുടെ ഭാഷ പഠിച്ചിട്ടുള്ളതാണോ ഈ പക്ഷികൾ? ഇവിടുത്തെ അവിശ്വസിക്കാൻ മനസ്സില്ലെങ്കിൽ വേണ്ട. ശ്രദ്ധൻ ദുഷ്ടന്റെ ഫലം ചെയ്യുമെന്നോർമ്മവേണം. ഓരോ അക്ഷരങ്ങളും കൂട്ടിച്ചേർത്തിരിക്കുന്നതു അവിടുത്തെ ബോധംപടിയാണ്. ഒരു മൊന്നു പറഞ്ഞതാണെന്നുവച്ചു തള്ളിക്കളയരുത്.

രാജാവ്—ഇനിയൊരുവന്റെ ആന്തരാർത്ഥത്തെ ചികഞ്ഞു എന്റെ മനസ്സു പുണ്ണാക്കാൻ മനസ്സുവരുന്നില്ല. അതിൽ വികൃതമായുണ്ടെന്നു ഭാവിക്കത്തക്കവണ്ണം ധീരത്വം എനിക്കുണ്ടാകുന്നതല്ല.

കോ: ത— (ആത്മഗതം) മഹാരാജാവിനും എന്റെ ശ്ലോകത്തിനും അകന്ന ബന്ധംകൂടെയുണ്ടെന്നു ഞാൻ കരുതിയിട്ടില്ല പരമാർത്ഥം!

പാറ— അതു കിടക്കട്ടെ. ഈ ശ്ലോകം നോക്കുക. ഇവിടുത്തേക്കു സർപ്പഭയമല്ലാതെ സ്വപക്ഷഭയം ഉണ്ടോ?

രാജാവ്.—ഇല്ല.

പാറ:—'സോമതീർത്ഥത്തോടഹിഭയമുടിപ്പിച്ചു ഭ്രമിപ്പതിക്കും' എന്ന് എഴുതിയിരിക്കുന്നതു കണ്ടില്ലേ?

'രാജാവ്'—അതു വാസ്തവമല്ലേ?

പാറ—ആരാണ് അങ്ങിനെ ചെയ്യുന്നത്? ദ്വിജിഹ്വന്മാരാണെന്നു അടുത്തപാദത്തിൽ പറഞ്ഞിട്ടില്ലേ?

രാജാവ്—ഉവ്വ്.

പാറു:—ഇരട്ടനാക്കുള്ളവർ ഏഷണിക്കൂട്ടമല്ലേ?

രാജാവ്:—അതെ.

പാറു:—ഏഷണികൊണ്ടു മഹാരാജാവിനു സ്വപക്ഷഭയമുണ്ടായി, എന്നു ന്യായമായഅർത്ഥം ശ്ലോകത്തിനുണ്ടാകുന്നതാണോ?

രാജാവ്:—അതെ

പാറു:—ഇവിടുത്തേക്കു സേവകക്കൂട്ടം ഉണ്ടോ?

രാജാവ്:—ഇല്ല

പാറു:—ഏഷണികേൾക്കുന്ന സ്വഭാവമെങ്കിലും ഉണ്ടോ?

രാജാവ്:—ഇല്ല.

പാറു:—ഇവിടുത്തെ ജീവിതദശയിൽ 'അപഭയം' എന്നൊരു അദ്ധ്യായം എഴുതിച്ചേർക്കുന്നവൻ രാജദ്രോഹകുറ്റത്തിനു പാത്രമാകണമോ?

രാജാവ്:—നിശ്ചയമായിട്ടു അവൻ രാജവിദ്വേഷിയാണു്.

കോ: ത—(ആത്മഗതം) ആരെക്കുറിച്ചാണു ഇദ്ദേഹം പറയുന്നതു്? ഇരവിയൻതമ്പിയാണെങ്കിൽ ധർമ്മരാജ്യത്തിനു സായുജ്യമായി.

പാറു:—ഞങ്ങളുടെ കാര്യസാദ്ധ്യത്തിനു കമലാക്ഷിയുടെ സഹകരണം അത്യാവശ്യമാണു്. തിരുമനസ്സുകൊണ്ടു് അവളോടു യുക്തിയുക്തമായി വാദിച്ചു സമ്മതിപ്പിക്കണം.

രാജാവ്:—പെണ്ണുങ്ങളോടാലോചിച്ചാൽ പന്തിയല്ല. കമലാക്ഷിയുടെ സമ്മതം നോക്കീട്ടാവശ്യമില്ല.

കോ: ത—(ആത്മഗതം) കമലാക്ഷിയോ? അവളാരാണു്? ബുദ്ധി പതറുമ്പോൾ പേപറയുന്നതിന്നന്തമില്ലായിരിക്കും.

കമലാക്ഷി:—രാജദ്രോഹകരമായ അർത്ഥത്തോടുകൂടി കവിത നിർമ്മിച്ചവൻ ആരായാലും വേണ്ടില്ല. അയ്യാൾക്കു സ്വബോധമില്ലെന്നുവേണം പറവാൻ. അതല്ല, രണ്ടും കല്പിച്ചുതുടങ്ങിയിരിക്കുന്നവനാണെങ്കിൽ ശിക്ഷാനിയമം അനുസരിച്ചു വിസ്താരം നടത്തണം.

പാറു:—'കല്യാദോഷാൽ കലുഷമതിയാമെന്റെ ചാപല്യമൂലം' ഇങ്ങിനെ വന്നുവെന്നു അയ്യാൾ പറയുംപക്ഷത്തിൽ എന്തുചെയ്യണം?

രാജാവു്.— അക്ഷാഹ്ളദയം മന്ത്രം ഉപദേശിക്കണം.

കോ: ത: (ആത്മഗതം) ഇവിടുത്തേക്കു ആ മന്ത്രം ആരെങ്കിലും ഉപദേശിപ്പാനുണ്ടായിരുന്നുവെങ്കിൽ ഇവിടുത്തെ കലിയെ താന്നിമരത്തിന്മേൽ കയററാമായിരുന്നു. ഡർബാർഫിസിഷ്യന്നു മന്ത്രം വശമാണെന്നു തോന്നുന്നില്ല. അച്ഛൻനമ്പൂതിരിക്കു പക്ഷേ നിശ്ചയമുണ്ടായിരുന്നേക്കാം.

കമലാക്ഷി:— ഒന്നും വേണ്ടാ. ഇനി അങ്ങിനെ ചെയ്യരുതെന്നു പറഞ്ഞാൽ മതി.

പാറു:— രാജാവിനോടു ചെയ്തതെല്ലാം അങ്ങിനെ ഗുണദോഷിച്ചു നിത്തത്തക്കതായിരിക്കട്ടെ. കടപ്പുറത്തുള്ള ശംഖുമുഖം കൊട്ടാരവും മട്ടപ്പുക്കൊട്ടാരവും രണ്ടാമതു പണിയുന്നതിനു തിരുമനസ്സിലേക്കു കഴിയുമെന്നിരിക്കട്ടെ. കോട്ടയ്ക്കകത്തു് ഓലക്കെട്ടിടം പാടില്ലെന്നു കല്പിക്കാമെന്നിരിക്കട്ടെ. സാധുക്കൾക്കു സർക്കാരിൽനിന്നു ദ്രവ്യസഹായം ചെയ്യാമെന്നിരിക്കട്ടെ. എന്നാലും സാധുക്കൾക്കു വന്നു സംഭവിച്ച ആത്മനാശത്തിനു പരിഹാരം എവിടെയാണു? ഇവിടുത്തെ കാലത്തു ശിക്ഷാനിയമങ്ങൾ പുതുക്കിയതിനു ഫലമുണ്ടോ?

രാജാവു്:— പിള്ളമാരുടേയും യോഗക്കാരുടേയും കുഞ്ചുത്തമ്പിമാരുടേയും വംശത്തിനു ഇക്കാലത്തും അവുതി വന്നിട്ടില്ലെന്നാണു തോന്നുന്നതു. ഇരവിയൻതമ്പിയേയും അച്യുതൻപിള്ളയേയും പിടിച്ചു നാടുകടത്തിക്കളയാം.

കോ. ത.— (ആത്മഗതം) പൊന്നുതിരുമേനിക്കു കുറേശ്ശ സ്വശക്തി വന്നുതുടങ്ങി. ഞാൻ ചെയ്തിട്ടുള്ള അവിവേകങ്ങളെല്ലാം സലാംപറഞ്ഞയയ്ക്കാൻ കാലം സന്നിഹിതമായി. എന്റെ ബ്ലീച്ചു ലേഡർ ഇന്നുതന്നെ കടലിലെറിയണം.

കമലാക്ഷി ഇരവിയൻതമ്പിയോടുതന്നെ പൊട്ടണം കെട്ടിച്ചാൽ അനന്തശയനത്തിലെ അശ്രീകാരം ഒഴിഞ്ഞു.

പാറു:— കമലാക്ഷി, നിന്നേയും തിരുമേനിയേയും ഞാനിതാ ഒരു കാഴ്ച കാണിക്കാം. രണ്ടുപേരും കണ്ണടച്ചിരിക്കിൻ.

(അല്പംകഴിഞ്ഞിട്ടു്) തുറന്നുകൊള്ളുവിൻ. എന്താണു കാണുന്നതു്?

രാജാവു്: "മണിമേഞ്ചുകൾ മാളികയുംപല
മണികളുമെത്തുതഗോപാനസിയും

നികരന്തികേതനപാളികളും ചില
സുരചാരിലാഞ്ഛിതതുരഗങ്ങളും”

നിറഞ്ഞു് അനന്തഭാസുരസ്വർണ്ണശ്രേണികളോടുകൂടിയ ഒരു രാജധാനി കാണുന്നുണ്ടു്.

കോ: ന (ആത്മഗതം) ഇദ്ദേഹം ത്രിലോകസഞ്ചാരം ആരംഭിച്ചിരിക്കയാണു. കഷ്ടം! നാളെ നേരം വെളിച്ചമാകുമ്പോൾ ഉത്രാടംതിരുനാളിന്റെ അങ്ങേപ്പുറത്തു് ഇതുതന്നെവേണ്ടിവരുമോ? അങ്ങനെയൊരാപത്തു പത്മനാഭൻ വരുത്തിവയ്ക്കുമോ?

കമലാക്ഷി:— ധർമ്മാംഗദപുരിയുടെ സ്വർഗ്ഗാരോഹണം ഇവിടെയും ഉണ്ടായോ? നിർജ്ജനമായിത്തീർന്നിരിക്കുന്നുവല്ലോ.

രാജാവു്:—ഇതിനെ തിരുവിതാംകോട്ടേക്കു ചേർക്കാൻ രാമയ്യൻദളവാ വേണമെന്നില്ല.

പാ.—മൂട്ടംകൊള്ളത്തിയോടുന്ന ഉമ്മിണിപ്പിള്ള വിചാരിപ്പും പോണ്ടൻശങ്കുവും മതി; അല്ലേ?

കുഞ്ചിയമ്മ: മട്ടുപ്പാക്കൊട്ടാരവും ഓലക്കുടിലുകളും ഇവിടെ കാണുന്നില്ല. ഇവിടെ അവരുടെ വിക്രമം നടക്കുല്ല.

രാജാവു്:—“കനകമണിത്തറപൊന്മതിലും പല

ഘനകുതുകോജ്ജ്വലവെണ്മകളും”

മാത്രമെ ഇവിടെ കാണ്മാനുള്ളു. എത്ര മൂട്ട കൊള്ളത്തിയാലും ഇതിനോടൊന്നും ഏൽക്കുകയില്ല. ഉമ്മിണിപ്പിള്ളയേയും പോണ്ടൻ ശങ്കുവിനേയും പിടിച്ചുവെങ്കിലും തൽക്കാലം വിട്ടയച്ചുകളയാം. പാവങ്ങൾ ശ്രീപാദംകൊണ്ടു പിഴക്കുന്നെങ്കിൽ ചെയ്തുകൊള്ളട്ടെ. ഞാൻ ഒരുത്തന്റെ മേൽ മണ്ണുവാരിയിട്ടുവെന്ന അപവാദത്തിനിടയാക്കുകയില്ല.

കോ: ന—(ആത്മഗതം) എടാടാ! ഇദ്ദേഹം എന്തെല്ലാം അറിഞ്ഞുവച്ചിരിക്കുന്നു! സേവകപ്പരിഷകൾ ഇല്ലാഞ്ഞിട്ടു് ഇത്രയും; ഉണ്ടെങ്കിൽ ചോദിക്കാനുണ്ടോ?

പാറു:—കമലാക്ഷി എന്താണു പറഞ്ഞതു? വിജനമായിരിക്കുന്നുവെന്നോ? ധർമ്മാംഗദന്റെ രാജധാനിയിൽ മോഹിനി ഉഴന്നു നടന്നില്ലയോ? അതുപോലെ ഇവിടെയും ഒരാൾ അനന്യശരണമായിക്കിടക്കുന്നുണ്ടു്.

രാജാവു്:—ആരാണു്?

പാറു:—ശയനമുറിയിൽ എഴുന്നള്ളി നോക്കുക. ചില കാരണവശാൽ എനിക്കങ്ങോട്ടു വരുവാൻ തൽക്കാലം നിവൃത്തിയില്ല. അവിടെ "തങ്കത്താർ തൻ തതിലളിതമാം ഭാന്തശില്പോല്പ സൽപല്യങ്കത്തിന്മേൽ" ഒരു തമ്പുരാൻ ഊണുമുറക്കവുമില്ലാതെ കിടന്നുരുളുന്നുണ്ട്. തൃക്കൺപാർക്കുക

കമലാക്ഷി:—എന്താ പാറുവമ്മ വരികയില്ലെന്നു പറഞ്ഞതു്?

പാറു:—അതു പറഞ്ഞാൽ കുറെയുണ്ട്. ഞാൻ "വൈധവ്യത വഹിച്ചു" ഇരിക്കുകയാണു്. പുരുഷന്മാരെ കാണുകയില്ലെന്നു നിഷ്ഠയുണ്ട്.

കമലാക്ഷി!—മഹാരാജാവിനെ മുഖം കാണിച്ചതോ?

പാറു—എന്റെ വേഷം മാററീട്ടാണു തിരുമനസ്സിലെ അടുത്തു വന്നിട്ടുള്ളതു്. എന്നെ തിരിച്ചറിയുന്നവരെ കണ്ടുകൂടെന്നേ നിർബ്ബന്ധമുള്ളു.

കമലാക്ഷി:—നിങ്ങൾ എങ്ങിനെയാണു വിധവയായതു്?

പാറു:—പിന്നീടു പറയാം. അകത്തുപോയി ആ മനുഷ്യനെ നോക്കുക.

രാജാവു്:—(മണിയറയിൽ പോയശേഷം) ശിവശിവ! സ്വർഗ്ഗതുല്യമായ ഈ ശയനതലത്തിൽ ഇയ്യാൾക്കു് ഇങ്ങിനെ ദുഃഖം വരുവാൻ കാരണമുണ്ടോ?

കമലാക്ഷി:—ചോദിക്കുക.

രാജാവു്:—ഹേ! എന്തിനാണു നിങ്ങൾ വ്യസനിക്കുന്നതു്?

കോ: ത—(ആത്മഗതം) അവിടുത്തെ മനോരാജ്യസ്ഥിതി അറിയാഞ്ഞിട്ടുള്ള ദുഃഖമാണു്.

പുരുഷൻ—എന്റെ ധർമ്മപത്നിയെ കാണാഞ്ഞിട്ടുള്ള വേദനയാണു്. അവൾ കൂടെയുണ്ടെങ്കിൽ ഏതു നരകക്കുഴിയും എനിക്കു സ്വർഗ്ഗമല്ലേ?

രാജാവു്:—നിങ്ങളുടെ ഭാര്യ എവിടെയാണു്?

കോ: ത—(ആത്മഗതം) തേവാരത്തുകോയിക്കൽ ഉണ്ട്. നാളത്തെ അവസ്ഥ എന്താകുമോ? വൈധവ്യലക്ഷണം കണ്ടതു അപ്പൻനമ്പൂതിരിയുടെ ഭഗവൽസേവകൊണ്ടു നീങ്ങിപ്പോകുമോ? കോയിപ്പണ്ടാല നാളെ ആലപ്പുഴയുള്ള പുതിയ റാണിക്കൊട്ടാരം

സന്ദർശിക്കാമോ? എന്റെ ചെമ്പകനം ഉമ്മിണിപ്പിള്ളയും പോണ്ടൻ ശങ്കുവും എവിടെയാണ്?

പുരുഷൻ:—ആയ്യാവത്തത്തിൽ ചിത്രവർമ്മന്റെ രാജധാനിയിൽ.

രാജാവ്:—നിങ്ങൾ ഇവിടെ വരുവാൻ സംഗതിയെന്ത്?

പുരുഷൻ:—ഒരു കശ്മലൻ എന്നെ ഇവിടെ തടവിൽ പാർപ്പിച്ചിരിക്കുകയാണ്.

രാജാവ്:—അതിനു തക്കവണ്ണം നിങ്ങൾ എന്തു കുറ്റമാണു ചെയ്തതു്?

കോ: ത—(ആത്മഗതം) ഇവിടുന്നെ! ഞാൻ ഒരു കുറ്റവും ചെയ്തിട്ടില്ലെന്നു ഇവിടുത്തേക്ക് അറിഞ്ഞുകൂടയോ? ഏഷണികൊണ്ട് ഇവിടുത്തെ വിമലഹൃദയം ക്ഷോഭസങ്കലിതമാകരുതേ!

പുരുഷൻ:—ഒന്നും തന്നെയില്ല. കരുതിക്കൂട്ടി എന്റെ വള്ളം മുക്കിയതാണ്.

രാജാവ്:—ആ നിഷ്ഠുരൻ ആരാണ്?

കോ: ത—(അർദ്ധോക്തിയിൽ) ഇരവിയൻതമ്പി!

പുരുഷൻ:—ആററുങ്ങൽ വലിയകോയിത്തമ്പുരാൻ!

രാജാവ്:—അയ്യാൾ അങ്ങിനെ കഠിനത പ്രവർത്തിക്കയില്ല.

പുരുഷൻ:—ഉവ്വ്.

കോ: ത—ഉവ്വ്.

പുരുഷൻ:—ഇതാ ശ്രദ്ധിക്കുക. അദ്ദേഹം തന്നെ സമ്മതിക്കുന്നു.

രാജാവ്:—നിങ്ങൾ തമ്മിൽ എങ്ങിനെയാണു വിരോധമായതു്?

കോ: ത—(ആത്മഗതം) എനിക്കറിഞ്ഞുകൂടാ. അച്ഛന്റെ നൃതിരിക്കോട്ടുള്ള കൂട്ടുകെട്ടായിരിക്കും കാരണം.

പുരുഷൻ:—അദ്ദേഹത്തോടുതന്നെ ചോദിക്കണം.

രാജാവ്:—എന്നെക്കൊണ്ടു വല്ലതും കഴിയുമെങ്കിൽ ചെയ്യുതരാം?. പറഞ്ഞാട്ടെ.

കോ:—(അർദ്ധോക്തിയിൽ) ഇവിടുത്തെ ഹൃദയം മുഴുവൻ തുറന്നുകാണിച്ചാൽ പറയാം.

പുരുഷൻ:—ഇവിടുന്നാരാണെന്നറിഞ്ഞാൽ പറയാം.

രാജാവ്:—ഞാൻ ആയില്യംതിരുനാൾ മഹാരാജാവാണ്. കോയിപ്പണ്ടാല എന്റെ ബന്ധുവല്ലേ? വിശ്വസിച്ചുകൊള്ളുക. നിങ്ങളുടെ സങ്കടം തീർപ്പാൻ ഞാനുണ്ട്.

കോ. ത—(അർദ്ധോക്തിയിൽ) ഞാൻ വിശ്വസിക്കുന്നു; ഇരവിക്കുട്ടിതമ്പിയെ നാടുകടത്തണമെന്നപേക്ഷയുണ്ട്. മട്ടപ്പള്ളിക്കോട്ടാരത്തിന്റെ തീവച്ചതു അവന്റെ പ്രേരണയാലാണ്.

പുരുഷൻ എന്നെ ഇങ്ങോട്ടയച്ചതുപോലെതന്നെ ആവാടം ബലത്തോടുകൂടി തിരിയെ വിളിച്ചുകൊണ്ടുപോയി പത്തിയോടുകൂടെ ചേർക്കാൻ കോയിപ്പണ്ടാലയെ ഗുണദോഷിക്കണം. വിരഹദുഃഖം എന്താണെന്നു അദ്ദേഹത്തിനെ കുറച്ചുനാൾ അനുഭവിപ്പിച്ചാൽ എനിക്കു വേഗം മോചനം ലഭിക്കും

കമലാക്ഷി—അതുവേണ്ട. ദുർബുദ്ധിത്തനം കാണിക്കരുതെന്നു ഉപദേശിച്ചാൽ മതി. അദ്ദേഹം പശ്ചാത്താപം തോന്നാത്ത ആളല്ല.

രാജാവ്—എങ്ങിനെയെങ്കിലും നിവൃത്തിയുണ്ടാക്കാം. വിഷാദിക്കേണ്ട.

കോ: ത (ആത്മഗതം) അവിടുത്തെ ഭരണനൈപുണ്യത്തിൽ എനിക്കു ദൃഢവിശ്വാസമുണ്ട്.

പുരുഷൻ—കോയിപ്പണ്ടാല ബന്ധുവാണെന്നു കരുതി ഇവിടുന്നു അനുമാനിച്ചുകളയുമോ എന്നു എനിക്കു ശങ്കയുണ്ട്.

രാജാവ്—(സ്വകാര്യത്തിൽ) ശങ്കിക്കേണ്ട. ബന്ധുവാണെന്നുവച്ചു ഞാൻ മടങ്ങുകയില്ല. ഈ രാജധാനിയിൽ ജനങ്ങളില്ലാത്തതെന്താണ്? രാജാവും മറ്റെല്ലാവരും എവിടെപ്പോയി?

പുരുഷൻ—എന്നെ സഹായിപ്പാനായി അനന്തശയനത്തിലേയ്ക്കു പോയിരിക്കയാണ്. അവിടുന്നു അവരോടു യുദ്ധം ചെയ്യരുതെന്നു കേട്ടു. അവരെ ശത്രുക്കളായി വിചാരിക്കരുതു. മടങ്ങിയെഴുന്നള്ളിയ ഉടനെ അവരെ വിളിച്ചുവരുത്തി സമാധാനമുണ്ടാക്കുക. അവരുടെ ഗുണദോഷം കേട്ടാൽ അവിടുത്തെയ്ക്കു എന്നെ സഹായിപ്പാൻ കുറച്ചുകൂടെ എളുപ്പമുണ്ടു.

രാജാവ്—അങ്ങനെ ചെയ്തുകളയാം.

കമലാക്ഷി—തക്ഷകനോടു സന്ധിചെയ്യുന്നതു കൊള്ളാം. സ്വശക്തിമാത്രം വിട്ടുകൊടുക്കരുതു്.

രാജാവു—നീ എപ്പോഴും മടക്കം പറവാൻ ഒരുങ്ങിയിരിക്കുകയാണു. കാൎയ്യഗൌരവം കണ്ടുവേണം ഗുണദോഷിക്കാൻ.

കമലാക്ഷി—എന്നെ ഉറക്കിക്കിടത്തിക്കളയു. പിന്നെ ഇവിടത്തെ ഇഷ്ടംപോലെ ചെയ്യാമല്ലോ.

രാജാവു—ഇനിയും എന്തെല്ലാമുണ്ടെന്നറിയട്ടെ. നീയില്ലാതെ പ്രവൎത്തിച്ചാൽ അവതാളത്തിലായെങ്കിലോ? പോകാം. പാറു എന്തു ചെയ്യുന്നെന്നറിഞ്ഞില്ല.

പാറു—(രാജാവും കമലാക്ഷിയും മടങ്ങിയതിന്റെ ശേഷം) കണ്ണടയ്ക്കിൻ. ഇവിടത്തെ പള്ളിയറയിലേയ്ക്കുതന്നെ പോകാം

രാജാവു—തക്ഷകരാജധാനിയിൽ കണ്ട പുരുഷൻ ആരാണു?

കോ: ത—(ആത്മഗതം) തിരുമനസ്സിലെ ബുദ്ധി പിന്നെയും മറിഞ്ഞുതുടങ്ങി.

പാറു—(സ്വകാൎയ്യത്തിൽ കഥകളെല്ലാം പറഞ്ഞതിന്റെ ശേഷം) നാഗരാജാവിനെ വിളിക്കട്ടെ ശേഷമെല്ലാം അദ്ദേഹം പറയും. അദ്ദേഹത്തിനോടു് ഇഷ്ടമായിരുന്നതുകൊണ്ടു് ഇവിടത്തേയ്ക്കു ഘനക്കുറവു വരികയില്ല.

രാജാവു—ശരി, വിളിക്കു. പാറുവും കഞ്ചിയും ഈ കഥയിൽ എങ്ങിനെ പാത്രങ്ങളായെന്നറിഞ്ഞാൽ കൊള്ളാം.

കഞ്ചിയമ്മ—(സ്വകാൎയ്യത്തിൽ താൻ ഇന്നാരെന്നു ധരിപ്പിച്ചിട്ടു്) എന്റെ കഥമുഴുവനും തക്ഷകചക്രവൎത്തിതന്നെ പറഞ്ഞുതരും.

കോ: ത—(ആത്മഗതം) ഇദ്ദേഹത്തിനു് ഒരു നെല്ലിക്കാത്തളമെങ്കിലും വാൎത്തുകൂടല്ലൊ?

പാറു—ഇനി മെയ്യൊരിക്കൽ കണ്ടുകൊള്ളാം. തക്ഷകൻ വരുന്നു. ഞാനും കഞ്ചിയമ്മയും വിടകൊള്ളട്ടെ.

തക്ഷകൻ—(പ്രവേശിച്ചിട്ടു്) രണ്ടാമതു വഴങ്ങുന്ന സ്വഭാവം ഇവിടത്തേയ്ക്കില്ലാത്തതു ശ്ലാഘനീയംതന്നെ. ഇവിടത്തെ ഒന്നു പരീക്ഷിക്കുവാൻ മാത്രം ഞങ്ങൾ ചില തന്ത്രങ്ങൾ പ്രയോഗിച്ചുവെന്നേയുള്ളു. വാസ്തവത്തിൽ ഞങ്ങൾ ഇവിടത്തെ ബന്ധുക്കളാണു്, ശത്രുഭാവം നടിച്ചതു ക്ഷമിക്കണം. ബന്ധുവെന്നു പരമ്പോധാ വരുത്തി ഇവിടത്തെ കുഴിയിൽ ചാടിക്കാൻ ചിലർ ശ്രമിക്കുന്നുണ്ടു്. അവരാണു മഹാരാജാവിന്റെ മുഖ്യശത്രുക്കൾ. പാറുവമ്മയും കഞ്ചിയമ്മയും ഒരുവള്ളെപ്പറ്റ സൂചിപ്പിച്ചുവല്ലോ. ആ മഹാനാ എ

ന്റെ രാജധാനിയിൽ കഷ്ടപ്പെടുന്ന പുരുഷൻ പറഞ്ഞ കോയിപ്പണ്ടാലയും ഒരു ദേഹമാണ്. അദ്ദേഹത്തിന്റെ വിക്രമവൈശിഷ്ട്യത്തെപ്പററി ഇനിയും പറയാം. ഈ പടം നോക്കുക.

രാജാവ് — ഓ! ഇതുതന്നെയാണ് എന്റെ ഇന്നത്തെ തപ്പാൽകെട്ടിലുണ്ടായിരുന്നത്. നിങ്ങളുടെ ആക്രമണത്തിനും കാരണം അതുതന്നെയായിരുന്നു:

തക്ഷകൻ — സ്വാപക്ഷഭയം അഹിഭയമാണെന്നു തെററിധരിച്ചതിനാലാണു ഞങ്ങൾ കോപിച്ചത്. ജനങ്ങൾ അഹിഭയമെന്നു പറയുന്നതും അവിടുന്നു വിശ്വസിക്കുന്നതും ശുദ്ധഅബദ്ധമാണെന്നു സമ്മതിക്കുക, അഹിഭയം മറന്നു സ്വാപക്ഷഭയമെന്ന് എപ്പോഴും ജപിക്കുക. എന്നാൽ അവിടുത്തെ പീഡ ഉടനേ ഒഴിയും.

കമലാക്ഷി — (ഉറക്കത്തിൽ ഞരങ്ങിക്കൊണ്ടു) മഹാരാജാവെ! തക്ഷകന്റെ ചൂണ്ടയോടടുക്കരുതെ!

തക്ഷകൻ — ഈ സത്വം ദീർഘനിദ്രയിൽ കഴിച്ചാലേ തിരുമനസ്സിലേയ്ക്കു സുഖമുണ്ടാകയുള്ളു.

രാജാവ് — ഞാനൊന്നു നിശ്ചയിക്കുമ്പോൾ മുടക്കം പറവാൻ ഇവൾ ഉടൻ പുറപ്പെടുകയായി. ഇനി കേട്ടിട്ടില്ലെന്നു വയ്ക്കുകയേ നിവൃത്തിയുള്ളു. ഇവളെ നേരെ കണ്ടതുതന്നെ ഇന്നാണ്.

തക്ഷകൻ (ഒരു പച്ചില കമലാക്ഷിയുടെ മൂക്കിന്നു നേരെ പിടിച്ചുകൊണ്ട്) ഇനി ഇവളുടെ ശബ്ദം വെളിയിൽ കേൾക്കുകയില്ല. ഈ ശകുനംകെട്ടവൾ ഇന്നാരാണെന്നു ഇവിടുത്തെ വഴിയെ അറിയിച്ചുകൊള്ളാം.

രാജാവ് — സ്വപക്ഷഭയംതന്നെ എന്റെ അഹിഭയം സമ്മതിച്ചു. അതുണ്ടാക്കിയതു ആരാണ്? മുമ്പുള്ള അനുഭവംകൊണ്ടു കോയിപ്പണ്ടാലയാണെന്നു അനുമാനിക്കണം.

തക്ഷകൻ — സംശയമുണ്ടോ? കോയിപ്പണ്ടാലതന്നെ, പടം പരിശോധിക്കുക.

രാജാവ് — ഒരു പൂങ്കാവനം. അതിലിരിക്കുന്ന സുന്ദരാംഗി ആരാണ്?

തക്ഷകൻ മഹാരാജ്ഞി.

രാജാവ് — ചൂണ്ണകുന്തളങ്ങളുടെ ഇടയിൽ കണ്ണുതോടടുത്തുകാണുന്നതെന്താണ്? അരുണപ്രഭയുണ്ടല്ലോ.

തക്ഷകൻ — ശോണിതോജ്വലമായ പിപ്ലുചിഹ്നം.

രാജാവ് — എങ്ങിനെയുണ്ടായി?

തക്ഷകൻ — ബ്രിച്ച്ലോഡറിന്റെ ലാക്ക് അല്പം പിഴച്ചുപോയതുകൊണ്ട്,

രാജാവ് — തോക്കും താങ്ങി മുട്ടുകുത്തി പ്രാർത്ഥനാഭാവത്തിൽ രാജ്ഞിയുടെ പുരോഭാഗത്തിരിക്കുന്നതാരാണ്?

തക്ഷകൻ — കോയിപ്പണ്ടാല.

രാജാവ് — അയാൾ ചുണ്ടുപിതുക്കുന്നതെന്താണ്?

തക്ഷകൻ — കരയുകയാണ്.

"മൂഢത്വത്താൽ പലപിഴകൾ ഞാൻ ചെയ്തുപോയുള്ളതെല്ലാം
പ്രേമസ്വരൂപികൾക്കണിതിലകമേ! നീ പൊറുത്തീടേണം."

എന്നാണ് വിലാപം.

രാജാവ് — പിഴകളെന്നു എന്തിനാണ് പറഞ്ഞത്?

തക്ഷകൻ — ബഹുവചനംകൊണ്ടു നിർദ്ദേശിക്കുന്നതു വാസ്തവമാണ്. ശ്രീപാദംവിചാരിപ്പ് ഉമ്മിണിപ്പിള്ളയും മേനാവുചുമക്കുന്ന പോണൻ ശങ്കുവും സ്വകാര്യംപറയുന്നതുകേട്ടാണ് ഞാൻ മനസ്സിലാക്കിയത്.

രാജാവ് — തറയിലീ രക്തപ്രളയമെന്താണ്?

തക്ഷകൻ — നിവ്യാജം ചക്കിയത്.

രാജാവ് — പക്ഷി എവിടെ? കാണുന്നില്ലല്ലോ.

തക്ഷകൻ — സംസ്കാരക്രിയയുടെ ശേഷമുള്ള പടമാണിത്.

രാജാവ് — കോയിപ്പണ്ടാലയെ വച്ചുംകൊണ്ടിരുന്നാൽ?

തക്ഷകൻ — തേവാരത്തുകോയിക്കൽ പറക്കുന്ന ജാതിക്കു രക്ഷയില്ല.

രാജാവ് — എനിക്കോ?

തക്ഷകൻ — "പൂശകനെക്കണ്ടെലിയെപ്പോലെ" വിറച്ചുകൊണ്ടിരിക്കാം. ഇതാണ് തമ്പിനായ നപക്ഷഭയം.

രാജാവ് — ഉമ്മിണിയും ശങ്കുവുംകൂടാതെ പുതിയ സിൽബന്തി ഒരുത്തൻ വന്നിട്ടുണ്ടെന്നു കേട്ടല്ലോ?

തക്ഷകൻ — ഉണ്ട്. ചെമ്പകൻ. അപ്ലൻനമ്പൂതിരിയുടെ മകൻ. മട്ടപ്പക്കൊട്ടാരം ഹോമിച്ചതവനാണ്.

രാജാവ് — അപ്ലൻനമ്പൂതിരിയുടെ മകനാണെങ്കിൽ അവൻ ചീത്തയാവാനിടയില്ല.

തക്ഷകൻ — അപ്ലൻ ശ്രീപാദത്തിൽ ശക്തിപൂജയാകാമെങ്കിൽ മകന് ഗണപതിഹോമം പാടില്ലേ?

രാജാവ് — ലങ്കാമർദ്ദനം നടത്തിയത് ഈ ക്രൂരരാണെന്നാണോ പറയുന്നതു?

കോ: ത—(അർദ്ധോക്തിയിൽ) ദശകണ്ഠന്റെ ലങ്കയാണു തീപിടിച്ചതു്. അതു സാഹസമായിപ്പോയെന്നു് ആരും പറഞ്ഞു കേട്ടിട്ടില്ല.

തക്ഷകൻ—മാർത്താണ്ഡവർമ്മയുടെ ശത്രുപരമ്പരയ്ക്കു് അന്യമായി ഇപ്പോഴത്തെ പ്രബലന്മാർ ഇവിടത്തെ ബന്ധുവർഗ്ഗങ്ങളാണു്.

രാജാവു—'മിത്രദ്രോഹി' എന്ന ദുഷ്കീർത്തി എനിക്കുണ്ടാകുമല്ലോ.

തക്ഷകൻ—അതിനു വിദ്യ ഞാൻ കണ്ടിട്ടുണ്ടു്. ഇവിടത്തെ മേൽ പഴി ചാരാതിരിക്കാൻ നല്ല ഉപായമാണു്.

രാജാവു്:—പറയൂ.

തക്ഷകൻ—ഇതാ, ഇതു രണ്ടും ധരിച്ചുകൊള്ളുക.

രാജാവു ഹോ! ജടാ! അഗ്നിനേത്രം!

കോ: ത—(ആത്മഗതം) എന്റെ വ്യോമസൗധം ഭസ്മമാകുവാൻ പോകുന്നുവോ?

തക്ഷകൻ:—ഫാലനേത്രവും തുംഗജടയും കൈലാസത്തിൽനിന്നു കടംവാങ്ങിയതാണു്.

രാജാവു്—ഇതു ഞാൻ ധരിക്കുകയില്ല. സംഹാരമൂർത്തിയുടെ ആഭരണം കെട്ടുന്നതു കുലശേഖരപ്പെരുമാക്കന്മാർക്കു് അഴകല്ല.

തക്ഷകൻ:—ഇല്ലെങ്കിൽ ഞാൻതന്നെ ധരിച്ചു് ഇവിടത്തെ ശ്മശാനക്രിയ നടത്തിക്കളയാം.

രാജാവു്—നടത്തിക്കൊള്ളുക. അതുകൊണ്ടു് ശ്രീപത്മനാഭദാസന്റെ ജന്മം അററുപോകട്ടെ!

കോ: ത—(അർദ്ധോക്തിയിൽ) ഈ പുണ്യപുമാന്റെ പാദവിന്യാസം ഏല്ക്കുന്ന അന്നേ എനിക്കു വിഷ്ണുപദം ലഭിക്കുകയുള്ളു.

തക്ഷകൻ—ഇവിടത്തെ പാദവിന്യാസത്താൽ പൂതമാനസനാവാൻ കോയിപ്പണ്ടാലയ്ക്കുതന്നെ ആശയായിരിക്കുന്നു. പിന്നെ ഇവിടത്തേക്കെന്താണു മടി?

രാജാവു്—എന്റെ മുക്തിക്കു വല്ലാ വൃക്ഷത്തിയിട്ടു കോയിപ്പണ്ടാലയ്ക്കു സ്വർഗ്ഗം ലഭിക്കണമെന്നാണോ?

കോ: ത—(ആത്മഗതം) അർഘ്യപാദ്യാദികളാൽ ഈ രാജർഷിയെ സൽക്കരിക്കുന്നതിനു് എനിക്കു സംഗതിയുണ്ടാവണേ!

തക്ഷകന്റെ കണ്ണു ചെമക്കുന്നു; ചുഴന്നു. ഫണങ്ങൾ വിടരുന്നു. മഹാരാജാവിനെ തുറിച്ചുനോക്കുന്നു. തിരുമനസ്സിലെ ബുദ്ധി മരവിക്കുന്നു- കണ്ണു നിലയിൽ നില്ക്കുന്നു; ഞരമ്പുകൾ പെടയ്ക്കുന്നു. ദേഹം ആസകലം ഉഷ്ണിക്കുന്നു; വിയർക്കുന്നു; വിറയ്ക്കുന്നു.

തക്ഷകന്റെ വിഷജ്വാല പരക്കുന്നു. അവന്റെ കരദണ്ഡു തിരുമേനിയെ സ്പർശിക്കുന്നു. അഗ്നിനേത്രവും ജടയും അണിയിക്കുന്നു. തക്ഷകൻ അന്തർദ്ധാനം ചെയ്യുന്നു. തൽക്ഷണം—ഹാ! കടലവിധിയെ! നിന്റെ കഠിനത ക്രമാതീതമാണേ! തിരുമനസ്സിലേക്ക കലികൊള്ളുന്നു; ആടുന്നു; അട്ടഹാസിക്കുന്നു

രാജാവ്:—കോയിപ്പണ്ടാല എവിടെ? കൊണ്ടുപോകട്ടേ! അയ്യാറം പാതാളത്തിൽ പള്ളിക്കൊള്ളട്ടേ!

കോ. ത.—ശ്രീവിശാഖാ!

മഹാരാജ്ഞിത്തിരുമനസ്സിലെ തിരുമംഗല്യം വക്ഷോദേശശിലയിലടിച്ചു ചിതറുന്നു! മാനം പിളരുന്നു! വന്മഴ വീഴുന്നു! ശ്രീപാദം തേവാരം കോയിക്കലുകളെ അന്യോന്യം ബന്ധിക്കുന്ന കനകച്ചങ്ങലയെ അറുക്കുന്നു! ശ്രീപാദം ജലധിയിൽ താഴുന്നു! അതിവേഗത്തിൽ അതിന്റെ പിന്നാലെ പായുന്ന തേവാരത്തുകോയിക്കൽ കൊട്ടാരത്തിനെ വലിയകൊട്ടാരത്തിനോടു ആനച്ചങ്ങലയാൽ കൂട്ടിത്തളച്ചു നിർത്തുന്നു! മഹാരാജ്ഞിയുടെ പുതിയ കഥ വലിയകൊട്ടാരത്തിലെ പള്ളിയറയിൽ എഴുതിത്തുടങ്ങുന്നു. ജടാനേത്രങ്ങളുടെ ശൌര്യം അടങ്ങുന്നു! മഹാരാജാവു തിരുമനസ്സുകൊണ്ടു സ്വപക്ഷഭയം മരണമൊഴിഞ്ഞു ശാന്തമായി പള്ളിക്കൊള്ളുന്നു!

പ്രണയകലഹമദ്ധ്യേ മഹാരാജ്ഞിയെ വിട്ടുപിരിഞ്ഞതിന്റെ ശേഷം കോയിത്തമ്പുരാൻ അനിർവ്വചനീയമായ മനോവ്യാധിയാൽ "ഊണിന്നാസ്ഥ കുറഞ്ഞു നിദ്ര നിശയിങ്കൽ പോലുമില്ലാതെയായി" അഹോരാത്രങ്ങൾ കഴിച്ചുകൂട്ടി. തന്റെ ആലംബനസർവ്വസ്വമായ യുവരാജാവിടനയാകട്ടെ, പ്രാണമിത്രമായ അപ്പൂർന്നമ്പൂതിരിയെ ആവട്ടെ വാത്സല്യഭാജനമായ തുപ്പനുണ്ണിയെയാവട്ടെ കണ്ടു സംസാരിപ്പാൻകൂടി സൌകര്യമില്ലാതായി. മറുമായമില്ലാത്ത കൂറുനിറഞ്ഞ ഉമ്മിണിപ്പിള്ളയും ചോണ്ടൻകാളിയും ചെമ്പകനും പുതിയ ശിക്ഷാനിയമത്തിന്റെ ഇടിയും കുത്തുംഏറ്റു തുടങ്ങിയെന്നു കേട്ടപ്പോൾ തിരുമനസ്സിലെ ആധി പെരുകിത്തുടങ്ങി. കക്കണമല്ല കഷായവുമല്ലാത്തുള്ള അവസ്ഥയിൽ താൻ ഏകാകിയായിപ്പരിണമിക്കത്തക്കവണ്ണം എന്തൊരു അപരാധമാണു ചെയ്തിട്ടുള്ളതെന്നറിയാതെ വിഷണ്ണനായി. പുരാണപുരുഷന്മാർക്ക് അപ്പോഴപ്പോൾ ഉണ്ടാകാറുള്ള ശോകപരിണാമങ്ങൾ തന്റെ യഥാർത്ഥാനുഭവത്തിന് ഉപമയായി തോന്നിയില്ല. തന്റെ ഗഹനമായ ദുഃഖത്തിന്റെ പരിസരങ്ങൾപോലും അനാക്രാന്തങ്ങളായിരുന്ന ഈ സ്ഥിതിയിൽ ദിവസങ്ങൾ നീണ്ടിഴഞ്ഞു കഴിഞ്ഞുകൊണ്ടിരിക്കുമ്പോഴാണ് ഇന്നു വലിയകൊട്ടാരത്തിലെ ആശാവഹമായ തിരുവുള്ളമു

ണ്ടായതു്; ഉള്ളം കളിർത്തു മുഖം കാണിപ്പാനെഴുന്നള്ളിയതു്; ലീലാരണ്യത്തിന്റെ ചിത്രം ഒട്ടപ്പ്യാ കണ്ടതു്; വയററിൽ ഇടിത്തീ വീണതു്; പൊന്നുതമ്പുരാന്റെ രോഗശയ്യയെ പരിചരിച്ചതു്; അദ്ദേഹത്തിന്റെ പരിഭ്രമങ്ങളെ അതിശ്രദ്ധയോടെ ഗ്രഹിച്ചതു്. തിരുവുള്ളശകലങ്ങളെക്കൊണ്ടു സ്വൎഗ്ഗപുരിയിലേക്കു മണിമാടം കെട്ടിപ്പൊക്കിയതു്; പൊട്ടുന്നനവേ തിരുനെററിയിൽനിന്നു ആഗ്നേയാസ്ത്രം പാഞ്ഞതു്; ആശാസൗധം തകൎന്നു വീണതു്; പാതാളത്തിൽ ആണ്ടുപോയതു്; വലിയതമ്പുരാന്റെ സ്വപക്ഷമയം നിങ്ങിയതു്; സൌഖ്യനിദ്രയിൽ വിശ്രമിച്ചതു്.

മഹാരാജാവു തിരുമനസ്സുകൊണ്ടു സ്വപ്നരഹിതമായി ഗാഢനിദ്രയിൽ സുഖിച്ചുപോയെന്നു പറവാൻ സാധിക്കുകയില്ല. എന്നാൽ പള്ളിക്കുറിപ്പുണൎന്നതു് 'കോയിപ്പണ്ടാലയെ' എന്ന ഒരു വിശേഷ ശബ്ദത്തോടുകൂടിയാണു്. കോയിപ്പണ്ടാല ഇമക്കൂട്ടിട്ടില്ല ശ്രീവിശാഖ,നാമത്തെ ശ്വാസോച്ഛ്വാസംചെയ്തുകൊണ്ടു തിരുമനസ്സിലെ പള്ളിമെത്തയുടെ സമീപം സമാധിയിൽ കഴിച്ചതേയുള്ളു.

നല്ലൊരു ലക്ഷദീപം! ശുഭമായ പ്രഭാതം! മഹാരാജാവും കോയിപ്പണ്ടാലയും വലിയകൊട്ടാരത്തിലെ മണിയറയിൽ കണികാണുന്നു! കണിഫലം ഇരുവൎക്കും ശുഭമല്ലെന്നു നിങ്ങളാരാനും വിശ്വസിക്കുമോ? എങ്കിലും ഇരുവരുടെയും നക്ഷത്രങ്ങളുടെ വിപരീതനോട്ടത്താൽ അനന്യസാധ്യമായ ചരിത്രം വേണാട്ടുരാജകുടുംബത്തിൽ ഉത്ഭവിക്കുന്നതാണു പ്രകൃതകണിഫലം!

രാജാവു്:—പെഴകളാൽ വിപ്രതിസാരമഗ്നനോ അഥവാ ശാന്തനോ ആയ കോയിപ്പണ്ടാലയെയാണോ എനിക്കു ഇന്നു കാണ്മാൻ ഭാഗ്യമുള്ളതു?

കോ:— ഈ ശുഭദിനത്തിൽ ഇവിടുത്തെ തിരുമുഖം കണികാണ്മതുകൊണ്ടു് അന്യഥാ കല്പിക്കുകയില്ലെന്നാണു് എന്റെ പ്രതീക്ഷ. ആചാൎയ്യനെ ശപിക്കേണ്ട സന്ദൎഭം അപൂൎവ്വമായിട്ടു കിഴിൽ ഉണ്ടായിട്ടുള്ളു.

രാജാവു്:—ദ്രോണാൎജ്ജുനന്മാരുടെ കഥയ്ക്കു ഇവിടെ പ്രകൃതം എന്തുള്ളു?

കോ: ത—ശോഭാമ്മന്റെ കഥ വളരുമെങ്കിൽ സന്ദൎഭം ഉണ്ടായേക്കാം.

രാജാവു്:—അൎജ്ജുനൻ സ്ഥലത്തില്ലെങ്കിലോ?

കോ: ത—വാതപക്ഷം വച്ചു സഞ്ചരിപ്പാൻ ആത്മാവിനു വിഘാതമില്ല.

രാജാവു്—കോയിപ്പണ്ടാലയുടെ പൌരുഷം സൽപഥങ്ങളിൽ പ്രവൎത്തിക്കുമോ?

കോ: ത—എന്റെ നടത്തയുടെ ഗുണദോഷം മഹാജനങ്ങൾ തീരുമാനിക്കേണ്ടതാണു്.

രാജാവ്:—ഞാൻ വിമർശനം കഴിക്കുന്നതു സമ്മതമാണോ?

കോ: ത—ഇവിടത്തെ സ്ഥാനപ്രഭാവത്തിനു എന്റെ സമ്മതം ലഭിക്കണമെന്നില്ലല്ലോ.

രാജാവ്:—ഇല്ലെങ്കിലും കാര്യാകാര്യം നിങ്ങളോടു് ഇത്തിരി സംസാരിക്കുന്നതുകൊണ്ടു് അസൌകര്യമുണ്ടോ?

കോ: ത—എന്താണസൌകര്യം? എന്റെ സമയവും സൌകര്യവും ഇവിടുത്തേയ്ക്കധീനമല്ലേ?

രാജാവ്:—കോയിപ്പണ്ടാലയ്ക്കു് ഇയ്യിടെ സാഹിത്യപരിശ്രമം ധാരാളമാണല്ലൊ?

കോ: ത—ഭാഷാപോഷണത്തിനു കഴിയുന്ന യത്നം ചെയ്യേണ്ടതല്ലേ?

രാജാവ്:—അനുജൻതമ്പുരാനും സഹായിക്കുന്നുണ്ടല്ലോ? എന്തെല്ലാമാണു നിങ്ങളുടെ പരിശ്രമഫലങ്ങൾ?

കോ: ത—ഭാഷാന്തരീകരണമാണു മുക്കാലേയരയ്ക്കാലും. മലയാളത്തിൽ ഗദ്യഗ്രന്ഥങ്ങൾ ദുർല്ലഭമായിരിക്കുന്ന ദോഷം പരിഹരിക്കണമെന്നാണു് ഉദ്ദേശ്യം.

രാജാവ്:—സാഹിത്യവർദ്ധനയ്ക്കു ഗ്രന്ഥസമാഗമങ്ങളും ആവശ്യമാണോ? ദേഷ്യം തോന്നേണ്ട. ചോദിച്ചുവെന്നേയുള്ളു.

കോ: ത—ദേഷ്യം തോന്നിയാൽ ഫലമുണ്ടോ? അവിവേകികൾക്കു രാജസന്നിധിയിൽ ചുമ്മാ കിടപ്പാൻപോലും സാധിക്കുമോ?

രാജാവ്:—വടക്കേക്കൊട്ടാരത്തിൽ നിഗ്രഹസമാഗമങ്ങൾ നടത്തിയിട്ടുണ്ടോ. കത്തിടപാടുകൾ എന്തെല്ലാമാണു്.

കോ: ത—നിഗ്രഹസമാഗമങ്ങളെക്കൊണ്ടു് ഇവിടുന്നു നിർദ്ദേശിക്കുന്നതെന്താണെന്നു മനസ്സിലാകുന്നില്ല. കത്തിടപാടുകൾ എല്ലാം നിർദ്ദോഷങ്ങളാണു്.

രാജാവ്:—സാഹിത്യസാഗരപാരംഗതനെന്നു നടിക്കുന്ന നിങ്ങൾക്കു ഞാൻ വ്യാഖ്യാനകർത്താവായി തീരണമെന്നില്ല. ഞാൻ നിശ്ചയിച്ചിട്ടുള്ളതു വഴിയേ അറിയിച്ചുകൊള്ളാം. അവിവേകം പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ സമ്മതിച്ചുകൂടേ.

കോ: ത—ഇല്ലെന്നാണു് ഓർമ്മ. അഥവാ ഉണ്ടെങ്കിലും ഇവിടുന്നു ക്ഷമിക്കാതിരിക്കുമോ?

"അകതളിരിലറിവുകുറയുന്നവർക്കോരോമു-
ള്ളജ്ഞാനമൊക്കെ നികത്തേണം ബുധജനം"

രാവു്—"ഗ്രന്ഥകരത്തിലുണ്ടായാൽ മതിയൊല്ല.
ഗ്രന്ഥാക്ഷരം സംഗ്രഹിച്ചേമതിവരൂ"

ഈ പാഠമാലയാണു നിങ്ങൾക്കത്യാവശ്യം. ഓർമ്മശക്തി വർദ്ധിക്കാൻ ഞാൻ യോഗം കുറിക്കാം.

കോ: ത— ആകട്ടെ ഇവിടുന്നു വൈദ്യശാസ്ത്രനിപുണനാണെന്നു മുമ്പറിഞ്ഞിരുന്നില്ല;

രാജാവു—ഇപ്പോഴറിഞ്ഞുവല്ലോ. വലിയകാര്യം. ഇടയ്ക്ക് ഒന്നു ചോദിച്ചുകൊള്ളട്ടെ. അനുജനോടു ഇത്ര ഭക്തിയുണ്ടാവാൻ കാരണം വല്ലതുമുണ്ടോ?

കോ: ത "ഭുവനപതിമമപതിപുരന്ദരപൂജിതൻ
പുണ്യപുരുഷൻ പുരുഷോത്തമൻ പരൻ"

ഇങ്ങനെയുള്ള ഫന്മാരുടെ അന്തഃകരണവിശ്വാസം എന്നെയും ബാധിച്ചിട്ടുണ്ട്. മേൽകൊണ്ടു ഉപന്യസിച്ചിട്ടാവശ്യമില്ല.

രാജാവു— നിങ്ങളുടെ മനഃസ്ഥിതി എത്ര പ്രശംസനീയം! രാജവിലോപത്തിന്റെ അപ്രതിഹതമായ പര്യവസാനം എന്തായിരിക്കുമെന്നു പ്രതീക്ഷിക്കുന്നുണ്ടോ?

കോ. ത — "ഒരുത്തനെത്തന്നെ നിനച്ചിരുന്നാൽ
വരുന്നതെല്ലാമവനെന്നുതോന്നും"

പൂച്ച വെളഞ്ഞച്ചാടിയാൽ ഇവിടുത്തേയ്ക്കു രാജദ്രോഹമായി എന്നെ സംബന്ധിച്ചെടത്തോളം മറിച്ചുതോന്നുന്നുണ്ടെങ്കിൽ ഭവിഷ്യത്തുകളെ പ്രതീക്ഷിക്കാതെ എന്താണു ഗത്യന്തരം? ഭവിതവ്യത അനന്തിലംഘ്യയാണല്ലോ.

രാജാവു്:—എനിക്കു വിശ്വാസയോഗ്യമായ തെളിവുണ്ടെങ്കിൽ—?

കോ: ത—അവിടുത്തെ തെളിവുകളെല്ലാം ഒരു മൂർത്തിയുടെ ഉപദേശങ്ങളാണ്.

രാജാവു്:—പറയാം വിരോധമില്ല.

കോ: ത—അഹിഭയം. "മഹീഭുജാമഹിഭയം സ്വപക്ഷപ്രഭവം ഭയം" ഇത്യമരഃ

"നഷ്ടമതികളായിട്ടമമാത്യന്മാ-
രിഷ്ടംപറഞ്ഞുകൊല്ലിക്കമതോർക്കനി
ഇഷ്ടംപറയുന്ന ബന്ധുക്കളൊരുമ
കഷ്ടകാലത്തിങ്കലില്ലെന്നുനിർണ്ണയം
തന്നുടെ ഉന്നയംകൊണ്ടുവരുന്നതി-
നിന്നു നാമാളല്ലപോകെന്നുചേർപെട്ടു
ചെന്നുസേവിക്കപ്രബലനെബന്ധുക്കൾ"

ഇവിടത്തേക്ക സ്വീകരിപ്പാൻ മനസ്സുണ്ടെങ്കിൽ ശ്രീപാദത്തിന്ന ഹാനിയില്ല.

രാജാവ് — കോയിപ്പണ്ടാല അമരകോശം പഠിപ്പിച്ചതുകൊണ്ട് എനിക്ക സേവകന്മാരില്ലാത്ത കുറവ്വ തീൎന്നുപോയി. ഉമ്മിണിപ്പിള്ളയേയും പോണ്ടൻശങ്കുവിനേയും കൈവശമാക്കേണ്ട ഭാരമേ ബാക്കിയുള്ളൂ. അവർ നല്ല അമാത്യന്മാരാണ്. ലക്ഷ്മീപുരത്തിൽനിന്ന പുറപ്പെട്ടപ്പോഴ കോയിപ്പണ്ടാലയുടെകൂടെ വന്നവരാണോ? കുറേനാളത്തേക്ക എനിക്ക വാസ്തവിക

കോ: ത — കഷ്ടം! "ഒന്നൊഴിയാതെയറിഞ്ഞിരിക്കേണ്ടവനൊന്നുമറിഞ്ഞതേയില്ല നിങ്ങളെന്ന"

ജോവാഞ്ഞുകോയിക്കലെ കുന്തിനെ വിചാരിച്ചെങ്കിലും ഇങ്ങനെ പറയാതിരിക്കണെ!

രാജാവ് — നിങ്ങളുടെ മൂന്നു വൎഷം ഹേതുവായി അനുഭവിക്കേണ്ടിവരുന്ന ഉദ്യോഗങ്ങളിൽ സ്വധുവായ ആ കുന്തിനെ ഇടയിലിട്ട വലയ്ക്കുന്നതെന്തിന്? അതിന്റെ ശ്രേയസ്സിനെ ഉദ്ദേശിച്ചുകാലാനുരൂപമായ ചട്ടവട്ടങ്ങളും ശ്രീപൽകരിക്കുന്നതിന്ന ഞാൻ ഏൎപ്പാടു ചെയ്തിട്ടുണ്ട്.

കോ: ത - എന്നെപ്പറ്റിയുള്ള ചട്ടങ്ങൾ?

രാജാവ് — ഒന്ന്, അനുവദിച്ചുതന്നിട്ടുള്ള അട്ടത്തൂണും വാങ്ങിക്കൊണ്ട് ഒരു പരിധിക്കുള്ളിൽ സ്വസ്ഥമായിട്ടിരിക്കണം. രണ്ട്, "മൃഗയാലോലനായി" രാജ്യത്തിനെ വ്യസനിപ്പിച്ചതിന്ന പശ്ചാത്താപം തോന്നണം. മൂന്ന്; സ്വദേശസേവചെയ്യണം. നാല്; എന്റെ കുടുംബകാൎയ്യങ്ങളിൽ അനാവശ്യമായി ക്ലേശിച്ചു ക്ഷീണിച്ചതുകൊണ്ട് അല്പകാലം നിങ്ങൾ വിശ്രമിക്കണം. എന്റെ അന്തരംഗം മനസ്സിലായോ?

കോ: ത — ഉവ്വ്.

"രാമതുല്യൻ മഹാവഞ്ചിരാമവൎമ്മേന്ദ്രഭൂപാലൻ
കാമദൻകോമളാകാരൻ കാമിനീമാനസേമാരൻ
യാമിനീശാസനൻവീരൻഭൂമിദേവപ്രിയൻധീരൻ
ഭൂരിസേനാപതിവാരൻഭൂജാമേകമാധാരൻ"

ഇങ്ങനെയുള്ള പ്രശംസയ്ക്കൎഹത ഇവിടത്തേക്കതന്നെയാണ്! സഹോദരസ്നേഹത്തിൽ ഇവിടുന്ന ശ്രീരാമനെ അതിശയിക്കുന്നു! അനുഗ്രഹം മെതയടിച്ചുമക്കാരെന്ന അനുവദിച്ചുള്ള ഇവിടുന്നു, കഴമരം ചുൎക്കട്ടെയെന്ന കല്പിക്കാൻ തിരുനാക്ക് ഇളക്കിക്കൊണ്ടിരിക്കയാണ്. ഇവിടത്തെ സ്നേഹപാരവശ്യം അചിന്ത്യം!

രാജാവ് — നിങ്ങൾക്കെല്ലാം തെറ്റിപ്പോയി. സഹോദരസ്നേഹ

ത്തിന്നു പ്രമാണി ഭരതനാണു്. അതുകൊണ്ടാണു പാദുക ശിരസ്സിൽ വഹിച്ചതു്.

കോ: ത—എന്റെ ഭക്തികൊണ്ടു കരിന്ത്രം വഹിക്കാം. എന്നാൽ ഇവിടത്തേയ്ക്കു തൃപ്തിയായില്ലേ?

രാജാവു—കോയിപ്പണ്ടാലയുടെ മനസ്സു കല്യംശമായിരിക്കുന്നതിനാൽ സ്വാസ്ഥജീവിതം കുറേക്കാലത്തേയ്ക്കു അത്യാവശ്യമാണു്.

കോ: ത—എന്തിന്നു കാലം നിർണ്ണയിക്കുന്നു. കല്യംശമല്ലാത്ത കല്യൻ മഹാരാജാവിന്റെ കാലം മുഴുവനുമാകട്ടെ. "നമ്മുടെ തമ്പുരാനോളം ക്ഷമയില്ല മറ്റാർക്കും" എന്നു പ്രജാസമൂഹം ബോധിച്ചുകൊള്ളട്ടെ.

"നാലക്ഷരവും പഠിച്ചു ഗുരുവിൻപാദം തലോടീചിരം
പാലഞ്ചുംമൊഴിതന്നപാംഗവലയിൽ ചാടീട്ടുഴന്നൻചിരം
കോലംകെട്ടുകകോലകങ്ങളിൽനടക്കെന്നുള്ളവേലയ്ക്കിനി-
ക്കാലം പാർക്കുകമാകകൊണ്ടടിയനെച്ചാടിക്കൊലാ ഭൂപതേ"

ഈശ്ലോകം അടിയറവെച്ച നമ്പ്യാരെ ഇപ്പോൾ ഓർമ്മിക്കാതിരിപ്പാൻ തരമില്ല. കോയിക്കൽ എപ്പോഴും പൂമെത്തയല്ലെന്നു അനുഭവമായി.

രാജാവു്—എപ്പോഴും പൂമെത്തയുള്ളേടത്തേക്ക അയപ്പാൻ മുഹൂർത്തം നോക്കിവെക്കാം. യാത്രയാകുന്നതിനുമുമ്പു വിശേഷിച്ചു വല്ലതും പറയാനുണ്ടോ?

കമലാക്ഷി—(പെട്ടെന്നു തലപൊക്കിയിട്ടു) ഇവിടുന്നേ! അരുതു്! സഹായം മുടങ്ങരുതു്!

രാജാവു്—ഛീ!

കോ: ത—വളരെ സന്തോഷം. ആമന്ത്രണവാക്യം മാത്രമേ തിരുമനസ്സറിയിക്കാനുള്ളു.

"സങ്കടം ഞാൻമൂലമുണ്ടാകരുതേതും-
മെങ്കിലോ ഞാനിതാ വേഗേന പോകുന്നു.
പുത്രമിത്രാർത്ഥകളത്രാദികളോടു-
മത്രസുഖിച്ചു സുചിരം വസിക്കനീ".

രാജാവു്—ആശംസയെ ഞാൻ കൃതജ്ഞതാപൂർവ്വം സ്വീകരിച്ചിരിക്കുന്നു.

(കോയിത്തമ്പുരാൻ പോയപ്പോൾ)

"ഭയവുമൊരു വിനയവുമിവനകമാരിനില്ല
പാപിയാരോടുമഷ്ടാത്മാശനിവൻ."

ത്രിവിക്രമാ!

ത്രിവിക്രമൻതമ്പി—ഏറാൻ.

National Library